# ക്രിസ്തു സഹിതരും ക്രിസ്തു രഹിതരും



8.4

സാധു സുന്ദരസിംഗ്

# ക്രിസ്തുസഹിതരും ക്രിസ്തുരഹിതരും

## സാധു സുന്ദരസിംഗ്

വിവർത്തകൻ

**പി. കെ. കുരുവിള**

LIBRARY
15481
ST. ANTONY'S MONASTERY, ALWAYE-KERALA.

ക്രൈസ്തവ സാഹിത്യ സമിതി
മലയാളം ശാഖ
തിരുവല്ലാ

THE CHRISTIAN LITERATURE SOCIETY
Post Box 501, Park Town, Madras-3

Malayalam Branch,
Tiruvalla

CHRISTUSAHITHARUM CHRISTU REHITHARUM
(Malayalam)

By
Sadhu Sundar Singh
Tr. P. K. Kuruvilla

M/248.0
SIN

First Impression—September 1972
Copies 2000

Printed in India at
THE C. M. S. PRESS
KOTTAYAM.

Price Rs. 2·00

# മുഖവുര

എൻെറ സുവിശേഷപ്രസംഗപര്യടനങ്ങളിൽ ലോകത്തിൻെറ വിവിധഭാഗങ്ങളിൽവച്ചു ഞാൻ കണ്ടവരും ജീവിതത്തിൻെറ വിവിധ തുറകളിലുള്ളവരുമായ ക്രിസ്ത്യാനികളുടെയും അക്രൈസ്തവരുടെയും ചില ആത്മീയാനുഭവങ്ങളെപ്പററി ഈ പുസ്തകത്തിൽ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. വ്യക്തിഗതമായ അവരുടെ മതാനുഭവങ്ങളെപ്പററി എന്നോടു പറഞ്ഞിട്ടുള്ള കാര്യങ്ങളുടെയും, കൂടാതെ എനിക്കുതന്നെ സൂക്ഷ്മാന്വേഷണം നടത്തുവാൻ സാധിച്ചിട്ടുള്ള സംഗതികളുടെയും അതിരിനുള്ളിലാണു ഞാൻ നില്ക്കുന്നതു്.

ക്രിസ്തുവോടുകൂടി ജീവിക്കുന്നവരുടെയും, സ്വന്തം മതവിശ്വാസത്തോടു നിഷ്കർഷയായി പററിച്ചേർന്നുനിൽക്കുകയോ അല്ലെങ്കിൽ തങ്ങളുടെ സ്വന്തം ഇച്ഛാശക്തി ജീവിതരീതിയെ നിയന്ത്രിക്കുകയോ ചെയ്യുന്നതുമൂലം ക്രിസ്തുവോടു കൂടാതെ ജീവിക്കുന്നവരുടെയും ജീവിതങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുവാനാണു ഞാൻ ശ്രമിച്ചിട്ടുള്ളതു്. ക്രിസ്തുവോടു കൂടിയല്ലാതിരുന്നപ്പോൾ ഞാനെന്തായിരുന്നുവെന്നും, ക്രിസ്തുവിൻെറ ജീവൽസാന്നിദ്ധ്യം എനിക്കെന്താണു വരുത്തിയതെന്നും ഉള്ള കാര്യങ്ങളിൽ ചില സ്വാനുഭവാംശങ്ങളും ഇതോടുകൂടെ ഞാൻ നൽകിയിട്ടുണ്ടു്.

ക്രിസ്തുവിൻെറ ജീവൽ സാന്നിദ്ധ്യവും അവൻെറ രക്ഷാശക്തിയും മനുഷ്യരുടെ ജീവിതത്തിൽ എന്താണു വരുത്തുന്നതെന്നു ലളിതമായരീതിയിൽ ആഖ്യാനം ചെയ്യുക എന്നുള്ളതാണു് ഈ പുസ്തകരചനയിൽ എൻെറ ലക്ഷ്യം. എന്നെ സംബന്ധിച്ചിടത്തോളം ജീവിക്കുന്ന ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിൻെറയും ശക്തിയുടെയും തെളിവു്, ഈ ലോകത്തിൻെറ തത്വജ്ഞാനത്തിലും അപൂർണ്ണമായ തർക്കശാസ്ത്രത്തിലുമല്ല ഞാൻ കാണുന്നതു്; പിന്നെയോ സത്യക്രിസ്ത്യാനികളുടെ ജീവിതത്തിലും അനുഭവങ്ങളിലുമാണു്. വായനക്കാർ ഈ വസ്തുതകളെ തുറന്ന മനസ്സോടെ സമീപിക്കണം. എൻെറ ജീവിതത്തെയും ലക്ഷക്കണക്കായുള്ള മററുള്ളവരുടെ ജീവിതത്തെയും ധന്യമാക്കിയ "ജീവിക്കുന്ന ക്രിസ്തു"വിനെപ്പററിയുള്ള അനുഭവത്തിലേക്കു വായനക്കാരെ നയിക്കണം—ഇവയാണു് എൻെറ വ്യഗ്രമായ ആഗ്രഹം.

ഉർദ്ദുവിൽനിന്നു് ഇംഗ്ലീഷിലേക്കു ഈ പുസ്തകം തർജ്ജമ ചെയ്യുന്നകാര്യത്തിൽ നൽകിയ സഹായത്തിനുവേണ്ടി ഖരാറിലെ റവ. ററി. ഈ. റിഡിലിനോടു ഞാൻ കടപ്പെട്ടിരിക്കുന്നു.

സുബാതു
ആഗസ്ററു് 1928

സുന്ദരസിംഗ്

## പ്രസാധകക്കുറിപ്പ്

സാധു സുന്ദരസിംഗ് രചിച്ചതും അദ്ദേഹത്തെപ്പററി രചിക്കപ്പെട്ടതുമായ ഗ്രന്ഥങ്ങൾ അനവധിയാണ്. അവ ഭാരതീയ ഭാഷകളിൽ മാത്രമല്ല ചില യൂറോപ്യൻ ഭാഷകളിലും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ക്രിസ്തു സഹിതരും ക്രിസ്തു രഹിതരും എന്ന ഗ്രന്ഥം വർഷങ്ങൾക്കുമുമ്പ് മലയാളഭാഷയിൽ പ്രസിദ്ധപ്പെട്ടത്തിയിരുന്നു. എന്നാൽ അതിൻെറ പരിഷ്കരിച്ച പതിപ്പിനേക്കാളുപരി ഒരു പുതിയ വിവർത്തനമായിട്ടാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു്. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്കു ചാരിതാർത്ഥ്യമുണ്ട്.

തിരുവല്ലാ, പ്രസാധകർ

4–9–72

## അദ്ധ്യായം ഒന്നു്

# ക്രിസ്തു ഇല്ലാത്ത ക്രിസ്തേതരർ

ക്രിസ്ത്യാനികളും ക്രിസ്തേതരരും ഒരുപോലെ ഒരേ ദൈവത്തിൻെറ സൃഷ്ടികളും മക്കളുമാണെങ്കിലും അവർ തമ്മിൽ വ്യത്യാസമുണ്ടു്. ചിലയാളുകൾക്കു ദൈവത്തെപ്പററി ശരിയായ അറിവും ആത്മസാക്ഷാൽക്കാരവുമുണ്ടു്. ദൈവത്തിൻെറ അവതാരമായ യേശുക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിൽ ജീവിക്കുന്നതുമൂലം അവർ ദൈവസാദൃശ്യമുള്ളവരായി രൂപാന്തരപ്പെടുകയും, ജീവൻെറയും നിത്യസൗഭാഗ്യത്തിൻെറയും അവകാശികളായിത്തീരുകയും ചെയ്യുന്നു. മററുള്ളവർ അവക്കു കിട്ടിയ മങ്ങിയ വെളിച്ചത്തിൽ സഞ്ചരിക്കുന്നു. അവരുടെ മനസ്സിനിണങ്ങിയ ആഗ്രഹങ്ങളുടെ പുറകെ നടന്നു സത്യത്തിൽനിന്നു തെററിമാറുകയും, ക്രിസ്തുവിൽ കണ്ടെത്താവുന്ന അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

ക്രിസ്തുവിനെ സ്വായത്തമാക്കിയവരുടെയും അല്ലാത്തവരുടെയും ജീവിതങ്ങൾ തമ്മിലുള്ള വ്യത്യാസമെന്താണെന്നു് ഈ പുസ്തകത്തിൽ പരാമർശിക്കുന്ന പല സംഭവങ്ങൾ പരിശോധിച്ചുനോക്കിയാൽ മനസ്സിലാക്കാം.

വിപുലമായ രീതിയിൽ സുവിശേഷഘോഷണം നടന്നിട്ടുള്ള രാജ്യങ്ങളിലെ ജനങ്ങളുടെ ചിന്താഗതിയിൽ പ്രകടമായ വ്യത്യാസം വന്നിട്ടുണ്ടെന്നുള്ളതു സുവിദിതമായ ഒരു യാഥാർത്ഥ്യമാണു്. ഒരു പക്ഷേ, അവിടങ്ങളിൽ കുറേപ്പേർ നാമമാത്ര ക്രിസ്ത്യാനികളായിരിക്കാം. എന്നാൽ സുവിശേഷപ്രബോധനം ലഭിക്കാത്ത രാജ്യങ്ങളുടെ കാര്യം നോക്കിയാൽ, അപരിഷ്കൃതവും അന്ധവിശ്വാസ

നിർഭരവുമെന്നു മുൻകാലങ്ങളിൽ പരിഗണിക്കപ്പെട്ടിരുന്ന ആ രാജ്യങ്ങളുടെ സ്ഥിതിയിൽ വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല.

## സാക്ഷികൾ

ദൈവം ആരോടും പ്രത്യേകത കാണിക്കാതെ എല്ലാവർക്കും ഒന്നുപോലെയുള്ളവനാകയാൽ, മനുഷ്യരെല്ലാം തന്നെ ദൈവത്തിൻെറ മക്കളാണെന്നു ദൈവവചനം പറയുന്നു. "ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു." (അപ്പോ. പ്രവൃത്തികൾ 10: 35) എന്നാണു ദൈവവചനം പറയുന്നത്.

"തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല" (അപ്പോ. പ്രവൃത്തികൾ 14. 17) എന്നും പറയുന്നു. ദൈവം വെളിപ്പെടുത്തിക്കൊണ്ടിരുന്ന സത്യവെളിച്ചം ജാതികളെ അവങ്കലേക്കു തിരിക്കുവാൻ തക്കവണ്ണം മതിയായതായിരുന്നു. എന്നാലതു നീതിസൂര്യനായ ക്രിസ്തുവിൽക്കൂടെ പിന്നീട് വെളിപ്പെടുത്തപ്പെട്ടിടത്തോളം സമ്പൂർണ്ണമായ സത്യവെളിച്ചമല്ലായിരുന്നു. (മലാഖി 4–2 യോഹന്നാൻ: 1. 9) "ലോകത്തിൻെറ വെളിച്ചം" ഇപ്പോൾ ആഗതമായിരിക്കുന്നതിനാൽ സ്ഥിതിഗതികൾ മാറിപ്പോയി. യഥാർത്ഥ സത്യാന്വേഷികൾ ആ വെളിച്ചത്തിൽ അവനെ പിന്തുടരുവാൻ തുടങ്ങി. സ്വാർത്ഥതമൂലം കണ്ണുകൾ അന്ധമാക്കപ്പെട്ട മററുള്ളവരോ അവനിൽനിന്നു മുഖംതിരിച്ച് ഇരുട്ടിൽ നടക്കുന്നു. (യോഹ: 3. 19—21)

മനുഷ്യന്റെ സത്യാന്വേഷണം അവൻെറ അദ്ധ്യാത്മസ്വഭാവത്തിൻെറ തീവ്രമായ അഭിലാഷത്തെ തൃപ്തിപ്പെടുത്താത്ത കാലത്തോളം അവനു സമാധാനം ലഭിക്കയില്ല. അവൻെറ മനസ്സാക്ഷി ഉണർന്നിരിക്കുന്ന കാലത്തോളം അതിൻെറ തീവ്രമായ ആശയെ അമർത്തുവാൻ സാദ്ധ്യവുമല്ല. ദൈവത്തെ മനഃപൂർവ്വം നിരാകരിച്ചു ഹൃദയാഭിലാഷത്തെ നിഹനിക്കുകയും അന്തരാത്മാവിൻെറ ശബ്ദത്തെ അമർത്തു

കയും ചെയ്യുന്നവർ ഒരു പക്ഷേ അല്പസമാധാനമുള്ളവരായി തോന്നിയേക്കാം; എന്നാൽ അതു മരണത്തിൻെറ സമാധാനമാണ്.

തങ്ങളുടെ ആത്മാവിൻെറ തീവ്രമായ അഭിലാഷം ഉപശമിപ്പിക്കുന്നകാൎയ്യത്തിൽ ക്രിസ്തുവിനെ ലഭിച്ചിട്ടില്ലാത്തവർ (ക്രിസ്തു ഇല്ലാത്തവർ) എത്രമാത്രം വിജയം പ്രാപിച്ചിട്ടുണ്ടെന്നു നോക്കാം.

## ആണിതറച്ച കിടക്ക

കുറെനാളുകൾക്കു മുൻപു ഹരിദ്വാരത്തിൽവച്ച്, കൂൎത്തുമൂൎത്ത ആണികൾ നിരന്നുനില്ക്കുന്ന പലകമേൽ ഒരു സാധു (സന്യാസി) കിടക്കുന്നതു ഞാൻ കണ്ടു. ഞാനദ്ദേഹത്തെ സമീപിച്ചു ചോദിച്ചു: "അങ്ങയുടെ ശരീരമിങ്ങനെ മുറിപ്പെടുത്തി ദണ്ഡിപ്പിക്കുന്നതിൻെറ ലക്ഷ്യമെന്താണ് ?"

"അങ്ങ് ഒരു സാധുവായിട്ടുപോലും ഇതൊന്നുമറിയാൻ പാടില്ലേ? ഉഗ്ര വ്രതവും ശരീരപീഡനവുംകൊണ്ടുള്ള ഇന്ദ്രിയനിഗ്രഹമാണിതു്. ഇങ്ങനെയാണു ഞാൻ ദൈവാരാധന നടത്തുന്നതു്. എൻെറ അകൃത്യങ്ങളും ദുഷ്ട വികാരങ്ങളും മൂലം ഞാനനുഭവിക്കുന്ന വേദനയേക്കാൾ എത്രയോ കുറഞ്ഞതാണു മുള്ളാണികൾ കുത്തിക്കയറുമ്പോഴുള്ള വേദന. അഹംചിന്തയിൽനിന്നുത്ഭൂതമാകുന്ന ആസക്തികൾ നശിപ്പിച്ചു മുക്തി പ്രാപിക്കണമെന്നുള്ളതാണെൻ്റെ ലക്ഷ്യം. ഞാൻ ചോദിച്ചു: "അങ്ങ് ഈ അനുഷ്ഠാനം തുടങ്ങിയിട്ട് എത്രനാളുകളായി ? ലക്ഷ്യസാദ്ധ്യത എത്തുമാത്രം വിജയപ്രദമായി ?" മറുപടി: " പതിനെട്ടു മാസങ്ങൾക്കു മുൻപാണു ഞാനിതു തുടങ്ങിയതു്. ഇതുവരെ ലക്ഷ്യം പ്രാപിച്ചിട്ടില്ല. ഒരു ഹ്രസ്വകാലഘട്ടം കൊണ്ടതു സാദ്ധ്യവുമല്ല. ലക്ഷ്യസാദ്ധ്യത്തിനായി അനേകവർഷങ്ങൾ, യഥാൎത്ഥത്തിൽ അനേക ജന്മങ്ങൾ വേണ്ടിവരും." സ്വന്തയത്നം കൊണ്ടു മുക്തിപ്രാപിക്കാനുള്ള എൻെറ യത്നങ്ങൾ പരാജയപ്പെട്ടതും, അസ്വസ്ഥമായ എൻെറ ആത്മാവിനെ യേശുക്രിസ്തു ഒരു നിമിഷം കൊണ്ടു ശാന്തമാക്കി യഥാൎത്ഥ സമാ

ധാനം എനിക്കു നൽകിയതും, സാധുവാകട്ടെ (അദ്ദേഹം) അതിനുവേണ്ടി അനേകജന്മങ്ങൾ സ്വയം ഉഗ്രപീഡനത്തിനു വിധേയമാകുന്നതുമൊക്കെ ഞാനദ്ദേഹത്തോടുപറഞ്ഞു.........ഞാൻ തുടർന്നു: "ഈ ജന്മത്തിൽ അങ്ങു വിജയിക്കുകയില്ലെങ്കിൽ, ഇനിയൊരു ജന്മത്തിൽ വിജയം ലഭിക്കുമെന്നുള്ളതിന്നു തെളിവെന്താണ്? ഞാൻ സ്വയം വിലപ്പെട്ടവനോ അർഹിക്കുന്നവനോ അല്ലെങ്കിലും ക്രിസ്തുവിന്റെ കൃപയും കാരുണ്യവുംമൂലം എന്റെ പാപങ്ങളുടെയും ദുഷ്ടവികാരങ്ങളുടെയും പരീക്ഷകളുടെയും വേദനകളിൽനിന്നു ഞാനിപ്പോൾ വിമോചിതനാണ്. എന്റെ പാപങ്ങൾ മാത്രമല്ല, ലോകത്തിന്റെ മുഴുവൻ പാപങ്ങളും ചുമക്കുവാൻ കഴിയുന്ന ക്രിസ്തുവിനു ഞാൻ പരിപൂർണ്ണമായി കീഴടങ്ങിയിരിക്കുന്നു. (യോഹ. 1. 29) പാപരഹിതനായ അവന്റെ കൈകളും കാലുകളും ആണികളാൽ തുളയ്ക്കപ്പെട്ടതുമൂലം—അവൻ ബലിയായിത്തീർന്നതുമൂലം, നാം പാപത്തിൽനിന്നും അതിന്റെ ഭവിഷ്യത്തുകളിൽനിന്നും രക്ഷിക്കപ്പെട്ടിരിക്കുന്നു."

അദ്ദേഹമിതു കേട്ടപ്പോൾ, അതു സമ്മതിക്കുവാൻ യാതൊരു ശ്രമവും നടത്താതെ കേവലമിങ്ങനെ പറഞ്ഞു: രക്ഷ (മോക്ഷം) സൗജന്യമായി ലഭിക്കുമെന്ന് ഒരിക്കലും ഞാൻ വിശ്വസിക്കയില്ല. അതും ഒരു ഹ്രസ്വകാല ജീവിതംകൊണ്ടു സാദ്ധ്യവുമല്ല."

ക്രിസ്തുവിലുള്ള ജീവിതമെന്താണെന്നനുഭവില്ലാത്തവക്ക്, അതു മനസ്സിലാക്കുന്നതിനോ അതു ശരിയാണെന്നു സമ്മതിച്ചുതരുന്നതിനോ എന്തു പ്രയാസമാണ്!

## തല കീഴായിക്കിടക്കുക

ഞാൻ വേറൊരു സന്യാസിയെകണ്ടു. കാലിൽ കെട്ടിയിരിക്കുന്ന കയറിന്റെ മറെറയററം മരക്കൊമ്പിൽ കെട്ടി തലകീഴോട്ടായി തൂങ്ങിക്കിടക്കുന്നു. അവിടെനിന്നു ഞാൻ മാറിപ്പോയി. തിരിച്ചുവന്നപ്പോൾ അദ്ദേഹം കെട്ടഴിച്ചു

കളഞ്ഞു വിശ്രമിക്കയാണ്. ഇത്ര ഉഗ്രപീഡനത്തിൻെറ ഉദ്ദേശ്യവും കാര്യസാദ്ധ്യതയുമെന്താണെന്നു ഞാനദ്ദേഹത്തോടു ചോദിച്ചു. മറുപടി "ഈയവസരത്തിൽ എന്തെങ്കിലും പറയുവാൻ എനിക്കു തോന്നുന്നില്ല. അങ്ങ് എന്നെപ്പോലെയൊരു സാധുവാകയാൽ എൻെറ ലക്ഷ്യമെന്താണെന്നു ചുരുക്കിപ്പറയാം. സ്രഷ്ടാവുതന്നെ മനുഷ്യരെല്ലാവരെയും മാതൃഗർഭത്തിൽ തലകീഴോട്ടായിട്ടാണല്ലോ കിടത്തിയിരിക്കുന്നതു്. അപ്പോൾ ഞാനിങ്ങനെ തലകീഴായിട്ടു തൂങ്ങിക്കിടക്കുന്നതിൽ ആളുകളെന്തിനത്ഭുതപ്പെടുന്നു? എൻെറ ദൈവോപാസനയും ഉഗ്രതപവും ഞാനിങ്ങനെയാണു നിർവ്വഹിക്കുന്നതു്. ഇങ്ങനെ ചെയ്യുന്നതു ലോകദൃഷ്ടിയിൽ മറയത്തരമായിത്തോന്നിയേക്കാം. അകൃത്യങ്ങളിൽ നാം കുരുങ്ങിയിരിക്കുന്നകാലത്തോളം, ലോകദൃഷ്ടിയിൽ നാം തല മുകളിലും പാദം കീഴിലുമായിട്ടാണു നടക്കുന്നതെങ്കിലും, ദൈവദൃഷ്ടിയിൽ നാം തല കീഴായിട്ടാണു കിടക്കുന്നതെന്നു എന്നെത്തന്നെയും മററുള്ളവരെയും ഓർമ്മിപ്പിക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. ദൈവമുമ്പാകെ ഞാൻ തല മുകളിലായിട്ടാണു നില്ക്കുന്നതെന്നു സ്വയം തൃപ്തനാകുന്നതുവരെ ബാഹ്യമായും ആന്തരമായും ഒരു രൂപാന്തരം വരുത്തുവാനാണ് എൻെറ ശ്രമം."

ഞാൻ പറഞ്ഞു: "അങ്ങയുടെ ധാരണകൾ വിചിത്രമായിരിക്കുന്നു. ലോകവും അതിൻെറ സമ്പ്രദായങ്ങളും കീഴമേൽ മറിഞ്ഞാണു കിടക്കുന്നതെന്നു സമ്മതിക്കാം. എന്നാൽ ലോകത്തിൻെറ കീഴമേൽ മറിഞ്ഞ സമ്പ്രദായങ്ങൾ നാമവലംബിക്കരുതു്. പാപബന്ധങ്ങളിൽനിന്നു നമ്മുടെ സ്വന്തം ശ്രമം കൊണ്ടു് എങ്ങനെയാണു മോചനം ലഭിക്കുന്നതു്? അതു നമ്മുടെ ശക്തിക്കപ്പുറമുള്ള ഒരു വൻ കാര്യമാണ്. നമ്മുടെ പാപങ്ങളിൽനിന്നു വിട്ടുതൽ നല്കുവാൻ വേണ്ടി സ്നേഹവാനായ ദൈവം മനുഷ്യനായിത്തീർന്നു. അവൻ രക്ഷിക്കുകയും സ്വതന്ത്രരാക്കുകയും ചെയ്തവരെ, ലോകം നേരെയാക്കുവാൻ വേണ്ടി അവൻ ആയുധമായി ഉപയോഗിക്കുന്നു." ഇനി സംഭാഷണം മുമ്പോട്ടു തുടരേണ്ടാ എന്നു സാധു സൂചന നൽകുകയാൽ ഞാനവിടംവിട്ടു പോന്നു.

ഒരു കാര്യം തീർച്ചയാണ്. ഭയങ്കരമായ ശരീരപീഡനം അദ്ദേഹം സ്വയം അനുഭവിക്കുന്നുവെങ്കിലും, ജീവിതത്തിൽ എന്തെങ്കിലും രൂപാന്തരം വരുത്തുന്നതിനോ സംതൃപ്തിയും സമാധാനവും കൈവരിക്കുന്നതിനോ അദ്ദേഹത്തിനു സാധിച്ചിട്ടില്ല.

## ആശയില്ല

ഞാൻ വേറൊരു സന്യാസിയെ കണ്ടു. അദ്ദേഹം വേനൽക്കാലത്തു പഞ്ചാഗ്നിമദ്ധ്യത്തിലിരുന്നും (നാലു ചുററിലും തീയും മുകളിൽ സൂര്യനും) ശീതകാലത്ത് അനേക മണിക്കൂറുകൾ തണുത്ത ജലത്തിൽനിന്നും തപം ചെയ്യുന്നു. അദ്ദേഹത്തിൻെറ മുഖത്തു വ്യസനവും നിരാശയും പ്രതിബിംബിച്ചിട്ടുണ്ട്. എൻെറ കൂടെയുണ്ടായിരുന്ന ഒരാൾ വളരെ സഹതാപത്തോടെ അദ്ദേഹത്തോടു ചോദിച്ചു: "അങ്ങ് കഴിഞ്ഞ അഞ്ചു കൊല്ലങ്ങളായി ഇങ്ങനെ ശരീരപീഡനം നടത്തുന്നുണ്ടല്ലോ. ഈ ജീവിത സമ്പ്രദായത്തിൽനിന്ന് അങ്ങെന്താണു പഠിച്ചതെന്നു പറയാമോ? അതിൽനിന്നെന്തെങ്കിലും ഗുണം ലഭിച്ചിട്ടുണ്ടോ?" മറുപടി: "ഈ ജന്മത്തിൽ എന്തെങ്കിലും ഗുണം വരുമെന്ന് എനിക്കാശയില്ല. അടുത്ത ജന്മത്തെപ്പററി ഒന്നും പറയാനും സാദ്ധ്യമല്ല. ഇത്രയുമെ ഇതേപ്പററി എനിക്കു പറയാനുള്ളു."

## ഉണങ്ങിവരണ്ട കൈ

ഒരിക്കൽ ഞാൻ ഋഷികേശത്തിലെ കാടുകളിൽ ഏതാനും ദിവസങ്ങൾ ചെലവഴിക്കാനിടയായി. അവിടെ അനേകം സന്യാസിമാരുണ്ടായിരുന്നു. ഗംഗാനദീതീരത്തു തപോനുഷ്ഠാനം നടത്തുന്ന ഒരു സന്യാസിയുടെ ചുററിലും അനേകം പേർ ഇരിക്കുന്നതു കണ്ടു. ഈ സന്യാസി തൻ്റെ ഒരു കൈ തലയ്ക്കു മുകളിൽ പൊക്കിപ്പിടിച്ചിട്ടുണ്ട്. അകലെ നിന്നു നോക്കിയപ്പോൾ, അദ്ദേഹം കൈ പൊക്കി ജനങ്ങളെ ആശീർവ്വദിക്കുകയാണെന്നു തോന്നി. എന്നാൽ, അദ്ദേഹത്തിൻെറ കൈയുടെ അസ്ഥികൾ ആ നിലയിൽ ഉറച്ചുപോ

യെന്നും കൈ താഴ്ത്തുവാൻ നിവൃത്തിയില്ലെന്നും അടുത്തുവ ന്നപ്പോളെനിക്കു മനസ്സിലായി. ജനങ്ങളോടുള്ള അദ്ദേഹ ത്തിന്റെ പ്രഭാഷണമവസാനിച്ചപ്പോൾ, കൈ ഇങ്ങനെ താഴ്ത്തുവാൻ വയ്യാത്തവിധം ഉണങ്ങിപ്പോയതിന്റെ കാരണ മെന്താണെന്നു ഞാനാരാഞ്ഞു. യുദ്ധത്തിൽ ഒരു ശത്രുവിനെ ജയിച്ച മാതിരിയിലുള്ള അഭിമാനത്തോടെ അദ്ദേഹം പറ യുകയാണ്: "സാർ, ഈ കൈകൊണ്ടു ഞാനനേകം മോ ഷണകൃത്യങ്ങൾ ചെയ്തിട്ടുണ്ട്, അനേകരെ തല്ലിയിട്ടുണ്ട്. എന്നാൽ ഒരു ദിവസം, എന്റെ ജീവിതത്തിന്റെ അടി സ്ഥാനം തന്നെ കുലുങ്ങത്തക്ക വിധത്തിലുള്ള ഒരു ഞെട്ട ലുണ്ടായി; പഴയ ജീവിതരീതി ഞാൻ അപ്പാടെ പരിത്യജിച്ചു. ഒന്നുകിൽ ഈ കൈ വെട്ടിക്കളയണം, അല്ലെങ്കിൽ അതു പ്രയോജനശൂന്യമാക്കണം—അങ്ങനെ അതർഹിക്കുന്ന ശിക്ഷ നൽകണം എന്നു ഞാൻ തീരുമാ നിച്ചു. ഞാനെന്റെ ഗുരുവുമായി കൂടിയാലോചിച്ചു. അ ദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച്, കൈ വരണ്ടു ണങ്ങി ഇപ്പോഴത്തെപ്പോലെ ചലനരഹിമാകുന്നതുവരെ കൈ പൊക്കിപ്പിടിച്ചുകൊണ്ടേയിരിക്കുന്നു. അതിൽ ഞാനഭിമാനം കൊള്ളുന്നു...."

ഞാൻ മറുപടി പറഞ്ഞു: "അങ്ങയുടെ ധൈര്യ ത്തെയും സദുദ്ദേശത്തെയും ഞാനഭിനന്ദിക്കുന്നു. പക്ഷെ, ദൈവം തന്ന ഒരു ദാനം ഇങ്ങനെ നശിപ്പിക്കുന്നതിൽ ഞാൻ ഖേദിക്കുന്നു. ഈ കൈ നശിപ്പിക്കുന്നതിനു പകരം, മററുള്ളവരെ സഹായിക്കുവാൻ വേണ്ടി അതുപ യോഗിക്കാമായിരുന്നു. അങ്ങുമൂലം ഉണ്ടായ നഷ്ടത്തിന് അങ്ങനെ പരിഹാരം ചെയ്യാമായിരുന്നു. അങ്ങയുടെ കൈ നശിപ്പിക്കുന്നതിലല്ല പിന്നെയോ അതു പരസ ഹായാർത്ഥം വിനിയോഗിക്കുന്നതിലാണ് യഥാർത്ഥ ധൈ ര്യവും വിജയവുമിരിക്കുന്നത്. "വലങ്കൈ നിനക്കിടച്ച വരുത്തുന്നുവെങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക..." (മത്തായി 5 : 30) എന്ന് എന്റെ ഗുരുവായ യേശുക്രി സ്തുവും പറഞ്ഞിട്ടുണ്ട്. പാപം ചെയ്യുന്നതിനുള്ള ഉപകര ണങ്ങൾ ഹൃദയത്തിൽനിന്നു നീക്കിക്കളയണമെന്നാണതി

ന്റെയത്ഥം; ഭാവിയിൽ പാപം ചെയ്യുന്നതിനു് അവനിദാനമായിത്തീരരുതു്.''

ഞാനിതു പറഞ്ഞു തീരുന്നതിനുമുൻപു് ഉഗ്രകോപത്തോടെ അദ്ദേഹം എൻെറ നേരെ ചാടിവീണു. കൈ സ്വാധീനമായിരുന്നുവെങ്കിൽ തീച്ചയായും അദ്ദേഹമെന്നെ അടിക്കുമായിരുന്നു. അംഗക്ഷതം വരുത്തിയതു വെറും നിഷ്പ്രയോജനമാണെന്നു ഞാൻ കുറെക്കഴിഞ്ഞു ഭവ്യമായി അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹത്തിൻെറ ഹൃദയചിന്താഗതി മാററിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ആ ചിന്താഗതിയാണല്ലോ കൈയുടെ പ്രവത്തനത്തിനു പുറകിലുള്ളതു്. ദൈവോദ്ദശ്യം സ്വജീവിതത്തിൽ സഫലീകരിക്കത്തക്കവിധം ആ കൈകൾ ചലിക്കാമായിരുന്നു.

## മൗനവ്രതം

ജനങ്ങൾ മണിബാവാ എന്നു വിളിക്കുന്ന ഒരു സന്യാസിയെ കാണുവാനായി ഞാൻ അടുത്ത ദിവസം പോയി. ഏതാനും വഷക്കാലത്തേക്കു മൗനം പാലിക്കുമെന്നു് അദ്ദേഹം വ്രതമെടുത്തിട്ടുണ്ടു്. അദ്ദേഹം യഥാത്ഥത്തിൽ ഒരു സത്യാന്വേഷിയായിരുന്നു. കഴിഞ്ഞ ആറു വഷങ്ങളായി അദ്ദേഹം ഒരൊററ വാക്കു പോലും ഉരിയാടിയിട്ടില്ല. എൻെറ ചോദ്യങ്ങൾക്കു് അദ്ദേഹം ഒരു സ്ലേററിൽ മറുപടി എഴുതിക്കാണിച്ചു.

ചോദ്യം: ''സംസാരിക്കുന്നതിനും, ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ആരാധിക്കുന്നതിനും, ആദ്ധ്യാത്മിക കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനും വേണ്ടിയാണല്ലോ ദൈവം അങ്ങേയ്ക്കു നാവു തന്നിരിക്കുന്നതു്. ഈ ദൈവദാനം അങ്ങുപയോഗിക്കാത്തതെന്താണു്? അങ്ങു് നിശ്ശബ്ദനായിരിക്കണമെന്നാണു ദൈവം ഇച്ഛിച്ചതെങ്കിൽ, ദൈവം അങ്ങയെ മൂകനായി സൃഷ്ടിക്കുമായിരുന്നു; ഒരു നാവു തരികയില്ലായിരുന്നു.''

ഒട്ടും അഹങ്കാരഭാവമില്ലാതെ അദ്ദേഹം മറുപടിയെഴുതി. ''നിങ്ങൾ പറയുന്നതു ശരിയാണു്. ഒരു നല്ല

ACHARYA PALACKAL JEEVAS KENDRA LIBRARY

വാക്കു പോലും എന്റെ വായിൽനിന്നു വരാത്തവിധ ത്തിൽ എന്റെ സ്വഭാവം അത്ര ചീത്തയാണ്. ഞാൻ കള്ളം പറയുമായിരുന്നു. മററുള്ളവരുടെ വികാരങ്ങൾക്കു ക്ഷതം വരത്തക്കവിധം ഞാൻ സംസാരിക്കുമായിരുന്നു. ഇപ്പോഴിതാ ആറു കൊല്ലമായി ഞാൻ സംസാരിക്കാറില്ല. എന്നാൽ ഇതുവരെ എന്റെ ലക്ഷ്യം സാധിച്ചിട്ടില്ല. സംസാരിക്കാതിരിക്കുന്നതാണു നല്ല വാക്കുകൾ പറയാൻ കഴിയാത്തതിനേക്കാളുത്തമം. ഇതുവരെ എനിക്കു വര മൊന്നും ലഭിച്ചിട്ടില്ല. ജനങ്ങൾക്കു നൽകുവാനായി എ നിക്കു യാതൊരു പ്രത്യേക ദൂതുമില്ല. അതിനാൽ മൗനമാ ണെനിക്കുത്തമം....." കുറച്ചുകൂടി പരസ്പരം ആശയവിനി മയം നടത്തിയശേഷം ഞാനദ്ദേഹത്തിനു സുവിശേഷ ത്തിന്റെ ഒരു പ്രതി നൽകി. അദ്ദേഹമതു കൃതജ്ഞതാപൂ രസ്സരം വാങ്ങുകയും, ശ്രദ്ധാപൂർവ്വം വായിക്കാമെന്നു വാക്കു തരികയും ചെയ്തു.

## ഒരു സന്യാസി

ബനാറീസിൽ (കാശി) വച്ച് ഒരു ദിവസം അഭ്യസ്ത വിദ്യനായ ഒരു ഹിന്ദുസന്യാസിയോടു ഞാൻ സംസാ രിക്കയുണ്ടായി. സംഭാഷണമദ്ധ്യേ അദ്ദേഹം പറഞ്ഞു: "സന്യാസികളും സാധുക്കളുമായിത്തീരേണ്ട പ്രക്രിയയ്ക്കു പഴയകാലത്തു നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ എത്ര പ്രശം സനീയമാണ്! ആദ്യം ബ്രഹ്മചര്യം (വിദ്യാർത്ഥികാലം), പിന്നെ ഗൃഹസ്ഥം (കുടുംബജീവിതം), അതുകഴിഞ്ഞു വാന പ്രസ്ഥം (കുടുംബപ്രാരബ്ധങ്ങളിൽനിന്നു വിട്ടുമാറി നിൽ ക്കുക), ഒടുവിൽ സന്യാസം (സർവ്വസംഗപരിത്യാഗം) എന്നി ങ്ങനെ നാലവസ്ഥകൾ. എന്നാൽ നിങ്ങളവലംബിച്ചിരി ക്കുന്ന നില വളരെ വിചിത്രമാണ്–യൌവനത്തിൽ തന്നെ ഒരു സന്യാസിയായിത്തീർന്ന നില.) ഞാൻ: "അങ്ങു പറ ഞ്ഞതായ നിയമങ്ങളെ എതിർക്കുന്നില്ല. സന്യാസം എന്ന് അങ്ങ് പരിഗണിക്കുന്നതിൽ നിന്നു വിഭിന്നമായരീതി യിലാണു ഞാനൊരു സാധുവായിത്തീർന്നത്. ഞാനൊ രു സന്യാസിയായതു് അതിലെന്തെങ്കിലും ഗുണമുണ്ടെന്നു

കണ്ടിട്ടോ അതുമൂലം രക്ഷ ലഭിക്കുന്നതിനു വേണ്ടിയൊ അല്ല. ലൗകികബാദ്ധ്യതകളിൽ നിന്നകന്നു് ഒരു സന്യാസിയുടെ ലളിതരീതിയിൽ, 'തൻെറ കൃപ'യാൽ എന്നെ രക്ഷിച്ച ദൈവത്തെ സേവിക്കണമെന്നുള്ളതാണെൻെറ ലക്ഷ്യം. എനിക്കുവേണ്ടി സ്വജീവൻ നല്കിയ ദൈവത്തെ എനിക്കു ബലവും ശക്തിയുമുള്ള യൌവനകാലത്തു തന്നെ സേവിക്കുന്നതല്ലയൊ നല്ലതു്? പഴുത്തുതുടുത്ത ഒരു മാമ്പഴത്തിനു പകരം ചാറുവലിച്ചെടുത്തു വെറും അണ്ടിയും തൊലിയുമായ ഒരു മാമ്പഴം ശിഷ്യന്മാരിലൊരാൾ അങ്ങേയ്ക്കു തരുന്നപക്ഷം അങ്ങു് എന്തു പറയും?"

മറുപടി: "അതു് അക്ഷന്തവ്യമായ ഒരു പ്രവൃത്തിയാണു്; അങ്ങേയററത്തെ വിഡ്ഢിത്തവും ആക്ഷേപകരവും"

ഞാൻ: "യൌവനകാലം സുഖാനുഭവങ്ങൾക്കുവേണ്ടി നാം ദുരുപയോഗപ്പെടുത്തുകയും വയസ്സുകാലത്തെ ദുർബ്ബല ഘട്ടത്തിൽ, പഴയ നല്ല കാലത്തിൻെറ എല്ലും തൊലിയും മാത്രം ദൈവത്തിനു നല്കുകയും ചെയ്യുന്നതു്, അക്ഷന്തവ്യമായ വിധം മര്യാദകേടും ആക്ഷേപവും നിറഞ്ഞ ഒരു പാപമല്ലേ?"

മറുപടി: "മററുള്ളവരുടെ മുക്തികാര്യത്തിൽ നമുക്കെന്താണു ബന്ധം? ഓരോരുത്തനും അവനവൻെറ മുക്തിക്കു വേണ്ടി ശ്രമിക്കണം. സുഖം, കോപം, ദൈവോപാസന,... ഇവയെല്ലാന്നും അർത്ഥമില്ല. മുക്തി നമ്മുടെ 'കർമ്മ'ത്തെ മാത്രമാശ്രയിച്ചാണിരിക്കുന്നതു്."

ക്രിസ്തുവിൻെറ കനകോപദേശം ഇതിനെക്കാൾ എത്ര നല്ലതാണു്! "നിൻെറ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം—കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഇവയിൽ വലുതായിട്ടു് മറെറാരു കല്പനയും ഇല്ല. (മർക്കൊ. 12: 30–31). ഈ തത്വം അംഗീകരിക്കുന്ന പക്ഷം നാം സ്വാർത്ഥമതികളായിത്തീരുന്നതല്ല. ദൈവവും നാമും തമ്മിൽ പിതൃപുത്രബന്ധമുണ്ടാകുന്നതാണു്. നാമെല്ലാവരും തന്നെ യഥാർത്ഥ സഹോ

ദര സഹോദരികളാകയും ചെയ്യും. ദൈവരാജ്യത്തെയും രക്ഷയെയും പററിയുള്ള സുവിശേഷ പ്രബോധനത്തിന്റെ ഒരു രത്നച്ചുരുക്കമാണ് ഈ വാക്യങ്ങളിൽ കാണപ്പെടുന്നതു്.

മററു മനുഷ്യരിൽ നിന്നു ഭിന്നരായി, അദ്ധ്യാത്മികവും മതപരവുമായ കാര്യങ്ങൾക്കു വേണ്ടി മാത്രം തങ്ങളുടെ മുഴുവൻ സമയവും സമർപ്പിച്ചിട്ടുള്ള ഏതാനും സന്യാസിമാരുടെ കാര്യമാണല്ലോ നാമിതുവരെ കണ്ടതു്. എന്നാൽ ലക്ഷക്കണക്കിനുള്ള മററു ഹിന്ദുക്കൾക്കും ഇതിനു സമാനമായ ഒരു വിശ്വാസമാണുള്ളതു്. മഹാത്മഗാന്ധിയെപ്പോലെയുള്ള നേതാക്കന്മാർ പോലും തങ്ങൾക്കു് ആത്മസാക്ഷാത്കാരം ലഭിക്കുന്നില്ല എന്നു സമ്മതിച്ചിരിക്കുന്നു. മഹാത്മജിയുടെ ആത്മകഥയിൽ പറയുന്നതിപ്രകാരമാണു്. "ഞാനിതുവരെ ദൈവത്തെ കണ്ടെത്തിയിട്ടില്ല. ഇപ്പോഴും ഞാൻ ദൈവത്തെ അന്വേഷിച്ചുകൊണ്ടിരിക്കയാണു്..."

## സ്വരാജ്യവാദി

സ്വന്തമതത്തിൽക്കൂടെയൊ സ്വന്തം യത്നങ്ങളിൽക്കൂടെയൊ ഹൃദയസമാധാനം ലഭിക്കാത്തവർ പ്രായേണ ആദ്ധ്യാത്മികകാര്യങ്ങളിൽ അനാസ്ഥരാകുകയൊ ഒരു പക്ഷെ മതത്തെ അപ്പാടെ പരിത്യജിക്കുകയൊ ചെയ്യാനിടയുണ്ടു്. *'സ്വരാജി'നു വേണ്ടി വാദിക്കുന്ന ഒരു നേതാവു് എന്നോടിങ്ങനെ പറഞ്ഞു: "ഹൈന്ദവമതഗ്രന്ഥങ്ങൾ വായിക്കുന്നതു വരെ ഞാൻ ഹിന്ദുമതത്തിൽ ദൃഢമായി വിശ്വസിച്ചിരുന്നു. മതഗ്രന്ഥങ്ങൾ പഠിച്ചതിനുശേഷം, എനിക്കു് മതമേ ഇല്ലാതായി. വേദങ്ങളും ഇതര ഗ്രന്ഥങ്ങളും ഞാൻ പരിശോധിച്ചുനോക്കിയതിൽ എനിക്കു ലഭിക്കുമെന്നു് പ്രതീക്ഷിച്ചതായ ഉപദേശങ്ങളൊന്നും കിട്ടിയില്ല. അവയിലെ പരസ്പരവിരുദ്ധമായ ആശയങ്ങൾ എന്നിൽ ചിന്താക്കുഴപ്പമുണ്ടാക്കിയിട്ടുണ്ടു്. എന്നെപ്പോലെ മററനേകം

---

* ഇന്ത്യക്കു് സ്വാതന്ത്ര്യം ലഭിക്കുന്നതിനു് മുമ്പാണിതെഴുതിയതു്.

ഹിന്ദുക്കളും അദ്ധ്യാത്മനിശ്ശബ്ദതയിലായിട്ടുണ്ട്. മതത്തിൽ നിന്നു പാടെ പിന്മാറി നാം സ്വരാജ്യസമ്പാദനം ലക്ഷ്യമാക്കണമെന്നാണ് എൻെറ അഭിപ്രായം. 'മായ' എന്ന തത്വമുദ്ഘോഷിക്കുന്ന മതം, നൂററാണ്ടുകളായി നമ്മെ അടിമത്തത്തിലാഴ്ത്തിയിരിക്കുന്നു. ഈ അടിമത്തത്തിൽ നിന്നു മോചനം പ്രാപിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു."

ഞാൻ: "പാപത്തിൻെറ അടിമത്തം, മറെറല്ലാ അടിമത്തത്തെക്കാളും എത്രയൊ അധികം ചീത്തയും മുറുകിപ്പിടിച്ചിരിക്കുന്നതുമാണ്! ആദ്യം തന്നെ പാപത്തിൻെറ അടിമത്തത്തിൽ നിന്നു നമുക്കു മോചനം പ്രാപിക്കാം. നമ്മുടെ ജന്മാവകാശമായ 'സ്വരാജ്' ലഭിക്കുന്നതിനു മുമ്പ് നമ്മിൽ വസിക്കുന്നതിനും നമ്മെ ഭരിക്കുന്നതിനുമുള്ള ദൈവത്തിൻെറ അവകാശം നമുക്കു ദൈവത്തിനു കൊടുക്കാം. അപ്പോൾ ദൈവം നമ്മുടെ അവകാശം നമുക്കു നല്കും. ക്രിസ്തുവിനെ കൂടാതെയുള്ള സ്വയം ഭരണം (ഹോംറൂൾ) സ്വയം നാശ (ഹോം റൂയിൻ) മായിത്തീരും. "മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ. 6: 33).

എന്നാൽ എന്റെ ആശയഗതിയോടദ്ദേഹത്തിനു താല്പര്യമില്ലായിരുന്നു. "ആദ്യമായി നമുക്കു സ്വയംഭരണമാണ് കിട്ടേണ്ടതു്. അതിനുശേഷം ഓരോരുത്തർക്കും അവരവർക്കിഷ്ടപ്പെട്ട മതം സ്വീകരിക്കാമല്ലോ" എന്നദ്ദേഹം ആവർത്തിച്ചു പറയുക മാത്രമാണ് ചെയ്തതു്.

ഞങ്ങളുടെകൂടെ ഉണ്ടായിരുന്ന മറെറാരാൾ അദ്ദേഹത്തിൻെറ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: "ഞാൻ ഹിന്ദുവോ ക്രിസ്ത്യാനിയോ അല്ല; നവീകൃതഇസ്ലാം മതവിശ്വാസിയാണ് (Reformed Islam). രാഷ്ട്രീയമോ മതപരമോ ആയ സ്വാതന്ത്ര്യത്തിൽനിന്നു ബഹുകാതം ദൂരെയാണ് ഇന്ത്യ സ്ഥിതിചെയ്യുന്നതു്, എന്നാണ് നിഷ്പക്ഷമായി എനിക്കു പറയാനുള്ളതു്. സ്വാതന്ത്ര്യത്തിലെത്തുന്നതിനു മുമ്പ്—ദൈവത്തിൻെറ സഹായത്തോടെ നാം ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു."

ഇനി ഇതരമതാനുയായികളിൽ ചിലരുടെ കാര്യമെടുക്കാം.

## ഒരു ബുദ്ധസന്യാസി

ഒരു ദിവസം ടിബററിൽ വെച്ച് ഞാൻ ക്രിസ്ത്യൻ താപസന്മാരുടെ കാര്യം പറയുകയായിരുന്നു. ടിബററിലും അനേകം താപസന്മാരുണ്ടെന്ന് അപ്പോൾ ഒരാൾ പറഞ്ഞു. അനേക വർഷങ്ങളായി പ്രാർത്ഥനയിലും ധ്യാനത്തിലും നിമഗ്നനായ ഒരു ലാമാ (ബുദ്ധസന്യാസി) എതിരെ കാണപ്പെട്ട മലയിലെ ഒരു ഗുഹയിൽ വസിക്കുന്നുണ്ട്. ഗുഹാമുഖം അദ്ദേഹം അടച്ചുകളഞ്ഞു. അദ്ദേഹം ഗുഹവിട്ട പുറത്തു വന്നിട്ടേയില്ല. സമീപവാസികൾ ചായയും വറുത്ത ബാർലിപ്പൊടിയും ദിവസത്തിലൊരിക്കൽ കൊണ്ടുവന്ന് ഒരു ദ്വാരം വഴി ഗുഹയ്ക്കകത്തേക്കു കൊടുക്കും. അനേക വർഷങ്ങൾ ഇരുളടഞ്ഞ ഗുഹയിൽ താമസിച്ചതുകൊണ്ട് അദ്ദേഹം പ്രായേണ അന്ധനായിത്തീർന്നിട്ടുണ്ട്. അവശേഷിച്ച ജീവിതകാലമത്രയും ഗുഹയിൽത്തന്നെ താമസിക്കുവാനാണദ്ദേഹമുദ്ദേശിക്കുന്നത്.

ഈ കാര്യമെന്നോടു പറഞ്ഞയാളെയും കൂട്ടിക്കൊണ്ട ഞാൻ സന്യാസിയെ കാണുവാൻ പോയി. അദ്ദേഹം പ്രാർത്ഥനയിലും ധ്യാനത്തിലും നിമഗ്നനായിരുന്നതുകൊണ്ട ഞങ്ങളല്പനേരം കാത്തുനില്ക്കേണ്ടിവന്നു. കുറേക്കഴിഞ്ഞു് അദ്ദേഹം ഭിത്തിയിലുള്ള ദ്വാരത്തിനടുത്തു വന്നിരുന്നു. ഇരുണ്ടതും ഇടുങ്ങിയതുമായ ഗുഹയിലിരുന്ന അദ്ദേഹത്തെ കാണുവാൻ പാടില്ലായിരുന്നു. അദ്ദേഹത്തിനു ഞങ്ങളെയും കാണുവാൻ പാടില്ല. എങ്കിലും പരസ്പരസംഭാഷണം സുസാദ്ധ്യമായിരുന്നു. ഞാനെവിടെ നിന്നു്, എന്തിനായി വന്നു എന്നെല്ലാം ആദ്യമായി അദ്ദേഹം എന്നോടു ചോദിച്ചു. അദ്ദേഹത്തിൻെറ അനുഭവങ്ങളെപ്പററി ഞാനിപ്രകാരം ആരാഞ്ഞു. "ഈ ഏകാന്ത ധ്യാനംമൂലം അങ്ങേയ്ക്കെന്തു നേട്ടമുണ്ടായി? ബുദ്ധൻ ദൈവത്തെപ്പററി ഒന്നും പഠിപ്പിച്ചിട്ടില്ലാത്ത സ്ഥിതിക്ക് അങ്ങ് ആരോടാണു പ്രാർത്ഥിക്കുന്നതു്?"

മറുപടി: "ഞാൻ ബുദ്ധനെ ദൈവമായി പരിഗണിച്ച് അദ്ദേഹത്തോടാണു പ്രാർത്ഥിക്കുന്നതു്. എന്തെങ്കിലും ലഭിക്കുന്നതിനു വേണ്ടിയല്ല, പിന്നെയൊ, എന്തെങ്കിലും ലഭിക്കണമെന്നുള്ള ആസക്തിയിൽ നിന്നു മോചനം കിട്ടുവാനാണു് ഞാൻ ഈ ഗുഹയിൽ രഹസ്യമായി ജീവിക്കുന്നതു്. നിർവ്വാണമാണു ഞാനന്വേഷിക്കുന്നതു്-അതായതു്, സുഖമായാലും ദുഃഖമായാലും എല്ലാവിധ ആസക്തികളും (ആഗ്രഹങ്ങൾ നിഹനിക്കുന്നതിനു വേണ്ടി ജഡീകമായും ആത്മീയമായും ഇപ്പോഴും ഞാനന്ധകാരത്തിലാണു്. ഇതിൻെറ അവസാനം എന്തായിരിക്കുമെന്നറിഞ്ഞു കൂടാ. എന്നാൽ ഇപ്പോൾ എനിക്കു ലഭിക്കാത്ത കാര്യം മറെറതെങ്കിലും ജന്മത്തിൽ ലഭിക്കുമെന്നെനിക്കറിയാം."

മറുപടി: "ദൈവം അങ്ങേയ്ക്കു് ആസക്തികളും വികാരങ്ങളും നല്കിയിട്ടുള്ളതു് അവയെ ഞെരിച്ചുപൊടിച്ചു കെട്ടത്തിക്കളെയുന്നതിനല്ല; പ്രത്യുത, ദൈവത്തിൽ കൂടെ അവയ്ക്കു തൃപ്തി കാണുന്നതിനു വേണ്ടിയാണു്. ആസക്തികളും വികാരങ്ങളും നശിപ്പിക്കണമെന്നാണു ദൈവോദ്ദേശ്യമെങ്കിൽ, ദൈവം അവയെ നല്കുകയില്ലായിരുന്നു. ആസക്തികളെ നിഹനിക്കുക, എന്നു വെച്ചാൽ അതു് ആത്മഹത്യയാണു്. അവ നമ്മുടെ ജീവിതത്തിൻെറ അവിഭാജ്യഘടകങ്ങളാണല്ലോ. നമ്മുടെ ആസക്തികളെ ഉച്ചാടനം ചെയ്യുന്നതു് പ്രയോജനരഹിതമാണു്. ആസക്തികളെ നിഹനിക്കുന്നതിനുള്ള ആഗ്രഹം തന്നെ ഒരാസക്തിയാണല്ലോ. ആസക്തിയിൽ നിന്നു ആസക്തി ജനിക്കുന്നു; അപ്പോൾ ഈ വിധത്തിൽ സ്വാതന്ത്ര്യമോ മോക്ഷമോ ലഭിക്കുന്നതെങ്ങനെയാണു്? അഭിലാഷങ്ങളെ വീർപ്പുമുട്ടിച്ച് അമർത്തുന്നതല്ല നല്ല വഴി. അഭിലാഷങ്ങളെ സൃഷ്ടിച്ച ദൈവത്തിനനുരൂപമായി അവയ്ക്കു തൃപ്തി വരുത്തേണ്ടതാണു്. തന്മൂലം നമുക്കു യഥാർത്ഥരക്ഷ ലഭിക്കുന്നു."

മറുപടി: "കൊള്ളാം. എന്തു സംഭവിക്കുമെന്നു നമുക്കു് കാണാം." ഇതോടെ ഞങ്ങളുടെ സംഭാഷണമവസാനിച്ചു.

## ചൈനാക്കാരൻ ഡോക്ടർ

ഒരിക്കൽ പിക്കിംഗിൽവെച്ചു ഞാൻ "ക്രിസ്തു സർവ്വലോകത്തിൻെറയും രക്ഷകൻ" എന്ന വിഷയത്തെപ്പററി പ്രസംഗിക്കുകയായിരുന്നു. യോഗത്തിൻെറ അവസാനഘട്ടത്തിൽ ചൈനാക്കാരനായ ഒരു ഡോക്ടർ എൻെറ അടുത്തു വന്നു പറയുകയാണു്: "ക്രിസ്തു ജനിച്ചിട്ടു് ഇപ്പോൾ രണ്ടായിരം വർഷമേ ആയിട്ടുള്ളല്ലോ. പക്ഷെ, അതിനു വളരെ മുമ്പുതന്നെ കൺഫ്യൂഷ്യസിനെപ്പോലെയുള്ള ഗുരുക്കന്മാർ ഞങ്ങൾക്കുണ്ടായിട്ടുണ്ടു്. അപ്പോൾ ക്രിസ്തു സാർവ്വലൗകികമാണെന്നു് എങ്ങനെ പറയാം? കൺഫ്യൂഷ്യസിൻെറയും മററു ഗുരുക്കന്മാരുടെയും ഉപദേശങ്ങളും മാതൃകകളും മതി ഞങ്ങൾക്കു്."

മറുപടി: "ക്രിസ്തു രണ്ടായിരം വർഷങ്ങൾക്കു മുമ്പു് മാത്രമാണു് വന്നതെന്നു നിങ്ങൾ പറയുന്നതു തെററു്. തൻെറ അവതാരത്തിനു വളരെ മുമ്പെ അവൻ ലോകത്തിലുണ്ടായിരുന്നു. ലോകമോ അവനെ അറിഞ്ഞില്ല; അവനെ അറിഞ്ഞവരോ അതിൽ സന്തോഷിച്ചു. (യോഹ. 1: 10, യോഹ. 8: 55–56) ഞാൻ കൺഫ്യൂഷ്യസിനും അദ്ദേത്തിൻെറ ഉപദേശങ്ങൾക്കും എതിരല്ല. പറയൂ, അദ്ദേഹത്തിൻെറ ഉപദേശങ്ങളും മാതൃകയും മൂലം ഒരു ജനപദമെന്ന നിലയിൽ ചൈനാക്കു് എന്തു പുരോഗതിയുണ്ടായിട്ടുണ്ടു്? നിങ്ങൾക്കു വ്യക്തിപരമായി എന്തു പ്രയോജനം വന്നിട്ടുണ്ടു്?

മറുപടി: ഈ ഉപദേശങ്ങൾ ഒററ വാക്കുകൊണ്ടാക്കാവുന്ന ഉരുളയല്ല; അവയുടെ ഫലം പെട്ടെന്നറിവാനും സാദ്ധ്യമല്ല. അവയുടെ പരിണതഫലം മെല്ലെ പ്രകടമാകുന്നതാണു്."

ഞാൻ: "ഒരുരുള പെട്ടെന്നു ദഹിച്ചു ശരീരത്തിൽ ലയിക്കയില്ലെന്നുള്ളതു ശരിയാണു്. പക്ഷെ, എന്തെങ്കിലും അസുഖം മൂലം നമ്മുടെ രുചിയറിയൽ നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ, അതിൻെറ സ്വാദറിയാൻ നമുക്കു് സാധിക്കുമല്ലോ. വെറും സാരോപദേശങ്ങൾ ഒരു വജ്രമാലപോലെയാണു്.

അതൊരു രോഗിയുടെ കഴുത്തിലിടുന്നതുകൊണ്ടു് രോഗം ശമിക്കയില്ല. ക്രിസ്തുവിൻെറ പഠിപ്പിക്കൽ നല്ല സാരോപദേശങ്ങളാണെന്നു മാത്രമല്ല, അതു് 'ആത്മാവും ജീവനു' മാകുന്നു. (യോഹ. 6: 63) അവനെ സ്വീകരിച്ചതായ ലക്ഷോപലക്ഷം പേർ അവനിൽ കൂടെ പുതുജീവൻ പ്രാപിച്ചിരിക്കുന്നു.

ഡോക്ടർ: "ഈ പുതുജീവനും മാററവും പുറത്തുനിന്നു വരികയില്ല; അതു നമ്മുടെ സ്വന്തം ശ്രമത്തെയാണാശ്രയിച്ചിരിക്കുന്നതു്."

ഞാൻ: "സ്വീകരിക്കുക എന്ന പ്രക്രിയ നമ്മെ ആശ്രയിച്ചാണിരിക്കുന്നതു്. എന്നാൽ സ്വന്ത ശ്രമംകൊണ്ടു ഈ പുതുജീവൻ നമുക്കു കിട്ടുകയില്ല. കയ്പുള്ള കായ് ഉണ്ടാകുന്ന മരത്തിനു മധുരഫലം തരാൻ സാദ്ധ്യമല്ല; എന്നാലതു് മധുരഫലം തരുന്നമരത്തോടു ഒട്ടിച്ചു ചേർക്കാം. അതുപോലെ പാപിയായ മനുഷ്യനെ ക്രിസ്തുവിനോടു് ഒട്ടിച്ചു ചേർക്കാം. അപ്പോൾ ക്രിസ്തുവിൻെറ ജീവൻ അവനിൽ കൂടെയൊഴുകി അവനെ പുതിയ ഒരു സൃഷ്ടിയാക്കുന്നു. ഇതത്രെ രക്ഷ എന്നു പറയുന്നതു്. ഈ സമയം, ഒരു രോഗിയെ കാണുവാൻ വേണ്ടി ഡോക്ടരെ ഒരാൾ വിളിച്ചുകൊണ്ടു പോയി. അതോടെ ഞങ്ങളുടെ സംഭാഷണമവസാനിച്ചു."

## ഒരു റബ്ബി

വിശാലമനസ്കനായ ഒരു യൂദറബ്ബിയെ യെരുശലേമിൽ വെച്ചു് ഞാൻ കാണുകയുണ്ടായി. ക്രിസ്തുവിനെപ്പററിയും വാഗ്ദത്തനാടിനെപ്പററിയുമുള്ള അദ്ദേഹത്തിന്റെ അഭിപ്രായമെന്താണെന്നു് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: "മശിഹാ അവതരിക്കുന്നതും വാഗ്ദത്തനാടു പുനഃസ്ഥാപിക്കുന്നതും കാണുവാൻ കാത്തിരിക്കുന്ന ഒരാളാണു് ഞാൻ. എന്നാൽ ഈ അഭിലാഷം ഇഹലോക ജീവിതത്തിലോ പരലോകജീവിതത്തിലോ എപ്പോഴാണു നിവൃത്തിയാകുന്നതെന്നെനിക്കറിഞ്ഞു കൂടാ. ഈ പട്ടണത്തിൽ വെച്ചു്

ക്രൂശിക്കപ്പെട്ട യേശുതന്നെയാണോ മശിഹാ, അതൊ മശിഹാ ഇനിയും വരുവാനിരിക്കുന്നതെയുള്ളോ. എന്നെനിക്കറിയാൻ പാടില്ല. യേശു ഒരു വലിയ പ്രവാചകനായിരുന്നുവെന്നു ഞാൻ സമ്മതിക്കുന്നു. എന്റെ ജാതി യേശുവിനോടു കക്കശമായും ക്രൂരമായും പ്രവൎത്തിച്ചു. യേശുവിനെ കൊലപ്പെടുത്തിയതായ പാപത്തിന്റെ ശിക്ഷ ഇന്നും ഞങ്ങളനുഭവിച്ചുകൊണ്ടിരിക്കയാണെന്നെനിക്കറിയാം. അവന്റെ രക്തം ഞങ്ങളുടെ തലമേലുണ്ടു്''

ഇങ്ങനെയുള്ള നിരവധി സംഭാഷണങ്ങളും സംഭവങ്ങളും നല്കുവാൻ എനിക്കു കഴിയും. പക്ഷേ, ആവശ്യത്തിനു വേണ്ടവ ഞാൻ നല്കിക്കഴിഞ്ഞല്ലോ. ഭിന്നമതക്കാരുമായി സമ്പൎക്കം പാലിച്ചു ജീവിക്കുന്നതിനവസരമുണ്ടായിട്ടുള്ള മററു രാജ്യക്കാൎക്കു്—ഞങ്ങളുടെ ആവശ്യങ്ങളെപ്പററി സഹതാപപൂൎവ്വം പരിഗണിച്ചിട്ടുള്ളവൎക്കു്-ജീവിക്കുന്ന ക്രിസ്തുവിന്റെ സ്പൎശനം കൂടാതെ സ്ഥിരമായ സമാധാനവും പ്രത്യാശയും ലഭിക്കുകയില്ലെന്നു സാക്ഷീകരിക്കുവാൻ കഴിയും.

സ്വന്തം യത്നംകൊണ്ടും സ്വയംനേടുന്ന സൽഫലങ്ങൾകൊണ്ടും കൈവരിക്കാമെന്നു് ആശിക്കുവാൻ പാടില്ലാത്ത വിധത്തിലുള്ള എന്തോ യഥാൎത്ഥമായ ഒരു കുറവു് ഞങ്ങളുടെ ജീവിതത്തിലുണ്ടെന്നു പലൎക്കും ബോദ്ധ്യമുണ്ടു്. "പുത്രനുള്ളവനു ജീവൻ ഉണ്ടു്. ദൈവപുത്രനില്ലാത്തവനു ജീവനില്ല." (1 യോഹ. 5:12) എന്ന ദൈവവചനം എത്ര സത്യമാണു്!

## അദ്ധ്യായം രണ്ട്

# ക്രിസ്തു ഉള്ള ക്രിസ്തേതരർ

ക്രിസ്തുവിൽ രഹസ്യമായി വിശ്വസിക്കുകയും അവനെ രക്ഷകനായി അംഗീകരിക്കുകയും ചെയ്തിട്ടുള്ള അനവധി അക്രൈസ്തവർ ഇന്ത്യയിലുണ്ടെന്നുള്ള കാര്യം എല്ലാവിധ ആളുകളുമായി സമ്പക്കത്തിൽവരുന്ന (ഇന്ത്യയിലെ) ക്രിസ്തീയ പ്രവത്തകക്കറിയാവുന്ന ഒരു സംഗതിയാണ്. ഈ സംഗതി തന്നെ ഏററിയ തോതിലും കുറഞ്ഞ തോതിലും മററു രാജ്യങ്ങളിലും കാണാം. ക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി അംഗീകരിച്ചിട്ടുള്ളവരല്ലെങ്കിലും, സ്വന്തം മതം നല്കുന്ന പ്രബോധനങ്ങളെക്കാളും സ്വന്തം ആദ്ധ്യാത്മിക ഗുരുക്കന്മാരുടെ ഉപദേശങ്ങളെക്കാളും കൂടുതലാഴത്തിൽ ക്രിസ്തുവിൻെറ സ്വാധീന ശക്തി അനുഭവിച്ചിട്ടുള്ള മററനേകരുമുണ്ട്. ക്രിസ്തുവിൻെറ ആത്മാവിൻെറ സ്വാധീന ശക്തിക്ക് സ്വയം വിധേയരായ അനേകം അക്രൈസ്തവ നേതാക്കന്മാർ ഇന്ത്യയിലുള്ളതായി എനിക്കറിയാം. ക്രിസ്തു എത്രമാത്രം തങ്ങളെ കീഴടക്കിയിരിക്കുന്നു എന്നവർ അറിഞ്ഞിട്ടില്ലെന്നെയുള്ളു.

## എതിരാളികളിന്മേലുള്ള ക്രിസ്തുവിൻെറ സ്വാധീനം

സ്വമതവിശ്വാസത്തോടു തീവ്രമായി പററിച്ചേന്നു നില്ക്കുന്നവരും ക്രിസ്തുമതത്തോടു വിരുദ്ധനിലപാടുള്ളവരുമായ ചില ആളുകളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വാധീന ശക്തി പ്രകടമായി കാണുന്നു എന്നുള്ളതു പ്രത്യേകം എടുത്തു പറയത്തക്ക ഒരു സംഗതിയാണ്. ക്രിസ്തുവിൻെറ പഠിപ്പിക്കലിൻെറ വെളിച്ചത്തിൽ സ്വമതം നവീകരി-

ക്കുവാൻ ഇങ്ങനെയുള്ളവർ ശ്രമിക്കുന്നുമുണ്ടു്. ക്രിസ്ത്യാനികളുടെ പല രീതികളും അവർ പകർത്തുകയും ചെയ്യുന്നു. സ്വമതസിദ്ധാന്തങ്ങൾക്കു പുതിയ പുതിയ വ്യാഖ്യാനങ്ങൾ നല്കുമ്പോൾ, ക്രിസ്തുമതത്തിൽ നിന്നു പ്രത്യക്ഷമായോ പരോക്ഷമായോ ലഭിക്കുന്ന ചില പുതിയ ഘടകങ്ങൾകൂടി ആ സിദ്ധാന്തങ്ങളിലേക്കു് അവർ സംക്രമിപ്പിക്കുന്നതായി കാണാം. അവരുടെ നവീന സിദ്ധാന്തങ്ങൾ ക്രിസ്തീയ ശൈലി പ്രയോഗങ്ങളിൽ കൂടെ അവതരിപ്പിക്കുന്നത്ര ദൂരത്തിൽ അവർ സഞ്ചരിച്ചിട്ടുണ്ടു്. അതിൻെറ ഫലമെന്താണു്? പല ക്രിസ്ത്യാനികളും ചില പാശ്ചാത്യപണ്ഡിതന്മാരും തെററിദ്ധരിക്കപ്പെട്ടുകയും ക്രിസ്തുമതവും മററു ലോകമഹാ മതങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നവർ കരുതുകയും ചെയ്യുന്നു.

തങ്ങളുടെ ക്രൈസ്തവേതര സാഹചര്യങ്ങൾ വിച്ഛേദിക്കാതെ തന്നെ സ്വന്തം ജീവിതത്തിൽ ക്രിസ്തുവിനെ പിന്തുടരുന്നവരായ ആളുകളെപ്പററി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കണമെന്നു ഞാനാഗ്രഹിക്കുന്നു.

## അവനെ തടയരുതു്

ക്രിസ്തുവിൽ വിശ്വസിക്കുന്നവരെങ്കിലും പരസ്യമായി ഏതെങ്കിലും ക്രിസ്തീയ സഭയോടു ബന്ധപ്പെടാതെ നില്ക്കുന്നവരെ ക്രിസ്ത്യാനികളായി പരിഗണിക്കുവാൻ, ഇടുങ്ങിയ മനഃസ്ഥിതിയുള്ള പല ക്രിസ്ത്യാനികളും കൂട്ടാക്കുന്നില്ല. തങ്ങൾ ക്രിസ്ത്യാനികളാണെന്നു് അവർ തുറന്നു സമ്മതിക്കാത്തതു് എനിക്കിഷ്ടമുള്ള കാര്യമല്ല; പക്ഷേ, അവർ ക്രിസ്ത്യാനികളല്ല എന്നു കരുതുവാൻ എനിക്കൊരിക്കലും സാദ്ധ്യവുമല്ല. ക്രിസ്തീയ പ്രവത്തകരെക്കാൾ വളരെ കൂടുതലായി ക്രിസ്തുവിനു വേണ്ടി സേവനം ചെയ്യുന്ന പലരും ആ കൂട്ടത്തിലുണ്ടു്. ക്രിസ്തീയ പ്രവത്തകക്കു കടന്നു ചെല്ലുവാൻ പ്രയാസമുള്ള പല സ്ഥലങ്ങളിലും ഇങ്ങനെയുള്ളവരെ കാണാം. അവരുടെ പേരു് പരസ്യപ്പെടുത്തുവാൻ എനിക്കവകാശമില്ല; എന്നാൽ അവരുടെ വിശ്വാസത്തെയും പ്രവൃത്തികളെയുംപററി പറയുവാനെനിക്കു കഴിയും.

താഴെക്കാണുന്ന വാക്യങ്ങളിൽക്കൂടെ ക്രിസ്തുവിൻെറ ശ്രദ്ധയെ വിശുദ്ധ യോഹന്നാൻ ക്ഷണിച്ച പ്രകാരമായിരിക്കണം അവരുടെ നിലപാട്.

"നാഥാ, ഒരുത്തൻ നിൻെറ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു. ഞങ്ങളോടു കൂടെ നിന്നെ അനുഗമിക്കായ്കയാൽ അവനെ വിരോധിച്ചു എന്നു യോഹന്നാൻ പറഞ്ഞതിന്നു യേശു അവനോടു: വിരോധിക്കരുതു്; നിങ്ങൾക്കു പ്രതികൂലമല്ലാത്തവൻ നിങ്ങൾക്കനുകൂലമല്ലോ എന്നു പറഞ്ഞു (ലൂക്കോ. 9. 49–50).

ഈ മാതിരി അനംഗീകൃതരായ പ്രവർത്തകർ ഏതെങ്കിലും സഭയുടെ അംഗങ്ങളല്ലാത്തതിനാൽ അവരെ തടയേണ്ടതാണെന്നു പറയുന്ന അനേകം ക്രിസ്ത്യാനികൾ നമ്മുടെയിടയിലുണ്ടു്. കർത്താവു് അവരെ തടഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു്, അവരെ തടയുവാൻ നമുക്കെന്തധികാരമാണുള്ളതു്?

രഹസ്യവും പരസ്യവുമായ ശുശ്രൂഷയിലാണെങ്കിലും, തങ്ങളുടെ ത്രാണിയും തങ്ങൾക്കു കിട്ടിയ വെളിച്ചവുമനുസരിച്ചു് സംഘടിതമായ വേല ചെയ്യുന്ന കൂട്ടങ്ങളെ പലപ്പോഴും ഞാൻ കണ്ടുമുട്ടിയിട്ടുണ്ടു്. അവരിലൊരാളോടു ഞാൻ ചോദിച്ചു: "മനുഷ്യരുടെ മുമ്പിൽ നിങ്ങൾ ക്രിസ്തുവിനെ ഏററു പറഞ്ഞു് അംഗീകരിക്കാത്തതെന്താണു്?" (മത്താ. 10: 32, മക്കോ. 16: 15–16). അദ്ദേഹത്തിൻെറ മറുപടി: "പല തൊഴിലുകളിലുമേർപ്പെട്ടവരായി ഞങ്ങളുടെ സംഘത്തിൽ ആയിരക്കണക്കിനാളുകളുണ്ടു്. അവരെല്ലാം ക്രിസ്തു തങ്ങളുടെ രക്ഷകനാണെന്നു വിശ്വസിക്കുന്നു. അവൻെറ നാമത്തിൽ അവർ സ്നാനപ്പെട്ടവരുമാണു്. അവനെ ആരാധിക്കുന്നതിലും അവനെ സേവിക്കുന്നതിലും അവർ സന്തോഷിക്കുന്നു. ഞങ്ങൾ സുസംഘടിതരാണെങ്കിലും ഞങ്ങളുടെ പ്രവർത്തനങ്ങൾ രഹസ്യമാണു്. ഞങ്ങൾ ആരുടെ മുമ്പിൽ ക്രിസ്തുവിനെ ഏററുപറഞ്ഞു് അംഗീകരിച്ചിട്ടുണ്ടോ ആ അനേകായിരങ്ങൾ മനുഷ്യരല്ലേ? ഞങ്ങളുടെ വേലയെപ്പററി (സുവിശേഷവേല) പറയാം. പലർ പരസ്യമായി വേലചെയ്യുമ്പോൾ, രഹസ്

സ്യമായി വേലചെയ്യുന്നവരും വേണ്ടതാണ്. നമ്മുടെ ശരീരത്തിൽ ആന്തരികവും ബാഹ്യവുമായ അവയവയങ്ങളുണ്ടല്ലോ. അവയെല്ലാം തന്നെ ഒരേശരീരത്തിൻെറ ഭാഗങ്ങളാണ്; ഒരേ മനസ്സിനാൽ നിയന്ത്രിക്കപ്പെടുന്നവയുമാണ്— പക്ഷെ, ഓരോന്നിൻെറയും പ്രവർത്തനം വിഭിന്നമാണെന്നേയുള്ളു. സഭ എന്നു നാം പേർവിളിക്കുന്ന 'ക്രിസ്തുശരീരത്തിൻെറയും നില ഇതുതന്നെയാണ്. ഉപ്പും, പുളിപ്പും പോലെയാണ് ക്രിസ്ത്യാനികൾ അവ സാവകാശമായും നിശ്ശബ്ദമായും മററു പദാർത്ഥങ്ങളിലേക്ക് ഉപ്പും പുളിപ്പും പകർന്നു കൊടുക്കുന്നു. ക്രിസ്തു നമ്മെ 'മനുഷ്യരെ പിടിക്കുന്നവർ' എന്നും വിളിച്ചിട്ടുണ്ടല്ലോ. മുക്കുവൻ വലയെറിയുന്നതു വളരെ നിശ്ശബ്ദമായിട്ടാണ്; അല്ലെങ്കിൽ മീനെല്ലാം ഓടി മറയും. ഒച്ചപ്പാടുണ്ടാക്കുന്ന മുക്കുവനെ കണ്ടപ്പോൾ ക്രിസ്തുവിൽ നിന്നോടിയകന്ന അനേകശതം മത്സ്യങ്ങൾ—വലുതും ചെറുതും-ഞങ്ങളുടെ സംഘത്തിൽ ഇപ്പോഴുണ്ട്. അവയെല്ലാം ഇപ്പോൾ ക്രിസ്തുവിൻെറ കൈയിലാണ്; ഒന്നും തന്നെ വഴുതിപ്പോകയില്ല. മനുഷ്യരെ രക്ഷകനിലേക്കാനയിക്കുവാൻ ഇക്കൂട്ടരും നിശ്ശബ്ദമായി ശ്രമിച്ചുകൊണ്ടിരിക്കയാണ്. പറയൂ, ഈദൃശജീവിത രീതി ക്രിസ്തുവിൻെറ ഹിതത്തിനനുസൃതമാണോ, അല്ലയോ?

## യഥാർത്ഥമായ ക്രിസ്തീയ ജീവിതം

യഥാർത്ഥമായ ക്രിസ്തീയ ജീവിതം...അതു് പരസ്യമോ രഹസ്യമോ ആയിക്കൊള്ളട്ടെ—എപ്പോഴും ഫലപ്രദമായിരിക്കുമെന്നും, അതിനു് അന്യരിൽ നന്മയുടെ സ്വാധീനം ചെലുത്തുവാൻ കഴിയുമെന്നുമുള്ള കാര്യത്തിൽ സംശയമില്ല. ഇതുപോലെയുള്ള ജീവിതത്തിൻെറ നന്മ കാണുമ്പോൾ സത്യാന്വേഷികൾ എല്ലായ്പ്പോഴും ജീവൻെറ ഉറവിങ്കലേക്ക് വലിച്ചടുപ്പിക്കപ്പെടും.

ഒരുദാഹരണം പറയാം. ഒരിക്കൽ രണ്ടു സുവിശേഷകർ അങ്ങാടിയിൽ പ്രസംഗിക്കുവാൻ പോയി. ഒന്നാ-

മത്തെയാൾ ബുദ്ധിമാനും വാചാലനുമായിരുന്നു. അയാൾ പ്രസംഗം തുടങ്ങിക്കഴിഞ്ഞപ്പോഴേയ്ക്കും ഒരു ഹിന്ദു തെരുതെരെ ചോദ്യങ്ങൾ ചോദിച്ചു ശല്യപ്പെടുത്തുവാൻ തുടങ്ങി. മറുപടി പറയുന്നതിനു വേണ്ടി പ്രസംഗം ഇടയ്ക്കിടെ നിർത്തേണ്ടി വന്നു. മറുപടികൾ ചോദ്യകർത്താവിനെ തൃപ്തിപ്പെടുത്തിയില്ല. പ്രസംഗം മുമ്പോട്ടുപോകുവാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ, അയാൾ തന്റെ സഹപ്രവർത്തകനെ ചൂണ്ടിക്കാണിച്ചുകൊണ്ട്: "ഇദ്ദേഹം നിങ്ങൾക്ക് മറുപടി നല്കും" എന്നു പറഞ്ഞു. രണ്ടാമത്തെ സുവിശേഷകൻ വലിയ വാചാലനോ സമർത്ഥനായ താർക്കികനോ അല്ലായിരുന്നു. പക്ഷേ, അയാൾ ആത്മാർത്ഥതയുള്ള ക്രിസ്ത്യാനിയും ഒരു പ്രാർത്ഥനാമനുഷ്യനുമായിരുന്നു. അയാൾ പ്രസംഗിക്കാനായി മുമ്പോട്ടു വന്നപ്പോൾ ചോദ്യകർത്താവായ ഹിന്ദു കൈകൂപ്പി അദ്ദേഹത്തെ അഭിവാദനം ചെയ്തുകൊണ്ടു പറഞ്ഞു: "ഇദ്ദേഹത്തോടെനിക്കൊന്നും ചോദിക്കുവാനില്ല. എനിക്കിദ്ദേഹത്തിന്റെ ജീവിതരീതിയെപ്പററി അറിയാം. ജീവിക്കുന്ന ക്രിസ്തുവിനെ ഇദ്ദേഹത്തിന്റെ ജീവിതത്തിൽ എനിക്കു കാണാൻ സാധിക്കും. ഇദ്ദേഹത്തിൽക്കൂടെ രക്ഷയുടെ വഴി ഞാൻ കണ്ടെത്തിയിട്ടുമുണ്ട്. നിങ്ങളോടാണ് (ഒന്നാമത്തെയാൾ) എനിക്കു വിവാദമുള്ളത്. ജീവിക്കുന്ന ക്രിസ്തുവിനെപ്പററി നിങ്ങൾ വെറുതെ പറയുന്നതേയുള്ളു. നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിങ്ങൾ ക്രിസ്തുവിനെ തള്ളിപ്പറയുന്നു. ഇങ്ങനെയുള്ള ഒരു വായ് എന്നന്നേക്കുമായി അടഞ്ഞു പോകുന്നതാണു നല്ലത്. എന്നെയും മററുള്ളവരെയും നിങ്ങൾ ക്രിസ്തുവിൽ നിന്നകററിനിർത്തിയിരിക്കയാണ്. നിങ്ങളുടെ കൂട്ടുകാരനെ ഞാൻ ഏതാനും വർഷങ്ങൾക്കു മുമ്പു തന്നെ കണ്ടെത്തിയിരുന്നെങ്കിൽ ഇത്ര ദീർഘകാലം ഞാൻ കർത്താവിൽ നിന്നകന്നു നില്ക്കയില്ലായിരുന്നു. സാവകാശമായി വരുന്നവൻ ശരിയായ നിലയിൽത്തന്നെ വരുന്നു. ഞാനിങ്ങനെ താമസിച്ചുപോയതിലും എന്തെങ്കിലും നന്മയുണ്ടായിരിക്കാം. ദൈവം നിങ്ങളോടു ക്ഷമിക്കട്ടെ!".

## അന്വേഷണവും കണ്ടെത്തലും

അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു ; കണ്ടെത്തുന്നവൻ കൂടുതലായന്വേഷിക്കുന്നു—ഇതൊരു സാധാരണയനുഭവമാണ്. പാസ്കൽ പറഞ്ഞതുപോലെ, "നിങ്ങളെന്നെ നേരത്തെ കണ്ടെത്തിയില്ലായിരുന്നുവെങ്കിൽ നിങ്ങളെന്നെ അന്വേഷിക്കയില്ലായിരുന്നു." ദൈവസാന്നിദ്ധ്യത്തെപ്പറ്റി ഒരാൾക്കനുഭവമില്ലെങ്കിൽ ദൈവത്തെ കണ്ടെത്തുവാൻ ശ്രമിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ അയാൾക്കു നിർബ്ബന്ധമില്ലായിരിക്കും. ദൈവസാന്നിദ്ധ്യത്തെപ്പററിയുള്ള ബോദ്ധ്യം ദൈവമെല്ലാവർക്കും കൊടുത്തിട്ടുണ്ട്. എന്നാൽ ദൈവത്തെ കൂടുതൽ കൂടുതലായി അന്വേഷിക്കണമോ വേണ്ടയോ എന്നുള്ളതു് ഓരോരുത്തരെയും ആശ്രയിച്ചിരിക്കുന്ന കാര്യമാണ്. ദൈവം എല്ലാവരുടെയും പിടിപാടിലുള്ളവനാണ്. എന്നാൽ ദൈവത്തെ പിടിച്ചെടുക്കണമെങ്കിൽ നമ്മുടെ ഹൃദയങ്ങൾ ദൈവത്തോട് ഇണങ്ങിച്ചേർന്നിരിക്കണം (ട്യൂൺ ചെയ്തിരിക്കണം). പ്രക്ഷേപണകേന്ദ്രത്തിൽനിന്നയയ്ക്കപ്പെടുന്ന സന്ദേശങ്ങൾ—പാട്ടോ, കീർത്തനമോ പ്രഭാഷണമോ—വായുമണ്ഡലത്തിലുണ്ട്. എന്നാൽ അവയെ പിടിച്ചെടുക്കണമെങ്കിൽ, യഥാവിധി ട്യൂൺ ചെയ്തതായ ഒരു റേഡിയോ ശ്രവണയന്ത്രം (റിസീവിങ്സെററു്) ഉണ്ടായിരിക്കണം. സന്ദേശങ്ങൾ പിടിച്ചെടുക്കത്തക്കവണ്ണം റേഡിയോ ട്യൂൺ ചെയ്തിട്ടില്ലെങ്കിൽ വായുമണ്ഡലത്തിൽ സന്ദേശങ്ങളുള്ളതും ഇല്ലാത്തതും ഒന്നുപോലെയാണ്.

## ഒരു സത്യാന്വേഷി

സ്വാനുഭവങ്ങളെപ്പററി ഒരു സത്യാന്വേഷി എന്നോടിങ്ങനെ പറഞ്ഞു : "എൻെറ പഴയമതത്തിൽ ഏതാണ്ടൊരു സാന്ത്വനം (Consolation എനിക്കുണ്ടായിരുന്നു. പക്ഷേ എനിക്കു മനസ്സമാധാനം ഇല്ലായിരുന്നു. ഈ സാന്ത്വനാവസ്ഥ, യഥാർത്ഥ സമാധാനം തേടുവാനുള്ള ആഗ്രഹം എന്നിലങ്കുരിപ്പിച്ചു. ഞാൻ സമാധാനമന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ അത്ഭുതകരമായ വിധത്തിൽ ഞാൻ മെല്ലെ

മെല്ലെ സമാധാനത്തിൻെറ ഉറവിടത്തിങ്കലേക്കാനയിക്കപ്പെട്ടു. ഞാൻ ഈ പരിണാമത്തിലെത്തിയപ്പോൾ, ഈ അഭിനിവേശവും ഹൃദയസംതൃപ്തിയും ജീവിക്കുന്നവനായ ക്രിസ്തുവിൽനിന്നാണ വന്നതെന്നു് എനിക്കൊരു ആത്മസാക്ഷാത്കാരമുണ്ടായി. എൻെറ കഠിനോദ്വേഗത്തിനു സ്വസ്ഥത ലഭിച്ചു."

ആദ്യകാലങ്ങളിൽ ക്രിസ്തുവിനെപ്പററി അറിയാതിരുന്ന എൻെറയും മററു സത്യാന്വേഷകരുടെയും നില എന്തായിരുന്നുവെന്നു വിശദീകരിക്കുവാൻ വേണ്ടി ഒരു കഥ പറയാം. കുറെ നാളുകൾക്കു മുൻപു്, ഒരു ക്ഷാമകാലത്തു മാന്യനായ ഒരാൾ പണമില്ലാതെ ഞെരുങ്ങി പട്ടിണിയുടെ വക്കിലെത്തി. അഭിമാനംകൊണ്ടോ ലജ്ജകൊണ്ടോ എന്തോ, തൻെറ നിസ്സഹായാവസ്ഥയെപ്പററി അയാൾ ആരോടെങ്കിലും പറയുകയോ സഹായം അഭ്യത്ഥിക്കുകയോ ചെയ്തില്ല. അയാൾ ദൈവത്തോടു മാത്രം അപേക്ഷിച്ചു പറഞ്ഞു. ദൈവം അയാളുടെ പ്രാത്ഥനയ്ക്കുത്തരമരുളി. വിദേശരാജ്യത്തുനിന്നു ആയിടെ തിരിച്ചെത്തിയ ഒരു കച്ചവടക്കാരൻ അയാളുടെ പ്രയാസങ്ങളെപ്പററി അറിയുകയും മററുള്ളവരറിയാതെ രാത്രിയിൽ ഭക്ഷണസാധനങ്ങൾ അയച്ചുകൊടുക്കുകയും ചെയ്തു. തൻെറ പ്രാത്ഥനയ്ക്കുത്തരം ലഭിച്ചതിൽ അതീവസന്തുഷ്ടനായ ആ മനുഷ്യൻ മുട്ടുകുത്തിനിന്നുകൊണ്ടു ദൈവമുമ്പാകെ തൻെറ ആത്മാവിനെത്തന്നെ സ്തോത്രരൂപത്തിൽ കോരിച്ചൊരിഞ്ഞു. ഏറെത്താമസിയാതെ ക്ഷാമം വസാനിച്ചപ്പോൾ പ്രസ്തുത കച്ചവടക്കാരൻ അയാളെ സമീപിച്ചു ആവശ്യമുള്ളത്ര പണം നല്കി. ഈ മഹാമനസ്കത കണ്ടപ്പോൾ അയാൾ ആത്മാത്ഥമായ കൃതജ്ഞതയോടെ വത്തകൻെറ മുൻപിൽ മുട്ടുകുത്തി അദ്ദേഹത്തിൻെറ പാദങ്ങൾ ചുംബിച്ചു. അപ്പോഴാണു മനസ്സിലായതു്, ദാതാവു തൻെറ സ്വന്തം ജ്യേഷ്ഠനാണെന്നു്! ഈ ജ്യേഷ്ഠൻ വളരെക്കാലം മുൻപു വിദേശത്തു പോയിരുന്നതിനാൽ അദ്ദേഹം മരിച്ചുപോയെന്നാണു് എല്ലാവരും വിചാരിച്ചതു്.

## ഒരു പണ്ഡിതൻ

ഗംഗാനദീതീരത്തുള്ള ഒരു പുണ്യസ്ഥലത്തു വന്നുകൂട്ടുന്ന തീർത്ഥാടകരോടു പ്രസംഗിക്കുവാനായി ഒരിക്കൽ ഞാൻ പറയുകയുണ്ടായി. "മററു തീർത്ഥാടകരെപ്പോലെ നിങ്ങളും തീർത്ഥത്തിൽ കുളിക്കുവാൻ വന്നതാണോ?" എന്നു് ഒരു പണ്ഡിതൻ എൻെറയടുത്തുവന്നു ചോദിച്ചു:

ഞാൻ: "അല്ല. ഞാൻ ക്രിസ്തുവിൻെറ രക്തത്തിൽ വിശ്വാസസ്നാനം ചെയ്തുകഴിഞ്ഞു. അവൻെറ കൃപയാൽ ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. ഗംഗാനദിയിൽ തീർത്ഥാടനം ചെയ്യുക എന്ന ആചാരച്ചടങ്ങു് എനിക്കാവശ്യമില്ല. എൻെറ രക്ഷകനെപ്പററി തീർത്ഥാടകരോടു സംസാരിക്കുവാനാണു ഞാൻ വന്നിട്ടുള്ളതു്." പണ്ഡിതർ ഇതു കേട്ടപ്പോൾ അത്ഭുതപ്പെട്ടു. "അതു വളരെ ഭേഷായിപ്പോയല്ലോ സ്വാമി! ഞാനും അതേകാര്യത്തിനാണു വന്നിട്ടുള്ളതു്" എന്നദ്ദേഹം പറഞ്ഞപ്പോൾ എൻെറ അത്ഭുതം പ്രവൃദ്ധമായി. സ്നേഹവായ്പോടെ അദ്ദേഹമെന്നെ ആലിംഗനം ചെയ്തു. ഇതു കണ്ടപ്പോൾ അനേകം തീർത്ഥാടകർ അവിടെ കൂടിവന്നു ഞങ്ങളുടെ സംഭാഷണം കേൾക്കണമെന്നുള്ള താല്പര്യം പ്രകടിപ്പിച്ചു. ഞങ്ങൾ രണ്ടുപേരും സുവിശേഷം പ്രസംഗിക്കുകയും അനേകം തീർത്ഥാടകർ ഞങ്ങളുടെ പ്രസംഗം ശ്രദ്ധയോടെ കേൾക്കയും ചെയ്തു.

ഒരു തീർത്ഥാടകൻ ചോദിക്കുകയാണു്: "ക്രിസ്തു എന്നു നിങ്ങൾ പറയുന്നതിൻെറ അർത്ഥം കൃഷ്ണനെന്നാണോ? അതോ മററുവല്ല അവതാരവുമെന്നാണോ?"

ഏതാനും സംസ്കൃതശ്ലോകങ്ങൾ ചൊല്ലിയശേഷം പണ്ഡിതർ മറുപടി പറഞ്ഞു: "ഞങ്ങൾ പ്രസംഗിക്കുന്നതു കൃഷ്ണനെപ്പററിയല്ല, ശാസ്ത്രങ്ങളിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന പാപരഹിത അവതാരമായ ക്രിസ്തുവിനെപ്പററിയാണു്. കൃഷ്ണൻ അവതരിച്ചതു പാപികളെ രക്ഷിപ്പാനല്ല-അവരെ നശിപ്പിക്കുവാനാണു്. (ഗീത 4: 8) എന്നാൽ, ക്രിസ്തു പാപികളെ രക്ഷിപ്പാനാണു വന്നതു്" (മത്തായി 9: 13. ലൂക്കൊസ് 9: 56).

സുവിശേഷ പ്രഭാഷണം കഴിഞ്ഞു പണ്ഡിതർ എന്നെ അദ്ദേഹത്തിൻെറ ഭവനത്തിൽ കൂട്ടിക്കൊണ്ടുപോയി, സ്വഭാര്യയേയും പുത്രന്മാരിരുവരെയും എനിക്കു പരിചയപ്പെടുത്തിത്തന്നു. പുത്രന്മാർ അച്ഛനെപ്പോലെതന്നെ തീവ്രഭക്തിയുള്ള ക്രിസ്ത്യനികളായിരുന്നു. ഭക്ഷണത്തിനു ശേഷം ഞങ്ങൾ ഏറെനേരം വർത്തമാനം പറഞ്ഞിരിക്കുകയും, അനേകവർഷങ്ങളായി അദ്ദേഹം ക്രിസ്തുവിനുവേണ്ടി ഇവ്വിധം പ്രവർത്തിക്കുന്ന കാര്യം എന്നോടു വിശദീകരിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പ്രസംഗം മൂലം അനേകർ വിശ്വാസികളായിത്തീൎന്നിട്ടുണ്ടു്. ആ സ്ഥലത്തുള്ള മിഷനറിമാക്കും ക്രിസ്ത്യാനികൾക്കും അദ്ദേഹത്തെ പരിചയമില്ലായിരുന്നു താനും. എങ്കിലും അവർ വിതച്ചതായ വിത്തു് എങ്ങിനെയെന്നവരറിയാതെ തന്നെ മുളച്ചു വളരുകയായിരുന്നു (മർക്കോസ് 4 : 26–29).

അദ്ദേഹം എങ്ങനെയാണു ക്രിസ്ത്യാനിയായതെന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി ഇപ്രകാരമാണു്: "ഞാൻ ക്രിസ്തുവിനെപ്പററി പലപ്പോഴും കേട്ടിട്ടുണ്ടായിരുന്നുവെങ്കിലും ഒരു മുൻവിധി മൂലം, ക്രിസ്ത്യാനികളിൽ നിന്നും മിഷനറിമാരിൽ നിന്നും അവരുടെ ക്രിസ്തുവിൽനിന്നും എത്രത്തോളം അകന്നു നിൽക്കാമോ അത്രത്തോളം ഞാനകന്നു മാറിനിന്നു.

ഒരിക്കൽ അല്ലഹബാദിലെ കുംഭമേളയിൽവച്ചു 'രഹസ്യ ക്രിസ്തീയസംഘ'ത്തിൽപ്പെട്ട ജ്ഞാനികളായ രണ്ടു പേരെ ഞാൻ കാണ്മാനിടയായി. അവർ വലിയ സംസ്കൃതപണ്ഡിതന്മാരായിരുന്നു. അവരിരുവരും ഹിന്ദുക്കളാണെന്നാണു ഞാനോർത്തതു്. ക്രിസ്തു മാത്രമാണു രക്ഷകനെന്നു കുറേശ്ശെ കുറേശ്ശെയായി അവരെനിക്കു വ്യക്തമാക്കിത്തന്നു. ഏതാനും ദിവസങ്ങൾകൊണ്ടു ക്രിസ്തുമതത്തെപ്പററിയുള്ള എൻെറ വെറുപ്പും തെററിദ്ധാരണയും മാറിക്കിട്ടി. അനന്തരം ഈ സന്യാസിമാർ 'പിതാവിൻെറയും പുത്രന്റെയും പരിശുദ്ധാത്മാവിൻെറ'യും നാമത്തിൽ, യമുനാനദിയിൽ വച്ചെന്നെ സ്നാനപ്പെടുത്തി. അന്നു മുതൽ എൻെറ സമയവും ശക്തിയും എൻെറ രക്ഷകനുവേണ്ടിയാണു ഞാൻ ചെലവഴിക്കുന്നതു്. ആ സന്യാസിമാരെ കണ്ടുമുട്ടിയി

ല്ലായിരുന്നുവെങ്കിൽ ഞാനൊരിക്കലും ക്രിസ്ത്യാനിയാക യില്ലായിരുന്നു.''

## നിയമവും രക്ഷയും

പണ്ഡിതർ തുടർന്നു: "എൻെറ ചില പ്രയാസങ്ങൾക്കു് ഇവർ തൃപ്തികരമായ വിശദീകരണം സമാധാനം നല്കി. ചില മതങ്ങളിൽ ധർമ്മശാസനങ്ങൾ (Law) ഉള്ളതു പോലെ, ഹിന്ദുമതത്തിൽ 'കർമ്മ'മെന്ന സിദ്ധാന്തമുണ്ടെ ന്നവർ പറഞ്ഞു. (കർമ്മം=പ്രവൃത്തിക്കനുസരണമായ പ്ര തിഫലമോ ശിക്ഷയോ നൽകൽ). നിയമം ആരെയും നല്ല വരാക്കുന്നില്ല. അതു നന്മയും തിന്മയും തമ്മിൽ വിവേചിച്ചു കാണിക്കുന്നു; അതായതു നാം ചെയ്യേണ്ടവയും ചെ യ്യാൻ പാടില്ലാത്തവയുമായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കു ന്നു. ആരും ധർമ്മശാസനങ്ങൾ ഇതുവരെ കർക്കശമായി പാ ലിച്ചിട്ടില്ല; പാലിക്കുവാൻ ഒട്ടു സാദ്ധ്യവുമല്ല. തന്മൂലം എ ല്ലാവരും രക്ഷാനിർണ്ണയമില്ലാത്തവരായിത്തീരുന്നു. മോശെ യാണോ ഋഷികളാണോ നിയമം നല്കിയതെന്നുള്ളതൊരു കാര്യമല്ല. കൃപയും സത്യവും യേശുക്രിസ്തുവിൽക്കൂടെയാണു വന്നിട്ടുള്ളതു് (യോഹ. 10 : 17). നിയമം ആരെയും ധർമ്മ നിഷ്ഠരാക്കുന്നില്ല; അതു ധർമ്മനിഷ്ഠയെപ്പററി ഊന്നിപ്പറയു ന്നതേയുള്ളു. ഈ ലക്ഷ്യം നമുക്കു ക്രിസ്തുവിൽ കണ്ടെത്തുവാൻ കഴിയും. ദൈവം തന്നെ മനുഷ്യനായി അവതരിക്കയാൽ, മനുഷ്യനു വേണ്ടിയുള്ള ധർമ്മശാസനങ്ങൾക്കു ദൈവം നിവൃ ത്തി വരുത്തിയിരിക്കുന്നു (റോമർ 5 : 19). സ്വജീവൻ ബലികഴിച്ചതുമൂലം അവൻ പാപത്തിൽ മരണപ്പെട്ടവർക്കു ജീവൻ നൽകി. രക്ഷണ്യപ്രവർത്തനം പൂർത്തിയാക്കിയ ശേഷം 'എല്ലാം നിവൃത്തിയായി' എന്നവൻ പ്രഖ്യാപനം ചെയ്തു.''

പണ്ഡിതർ തുടർന്നു: "ഞങ്ങളുടെ മനഃപ്രയാസങ്ങൾക്കു് ആരോ പരിഹാരമാർഗ്ഗം നൽകിയതുകൊണ്ടല്ല ഞാനും എൻെറ കുടുംബവും ക്രിസ്തുവിൽ വിശ്വസിക്കുന്നതു്; പിന്നെ യോ ക്രിസ്തു യഥാർത്ഥത്തിൽ ഞങ്ങളുടെയും ലോകത്തിൻെറ യും രക്ഷിതാവാണെന്നു വ്യക്തിഗതമായ അനുഭവങ്ങ

ളിൽക്കൂടെ ഞങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ്. (യോഹ. 4 : 12)

## ഈജിപ്തുകാരനായ ഒരു മുസ്ളീം

പുറമെ കണ്ടാൽ മുസ്ലീം—എന്നാൽ ഹൃദയത്തിലൊരു ക്രിസ്ത്യാനി—അങ്ങനെയൊരാൾ ഞാൻ കെയിറോയിലായിരുന്നപ്പോൾ നല്ലയ സാക്ഷ്യത്തെപ്പററി ഞാനോക്കുന്നു. അയാൾ പറഞ്ഞതിപ്രകാരമാണ്: "വളരെ ചെറുപ്പം മുതൽതന്നെ മതനിയമങ്ങളും ദൈവകല്പനകളും എന്നെ പഠിപ്പിച്ചിരുന്നു. മതനിയമങ്ങളനുസരിച്ചു ജീവിക്കുവാൻ ഞാൻ യഥാൎത്ഥത്തിൽ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ ഞാൻ പലപ്പോഴും പരാജയമടയുകയും തന്മൂലം നിരാശനാകയും ചെയ്തു. ദൈവം ദയാലുവും കരുണാൎദ്രനമാണെന്നെനിക്കറിയാം; എങ്കിലും എനിക്കു സമാധാനമില്ലായിരുന്നു. എൻെറ പാപാവസ്ഥയെപ്പററി ഞാൻ ചിന്തിച്ചപ്പോഴൊക്കെ ദൈവവും സ്വൎഗ്ഗവും വിശുദ്ധസ്ഥലങ്ങളാണെന്നും, എൻെറ പാപങ്ങൾ മോചിച്ചുകിട്ടിയാൽത്തന്നെയും—എന്റെ പാപസ്വഭാവം മാറാതെയും ഞാൻ ശുദ്ധീകരിക്കപ്പെടാതെയും ഇരിക്കുന്ന കാലത്തോളം —വിശുദ്ധ ദൈവത്തിൻെറ സന്നിധിയിൽ എനിക്കു പ്രവേശിക്കുവാൻ സാദ്ധ്യമല്ലെന്നുമുള്ള ക്ലേശബോധം മൂലം എനിക്കൊരിക്കലും ഹൃദയസമാധാനമില്ലായിരുന്നു. എൻെറ പഴയസ്വഭാവം മാറിക്കിട്ടുന്നതിനും രക്ഷയും പുതുജീവനും എങ്ങനെ നേടാമെന്നറിയുന്നതിനും വേണ്ടി ഖുർ–ആൻ, ഹാഡിസ് മുതലായ വിശുദ്ധഗ്രന്ഥങ്ങൾ അനേക വൎഷങ്ങളായി ഞാൻ പഠിച്ചുകൊണ്ടാണിരുന്നതു്. പക്ഷേ, എൻെറ യത്നങ്ങൾ വിഫലങ്ങളായിത്തീൎന്നു. സ്നേഹവാനായ ദൈവത്തെ ഞാൻ അങ്ങോട്ടന്വേഷിക്കുന്നതിനു മുൻപു തന്നെ സ്നേഹവാനായ ദൈവം എന്നെ ഇങ്ങോട്ടു തെരഞ്ഞുകൊണ്ടാണിരുന്നതു്. ദൈവത്തിനു സ്തോത്രം! ഞാനവനെ കണ്ടെത്തുകയും അവനെന്നെ കണ്ടെത്തുകയും ചെയ്തിട്ടുപോലും, ഞാൻ വീണ്ടും ജനിക്കുന്നതുവരെ അവനെ ശരിയായി മനസ്സിലാക്കുവാൻ എനിക്കു സാധിച്ചില്ല. ഇപ്പോളെനിക്കവനെ അറിയാം. അവന്റെ സാദൃശ്യം എന്നി

ല്ലുണ്ട്. ലോകാരംഭം മുതൽ അവൻ എൻെറയും ഞാനവ ൻെറയുമാണ്. എൻെറ ഹൃദയമിതാ സമാധാനംകൊണ്ടു നിറഞ്ഞിരിക്കുന്നു. യഥാത്ഥ ഇസ്ലാമിനെ ഞാൻ കണ്ടെത്തി യിരിക്കുന്നു; അവ എനിക്കുവേണ്ടി ക്രൂശിക്കപ്പെട്ടുകയും എനിക്കുവേണ്ടി എന്നാളും ജീവിക്കുകയും ചെയ്യുന്ന യേശു ക്രിസ്തുവാണ്. ഇനിയുമുള്ള എൻെറ ജീവിതകാലമത്രയും അവൻെറ സേവനത്തിനുവേണ്ടി ഞാൻ മാററിവച്ചിരി ക്കുന്നു.''

സഭയുടെ ആത്മീയ നിലവാരത്തെ വിമശിച്ചുകൊണ്ട് അദ്ദേഹം തുടന്നു: ''സഭയിലെ ഒരംഗമായി സ്നാനപ്പെട്ടു ന്നതിനേക്കാൾ നല്ലതു നൈൽ നദിയിൽ മുങ്ങിച്ചാകുന്നതാ ണെന്നു ഞാൻ കരുതുന്നു. കാരണം? സഭാംഗങ്ങളുടെ ജീവിതം എൻെറ പഴയ മതത്തിലെ അംഗങ്ങളുടെ ജീവി തത്തേക്കാൾ ഒട്ടുംതന്നെ മെച്ചമായിക്കാണുന്നില്ല. മുള്ളുകളു ടെ ഇടയിൽനിന്നു വിട്ടുമാറി ഞെരിഞ്ഞില്ലുകളുടെയിടയിൽ വീഴുന്നതുകൊണ്ടോ ചെളിയിൽനിന്നു ചേററിൽ വീഴു ന്നതുകൊണ്ടോ എന്താണു പ്രയോജനം? ഇവയിൽ നിന്നെ ല്ലാം മാറി എൻെറ കത്താവുമായി സമ്പക്കത്തിലിരി ക്കുന്നതാണു നല്ലതു്. എനിക്കവസരം കിട്ടുമ്പോഴൊക്കെ, എനിക്കു കഴിയുമ്പോലെ അവനെ സാക്ഷീകരിക്കാമല്ലോ. എൻെറ സേവനം ദൈവം അംഗീകരിക്കുമെന്നെനിക്കു പൂണ്ണ വിശ്വാസമുണ്ട്.''

പാശ്ചാത്യരും പൗരസ്ത്യരുമായ പല ക്രിസ്ത്യാനികളു മായി ഈ മനുഷ്യനു നല്ല പരിചയമുണ്ടായിരുന്നു. അവ രുടെ ധാമ്മിക—ആദ്ധ്യാത്മിക—സാമൂഹ്യ ജീവിതത്തെ പ്പററിയും ഇയാൾക്കറിയാമായിരുന്നു. ക്രിസ്തുവിനെ സ്വീക രിച്ചെങ്കിലും അയാൾ യാതൊരു സഭയിലും അംഗമായി ചേന്നില്ല. ഇയാളെ സംബന്ധിച്ചിടത്തോളം, ക്രിസ്തീയ കൂട്ടായ്മയിലും സ്നേഹത്തിലും സഹാനുഭൂതിയിലും ചില സഭ കൾക്കു പോരായ്മയുള്ളതായിക്കാണപ്പെട്ടു. ഇയാളൊരു വ്യക്തിമാത്രമല്ല ഇങ്ങനെ ചിന്തിക്കുന്നതു്. ക്രിസ്ത്യാനിക ളുണന്നു്,അവരുടെ ചുമതലകൾ ശരിയായി മനസ്സിലാക്ക ണം എന്നുള്ള സത്യത്തോടുള്ള ഒരു വെല്ലുവിളിയാണിതു്!

സഭയുടെ തണുപ്പൻ നയം മൂലം, സഭയിൽനിന്നു മാറി നില്ക്കാൻ ആഗ്രഹിക്കുന്നവരായി ഇയാളെപ്പോലെ മററനേകരുമുണ്ട്. "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല" (മത്തായി 7 : 23) എന്നു ക്രിസ്തുതന്നെ, ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനികളോടു പറയും.

## രണ്ടു സഹോദരന്മാർ

ഞാൻ പലപ്പോഴും കൂടിക്കാണാറുള്ള മററൊരു മനുഷ്യൻ, അനേകവർഷങ്ങളിലെ അയാളുടെ അന്വേഷണത്തിനുശേഷം ക്രിസ്തുവിനെ രക്ഷകനായി കണ്ടെത്തുകയുണ്ടായി. അയാളും കാണപ്പെട്ട സഭയ്ക്കു പുറമെ നിന്നുകൊണ്ട് തൻെറ സ്വന്ത നിലയിൽ കർത്താവിൻെറ വേല ചെയ്തുകൊണ്ടിരുന്നു. കർത്താവ് അയാളുടെ വേലയെ അനുഗ്രഹിക്കുകയും ചെയ്തു എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. വേറൊരു മനുഷ്യൻെറ സാന്നിദ്ധ്യത്തിൽവച്ച് അയാൾ തൻെറ വേലയെപ്പററി രസകരമായ ഒരു വിവരണം നൽകിയതു കേൾക്കുക. "...ക്രിസ്തുവിനെ ഞാൻ രക്ഷകനായി സ്വീകരിക്കുകയും അവനെന്നെ അംഗീകരിക്കയും ചെയ്തപ്പോൾ, ഞാനാദ്യമായിച്ചെയ്തതു് എൻെറ ബന്ധുജനങ്ങൾക്കുടി ക്രിസ്തുവിനെ അറിയുവാനുള്ള ശ്രമങ്ങൾ തുടങ്ങുകയായിരുന്നു. അന്ത്രയോസ് ആദ്യമായി സ്വസഹോദരനായ പത്രോസിൻെറയടുക്കൽ പോയതുപോലെ (യോഹ. 1 : 41) ഞാനാദ്യമായി എൻെറ സഹോദരൻെറയടുക്കൽ ചെന്നു പറഞ്ഞു : "ഞാൻ നസ്രായനായ യേശുവിനെ കണ്ടെത്തിയിരിക്കുന്നു. അവനെനിക്കു പാപമോചനവും, അനേക വർഷങ്ങളായി ഞാനന്വേഷിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ഹൃദയസമാധാനവും നൽകിയിരിക്കുന്നു." ഇതു കേട്ടയുടനെ എൻെറ സഹോദരൻ വളരെയധികം കോപിഷ്ഠനായി പറഞ്ഞു : "നീയും നിൻെറ സമാധാനവും നശിച്ചുപോകട്ടെ! നിനക്കു ഹിന്ദുമതം വിട്ടു ക്രിസ്ത്യാനികളോടു ചേരണം അല്ലേ? അവരുടെ മതം വെറും തട്ടിപ്പാണ് നിനക്കും നിൻെറ കുടുംബത്തിനും അപമാനം നേരിടും. നീ വല്ല കിണററിലും ചാടി മുങ്ങിച്ചാകുന്നതാണ് ഇതിനേക്കാൾ നല്ലതു്. ഈശ്വരൻ നിന്നെ

ശരിയായ വഴിയിലേക്കു കൊണ്ടുവരട്ടെയെന്നു ഞാൻ പ്രാൎത്ഥിക്കുന്നു. അല്ലെങ്കിൽ നിൻെറ കണ്ണുകൾ അന്ധമാകട്ടെ—അപ്പോൾ നീ യാഥാൎത്ഥ്യമറിഞ്ഞു നിൻെറ മതം വിട്ടു പോകാതിരിക്കും."

ഞാൻ മറുപടി പറഞ്ഞു: "കോപിക്കരുതെ. ചേട്ടൻ ഈ കാൎയ്യം ഗൗരവമായി പരിശോധിച്ചു നോക്കണം; കപടമേതെന്നും സത്യമേതെന്നും അപ്പോൾ കാണുവാൻ സാധിക്കും. ഞാൻ അന്ധനായിത്തീരണമെന്നല്ലേ ചേട്ടൻ ചേട്ടൻെറ ദൈവത്തോടു പ്രാൎത്ഥിച്ചതു്. ദൈവം ചേട്ടൻെറ കണ്ണുകൾ തുറക്കുകയും ദൈവത്തെ കാണുകയും അവനെ അറിയുകയും ചെയ്യത്തക്കവണ്ണം ചേട്ടൻെറ കണ്ണുകൾ തുറന്നു കിട്ടണമെന്നാണു സ്നേഹവാനായ എൻെറ ദൈവത്തോടു ഞാൻ പ്രാൎത്ഥിക്കുന്നതു്..." ഇതു കേട്ടപ്പോൾ അദ്ദേഹം അല്പമൊന്നു തണുത്തു ശാന്തനായി. അനേക ദിവസങ്ങൾ ഞങ്ങളിങ്ങനെ പരസ്പരസംഭാഷണം ചെയ്തുകൊണ്ടിരുന്നു. കുറെനാൾ കഴിഞ്ഞു് അദ്ദേഹം പറയുകയാണു് "ശരി, മിഷൻ പറമ്പാകുന്ന ആ കോഴിക്കൂട്ടിലേക്കു് (Poultry–yard) നീ മാറാതെ, ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടു തന്നെ ഇവിടെ ഞങ്ങളുടെ ഇടയിൽ താമസിക്കുന്നതിൽ തരക്കേടില്ല. ഞാൻ പറഞ്ഞു: 'മിഷൻ പറമ്പിൽ പോയി താമസിക്കണമെന്നു എനിക്കു യാതൊരാഗ്രഹവുമില്ല. പാതിരിയെയോ ഉപദേശിയെയോ പരിഗണിച്ചല്ല, ഞാൻ ക്രിസ്ത്യാനിയായതു്. എന്നോടു കൂടി എല്ലായ്പോഴുമുള്ള ക്രിസ്തുവിനു വേണ്ടിയാണു് (മത്താ. 28: 20) ഞാൻ ക്രിസ്ത്യാനിയായതു്.' അതിനുശേഷം ചേട്ടൻ എല്ലാ ദിവസവും എൻെറ കൂടെയിരുന്നു ബൈബിൾ വായിക്കുവാൻ തുടങ്ങി. ദൈവത്തിൻെറ ആത്മാവു് എൻെറ സഹോദരനിൽ പ്രവൎത്തനമാരംഭിച്ചു. ദൈവമെൻെറ പ്രാൎത്ഥന കേട്ടു, എൻെറ കണ്ണു പൊട്ടിപ്പോകണമെന്നു പ്രാൎത്ഥിച്ച ചേട്ടൻെറ കണ്ണുകൾ തുറന്നു കിട്ടി. ശാരീരിക ബന്ധമുള്ളതുകൊണ്ടു മാത്രമല്ല, ആത്മീകബന്ധമുള്ളതുകൊണ്ടു് അദ്ദേഹമിപ്പോൾ എൻെറ യഥാൎത്ഥ സഹോദരനാണു്." തൻെറയടുത്തു നിന്ന മനുഷ്യനെ കാണിച്ചുകൊണ്ടു് 'ആ സഹോദരൻ ഇതാണു്'

എന്നദ്ദേഹം പറഞ്ഞു. കൃതജ്ഞതാനിർഭരമായ കണ്ണുനീരോടുകൂടി ആ സഹോദരൻ തന്റെ ക്രിസ്തീയാനുഭവങ്ങളെപ്പററി പറയുവാൻ തുടങ്ങി. ഞങ്ങൾ മൂവരും മുട്ടുകുത്തി, ഓരോരുത്തരും മററു രണ്ടുപേക്കും വേണ്ടി പ്രാത്ഥിച്ചശേഷം ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

## സിക്കുകാരനായ സർദാർ

മുഖ്യമായും സിക്കുമതക്കാർ താമസിച്ചിരുന്നതായ ഒരു ഗ്രാമത്തിൽ ഞാനൊരിക്കൽ പ്രസംഗിക്കുവാൻ പോയി. ഞാൻ സിക്കുമതത്തിൽ നിന്നു മതപരിവത്തനം ചെയ്യപ്പെട്ട ആളാണെന്നു മനസ്സിലായപ്പോൾ, അവരെന്നെ പ്രബലമായി എതിക്കുകയും എന്റെ നേരെ ഇഷ്ടികക്കഷണങ്ങൾ വലിച്ചെറിയുകയും ചെയ്തു. ഇതെല്ലാം സൂക്ഷ്മമായി ശ്രദ്ധിച്ചുകൊണ്ടു ഒരാൾ അവിടെ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹമുടനെ ചാടിയെഴുന്നേററ് ജനങ്ങളെ തടയുകയും എന്നെ കല്ലേറിൽ നിന്നു രക്ഷപ്പെടുത്തുകയും ചെയ്തു. മാന്യതയും സ്വാധീന ശക്തിയുമുള്ള ഒരു ഭൂവുടമയാണദ്ദേഹമെന്നു പിന്നീടെനിക്കു മനസ്സിലായി. ആളുകൾ പിരിഞ്ഞു പോയപ്പോൾ ജന്മി എന്നെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടു പോയി അതിഥിസല്ക്കാരം ചെയ്തു. ഞാനല്പം വിശ്രമിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹമെന്നെയടുക്കൽ വിളിച്ച് അദ്ദേഹത്തിന്റെ ഹൃദയഗതി കലവറയില്ലാതെ തുറന്നു കാണിച്ചു. "കുറെ നാളുകൾക്കു മുമ്പു ഞാനൊരുത്സവം കാണാൻ പോയി. ഒരാളവിടെ മതഗ്രന്ഥങ്ങൾ വില്ക്കുന്നുണ്ടായിരുന്നു. സുവിശേഷത്തിന്റെ ഒരു പ്രതി നോക്കുവാനായി ഞാനവിടെ നിന്നപ്പോൾ, മതഭ്രാന്തനായ ഒരു ആയ്യസമാജക്കാരൻ പുസ്തകങ്ങൾ വാങ്ങുന്നതിൽ നിന്നു് എന്നെയും മററുള്ളവരെയും വിലക്കി. അതിലെ കടന്നുപോയ ഒരു സന്യാസി പറഞ്ഞു: 'വേണ്ടാ', ഭയപ്പെടേണ്ടാ. ഇടുങ്ങിയ മനഃസ്ഥിതി കാണിക്കരുതു്. ഈ പുസ്തകങ്ങൾ വായിച്ചതുകൊണ്ടു, ഒരാളുടെയും ജീവിതം വഷളായിട്ടില്ല. പ്രത്യുത, പല ജീവിതങ്ങളും രൂപാന്തരം പ്രാപിക്കയാണു ചെയ്തിട്ടുള്ളതു്. ഞാൻ തന്നെ ഈ പുസ്തകങ്ങൾ വായി

കുന്ന പതിവുണ്ട്. ഇവ വായിക്കുന്നതുകൊണ്ട് ഹിന്ദുമതമോ, ബുദ്ധമതമോ, മുസ്ളീം മതമോ പരാജയപ്പെട്ട പോകത്തക്കവിധത്തിൽ ആ മതങ്ങൾ അത്ര ദുർബ്ബലവും മനസ്സാക്ഷിക്കു ബോദ്ധ്യം വരുത്താത്തവയുമാണെങ്കിൽ ആ മതങ്ങൾ വിശ്വസിക്കത്തക്കവയല്ല. എല്ലാ മതങ്ങളെയും ജയിക്കുന്ന ഈ മാതിരിയൊരു മതത്തിൽ വിശ്വസിക്കുന്നതാണു നല്ലതു്. ഈ മതം അതിൻെറ അനുയായികളെ പാപത്തിൽനിന്നു മോചിപ്പിച്ചു് അവരെ ശക്തരും വിജയശ്രീലാളിതരുമാക്കിത്തീക്കുന്നു.

ഉടനടി, ആയ്യസമാജക്കാരനും സന്യാസിയും തമ്മിൽ വാഗ്വാദമായി. സന്യാസി പറഞ്ഞതനുസരിച്ചു്, സുവിശേഷത്തിൻെറ ഒരു പ്രതി വാങ്ങിച്ചുകൊണ്ടു ഞാൻ സ്ഥലം വിട്ടു. ആ സന്യാസിയെ പിന്നീട്ടു കാണ്മാൻ സാധിക്കാഞ്ഞതിൽ എനിക്കു സങ്കടമുണ്ടു്. ഞാൻ വീട്ടിലെത്തിയ ശേഷം, ദിവസവും സുവിശേഷം വായിച്ചു പഠിച്ചുകൊണ്ടിരുന്നു. എൻെറ ജീവിതം അപ്പാടെ വ്യത്യസ്തമായിത്തീൻ എന്നുള്ളതാണതിൻെറ ഫലം. ക്രിസ്തു മാത്രമാണു് രക്ഷകനെന്നും, ക്രിസ്തു സവ്വലോകത്തിൻെറയും രക്ഷകൻ ആണെന്നും ഇപ്പോഴെനിക്കറിയാം. ക്രിസ്തു സ്വശിഷ്യന്മാരെ പഠിപ്പിച്ചതായ പ്രാത്ഥന ഞാനെല്ലാ ദിവസവും പ്രാത്ഥിക്കാറുണ്ടു്. മുമ്പില്ലാതിരുന്ന സമ്പൂണ്ണസമാധാനംകൊണ്ടു് എൻെറ ഹൃദയം നിറഞ്ഞിരിക്കുന്നു. ഹൃദയത്തിൻെറ അഗാധതയിൽ നിന്നു ഞാനവനു നന്ദിപറയുന്നു! അവസരം കിട്ടുമ്പോഴൊക്കെ, ഞാൻ കത്താവിൻെറ ജീവദായകമായ ഉപദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ആത്മാവിൻെറ സ്നാനം എന്താണെന്നെനിക്കറിയാം; വെള്ളംകൊണ്ടുള്ള സ്നാനമെന്താണെന്നു് എനിക്കറിഞ്ഞുകൂടാ. അങ്ങേയ്ക്കെന്നെ സ്നാനപ്പെടുത്താമോ? ദുർബ്ബലമായ ജീവിതാന്ത്യത്തിൽ എൻെറ വീടു വിട്ടു്, ഇന്ത്യാക്കാരെങ്കിലും—ഇന്ത്യാക്കാരല്ലാത്ത ആ അന്യരുടെകൂടെപോയി താമസിക്കുവാൻ എനിക്കു സാദ്ധ്യമല്ല. അവരുടെ സമ്പ്രദായങ്ങൾ യൂറോപ്യന്മാരുടെതാണു്. സന്മാർഗ്ഗ ബോധത്തിലും ആത്മീയ കായ്യങ്ങളിലും അവർ ഇവിടെയുള്ള എൻെറ കൂട്ടരെക്കാൾ ഒട്ടും തന്നെ മെച്ചമല്ല. ചില കായ്യങ്ങളിൽ അവരെൻെറ

കൂട്ടരെക്കാൾ കൂടുതൽ ചീത്തയുമാണ്. ഞാനവിടം വിട്ട് അവരുടെ കൂടെ ജീവിക്കണമെന്നുള്ളതു കത്താവിൻെറ ഹിതമാണെന്നു ഞാൻ വിചാരിക്കുന്നുമില്ല. അവരിൽ ചിലർ നല്ല ക്രിസ്ത്യാനികളാണ്—സംശയമില്ല. എന്നാൽ അവരിൽ ഭൂരിഭാഗവും അക്രൈസ്തവരേക്കാൾ ഒട്ടും തന്നെ നല്ലവരല്ല. ഇവിടെത്തന്നെ താമസിച്ചുകൊണ്ട് എൻെറ ത്രാണിയനുസരിച്ചു കത്താവിനു വേണ്ടി പ്രവത്തിക്കുന്നതു നല്ലതാണെന്നു തോന്നുന്നു...കണ്ണുനീരോടെ അദ്ദേഹം പറകയാണ്. അവൻ ഇന്നു വരികയാണെങ്കിൽ, അല്ലെങ്കിൽ എന്നെ ഉടനെ തൻെറ സന്നിധിയിലേക്കു വിളിക്കയാണെങ്കിൽ അവനെന്നെ ഒരു നാളും തള്ളിക്കളകയില്ല... (യോഹ. 6: 37).

കണ്ണുനീർ തുടച്ചുകൊണ്ട് അദ്ദേഹമവിടെയിരുന്നപ്പോൾ എനിക്കുണ്ടായ അനുഭവങ്ങളെയും എനിക്കു നേരിട്ട പീഡനങ്ങളെയും ദൈവമെന്നെ അത്ഭുതകരമായി പരിപാലിച്ചതിനെയും പററി ഞാനദ്ദേഹത്തോടു പറഞ്ഞു. ഞാൻ സാർദാർജിയുടെ കൂടെ ഏതാനും ദിവസങ്ങൾ താമസിച്ചു. സുവിശേഷ ഘോഷണത്തിന് എന്നെ എല്ലാ വിധത്തിലും അദ്ദേഹം സഹായിച്ചു: ഞാൻ ആളുകളെ സ്നാനപ്പെടുത്തുക പതിവില്ലാത്തതിനാൽ സ്നാനപ്പെടുത്തുവാൻ വേണ്ടി ഒരു പാതിരിയച്ചനെ വിളിക്കുവാൻ ഞാനദ്ദേഹത്തോടു പറഞ്ഞു. കത്താവു ലെഗ്യോനെ പുറത്താക്കിയ ആളെപ്പോലെ—തൻെറ സ്വന്തഭവനത്തിലും സ്നേഹിതന്മാരുടെയും അടുക്കൽ കത്താവു ചെയ്ത വൻകാര്യങ്ങളൊക്കെ സാക്ഷീകരിക്കുവാൻ അയക്കപ്പെട്ടവനെപ്പോലെ—ഇരിക്കുവാൻ (മക്കോ. 5:19) ഞാനദ്ദേഹത്തെ ഉപദേശിച്ചു.

പുതുതായി സ്നാനപ്പെട്ടവരെ അവരുടെ ബന്ധുജനങ്ങളിൽ നിന്നും സ്നേഹിതന്മാരിൽ നിന്നും മാററിത്താമസിപ്പിക്കുന്നതിനേക്കാൾ കൂടുതൽ നല്ലതു്, സ്വഭവനങ്ങളിൽ തന്നെ വസിച്ചു സാക്ഷ്യം വഹിക്കാൻ അവരെ അനുവദിക്കുന്നതാണെന്നാണ് എൻെറ അഭിപ്രായം. തങ്ങളനുഭവിക്കുന്ന പീഡനങ്ങളും പ്രതിബന്ധങ്ങളും മൂലം അവർ ശക്തീകരിക്കപ്പെടും. അപകടങ്ങളും പരീക്ഷണ

ങ്ങളും പ്രയാസങ്ങളും അവക്കുണ്ടാകാം എന്ന കാൎയ്യത്തിൽ സംശയമില്ല. സ്വന്തക്കാരുടെ സാമൂഹ്യ നിയന്ത്രണങ്ങളിൽ നിന്നു വിട്ടുമാറി പുതിയ സാഹചൎയ്യങ്ങളിൽ നിവസിക്കുന്നതുമൂലം ഇതിനോടു തുല്യമായ അപകടങ്ങളും പരീക്ഷണങ്ങളുമുണ്ടാകാം എന്ന കാൎയ്യവും നാം ഓർത്തിരിക്കേണ്ടതാണു്. എൻെറയനുഭവം വെച്ചുനോക്കിയാൽ രണ്ടു സ്ഥലങ്ങളിലെയും പ്രശ്നങ്ങൾ ഏതാണ്ടു തുല്യമായവയാണു്. അവയുടെ രീതിയിൽ വ്യത്യാസം കണ്ടേക്കാം. ജീവിക്കുന്നവനായ ക്രിസ്തുവിൻെറ സചേതനപ്രക്രിയ സംഘടിതമായ സഭയിൽ മാത്രം ഒതുങ്ങി നില്ക്കുന്നവയല്ലെന്നു് ഈ അദ്ധ്യായത്തിൽ ഞാൻ വിശദീകരിച്ചിട്ടുണ്ടല്ലോ. സാധാരണയായി നാം അറിയുന്നതിനേക്കാൾ വളരെയധികം—നമുക്കളക്കാവുന്നതിനേക്കാൾ വളരെക്കൂടിയ തോതിൽ— ഈ സചേതന ക്രിസ്തുസ്വാധീനം ക്രൈസ്തവേതരരുടെയിടയിൽനടന്നുകൊണ്ടാണിരിക്കുന്നതു്. ലോകത്തിലെ സകല ജാതികളിലുമുള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുമെന്നുള്ളതു് സംശയരഹിതമാണു്. അതേസമയംതന്നെ, ദൈവരാജ്യത്തിനുള്ളിലുള്ളവരെന്നു കരുതപ്പെടുന്ന—അനേകായിരങ്ങൾ—കാണപ്പെടുന്ന ക്രിസ്തീയ സഭാവിഭാഗങ്ങളിലെ അംഗങ്ങൾ—ഇരുട്ടിലേയ്ക്കു തള്ളപ്പെടുകയും ചെയ്യും. (മത്താ. 8. 11-12).

അദ്ധ്യായം മൂന്നു്

# ക്രിസ്തു ഇല്ലാത്തവനായ ക്രിസ്ത്യാനി

അക്രൈസ്തവരെന്നറിയപ്പെടുന്ന അനേകർ അവരുടെ ഹൃദയത്തിൽ യഥാത്ഥ സത്യക്രിസ്ത്യാനികളാണെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചല്ലോ. അതുപോലെതന്നെ ക്രിസ്ത്യാനികളെന്നറിയപ്പെടുന്ന പലരും ഇനിയും ക്രിസ്ത്യേതരരാണെന്നു് ഈ അദ്ധ്യായത്തിൽ നമുക്കു കാണാം. ക്രിസ്തു പറഞ്ഞതു്: "ഞാൻ വഴിയും, സത്യവും ജീവനുമാണു്" എന്നത്രേ. ഒരു വഴിയെന്താണെന്നറിയണമെങ്കിൽ അതിലേ നടന്നു നോക്കിയാൽ മാത്രമേ—സത്യമെന്താണെന്നറിയണമെങ്കിൽ പൂൎണ്ണ ഹൃദയത്തോടെ അതിനുവേണ്ടി അന്വേഷിച്ചെങ്കിൽ മാത്രമേ—ജീവൻ എന്താണെന്നറിയണമെങ്കിൽ ജീവിച്ചു നോക്കിയാൽ മാത്രമേ—അറിയുവാൻ സാധിക്കുകയുള്ളു. വഴിയിൽക്കൂടെ നടക്കുന്നതിനോ, സത്യം എന്താണെന്നന്വേഷിക്കുന്നതിനോ, ജീവിതം ജീവിച്ചുനോക്കുന്നതിനോ ആഗ്രഹമില്ലാത്ത അനേകം നാമമാത്ര ക്രിസ്ത്യാനികളുണ്ടു്. തന്മൂലം സത്യം എന്താണെന്നറിയുന്ന കാൎയ്യത്തിൽ അവൎക്കു പങ്കില്ല. ജീവിക്കുന്നവനായ ക്രിസ്തുവിൽക്കൂടെ ജീവിച്ചു് അവൎക്കു പരിചയമില്ല. വഴി വിട്ടു് അവർ സ്വന്ത വഴികളംഗീകരിക്കുന്നു. അതിൻെറയവസാനം നാശമത്രെ. പരിണതഫലമെന്താണു് ? അവർ ക്രിസ്തുവില്ലാത്തവരെന്നും അവിശ്വാസികളെന്നും മാത്രമല്ല, പല അക്രൈസ്തവരേക്കാളും മോശക്കാരുമാകുന്നു.

## അവൻെറ സ്വന്തജനങ്ങളോ അവനെ സ്വീകരിച്ചില്ല

ക്രിസ്തീയ രാജ്യങ്ങളെന്നറിയപ്പെടുന്ന പാശ്ചാത്യരാജ്യങ്ങളിൽ വിദ്യാഭ്യാസവും സാമൂഹ്യ-രാഷ്ട്രീയസ്വാത

ന്ത്ര്യവും വളരെയധികം പുരോഗമിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ ഉപദേശങ്ങളുടെ നേരിട്ടുള്ള ഫലമായിട്ടാണ് ഈ അവസ്ഥ സംജാതമായതു്. എന്നാൽ ഒരു ജനപദവും സമ്പൂർണ്ണമായി ക്രിസ്തീയമല്ലെന്നോർക്കണം. ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികളെ എല്ലാ ജനങ്ങളുടെയിടയിലും കാണാം. പക്ഷേ, ജനസമുദായത്തിലെ എല്ലാ വിഭാഗങ്ങളും പൂർണ്ണമായി ക്രിസ്ത്യാനികളാണെന്നു പറഞ്ഞുകൂടാ. ക്രിസ്തുവിൻെറ സുവിശേഷത്തിൻെറ അനുഗ്രഹം മൂലം ഉന്നതി പ്രാപിച്ചിട്ടുള്ള ജനപദങ്ങൾ ഇക്കാലത്തു പലപ്പോഴും അവനിൽനിന്നു വിട്ടുമാറി അവൻെറ കല്പനകളോട്ട് അവിശ്വസ്തത കാണിക്കുന്നു എന്നാണെൻെറ അഭിപ്രായം. ഈദൃശരാജ്യങ്ങളിലെ ആളുകൾ ക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി വ്യക്തിപരമായി അംഗീകരിക്കുന്നതിനു പകരം അവനെ പലപ്പോഴും ഉപേക്ഷിച്ചു്, അവൻെറ ദൈവത്വത്തെ നിഷേധിച്ചു് അവനെ—അപമാനത്തിലാക്കിയിരിക്കുന്നു. "എൻെറ അപ്പം തിന്നുന്നവൻ എൻെറ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു" (യോഹ. 13 : 18) എന്ന ക്രിസ്തുവിൻെറ വചനം അവർ സ്ഥിരീകരിച്ചിരിക്കുന്നു. പാപക്കറ പുരണ്ടു് അധഃപ്പതിച്ചു പോയ സ്വജനങ്ങളെ ഉദ്ധരിച്ചു് അവരെ ദൈവത്തിൻെറ പുത്രത്വത്തിലേക്കു സമ്പൂർണ്ണമായി ഉയർത്തുവാൻ വേണ്ടിയാണു് ക്രിസ്തു വന്നതു്. എന്നാൽ "സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" (യോഹ. 1 : 11).

## ഒരു വിദ്യാർത്ഥി

കേംബ്രിഡ്ജിൽവച്ചു ഞാൻ നടത്തിയ ഒരു മീററിംഗിൻശേഷം, ഭാവിപ്രതീക്ഷകളുള്ള ഒരു ഹൈന്ദവവിദ്യാർത്ഥി എൻെറയടുക്കൽ വന്നു. ഇൻഡ്യയിൽവച്ചു് അവനൊരു മിഷൻസ്കൂളിലാണു പഠിച്ചിരുന്നതു്. 'ഞാനൊരു ക്രിസ്ത്യാനിയാകും' എന്നു സ്വയം തീരുമാനിക്കത്തക്ക വിധം മിഷൻ സ്കൂളിൽവച്ചു് അവൻെറ ഹൃദയം അത്ര വളരെ ക്രിസ്തുവിങ്കലേക്കാകർഷിക്കപ്പെട്ടു. അവൻ മിഷനറിയുടെ അടുക്കൽ ചെന്നു തന്നെ സ്നാനപ്പെടുത്തണമെ

ന്നാവശ്യപ്പെട്ടു. എന്നാൽ, സ്നാനപ്പെടുത്തുന്നതിനു ഗവ ൺമെൻറു നിശ്ചയിച്ചിട്ടുള്ള പ്രായം അവനു തികഞ്ഞിട്ടില്ലാ ത്തതിനാൽ മിഷനറിക്ക് അവനെ സ്നാനപ്പെടുത്തുവാൻ സാധിച്ചില്ല. പിന്നീടവൻ ഒരു മിഷൻകോളജിൽ പഠിക്കുകയും, അനന്തരം അവൻെറ രക്ഷാകർത്താക്കൾ അവനെ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി ഇംഗ്ലണ്ടിലേ ക്കയയ്ക്കുകയും ചെയ്തു. അവൻ പറഞ്ഞതു കേൾക്കു: ഇംഗ്ല ണ്ടിലേക്കു വരുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടി രുന്നപ്പോൾ എൻെറ സന്തോഷം സീമാതീതമായിരുന്നു. നമ്മുടെ നല്ല മിഷനറിമാർ വരുന്നതായ ഒരു ക്രിസ്തീയരാ ജ്യത്തിൽനിന്നു വിദ്യാഭ്യാസവും ആത്മികാനുഗ്രഹങ്ങളും ലഭിക്കുവാനുള്ള സൗഭാഗ്യം എനിക്കുണ്ടായല്ലോ എന്നോ ത്താണു ഞാൻ സന്തോഷിച്ചതു്. എന്നാൽ ഇവിടെവന്നു കുറേനാൾ താമസിക്കുകയും, ഇവിടുത്തെ ആളുകളുടെ പെ രുമാററവും ജീവിതരീതിയും കാണുകയും ചെയ്തപ്പോൾ എൻെറ മിഥ്യാബോധം മാറിക്കിട്ടി. അവധിക്കാലങ്ങളിൽ ഞാൻ ഫ്രാൻസ്, സ്വിററ്സർലാൻഡ്, ജർമ്മനി മുതലായ യൂറോപ്യൻ രാജ്യങ്ങളിൽ സഞ്ചരിച്ചപ്പോൾ, അവി ടുത്തെയാളുകൾ അക്രൈസ്തവരാജ്യങ്ങളിലുള്ളവരേക്കാൾ അവിശ്വാസികളായി കാണപ്പെട്ടു. അക്രൈസ്തവരാജ്യ ങ്ങളിലുള്ളവർ ഒന്നുകിൽ ഹിന്ദുക്കളാണു്, അല്ലെങ്കിൽ മുസ്ലീങ്ങളാണു്, അതുമല്ലെങ്കിൽ വേറേതെങ്കിലും മതാനു യായികളാണു്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലെ നിലയതല്ല. ഒന്നുകിൽ ക്രിസ്ത്യാനികൾ—അല്ലെങ്കിൽ ഒന്നു മല്ല; ലൗകികത്വമൊഴിച്ചു മററു യാതൊരു മതവുമില്ലാ ത്തവർ. സാധാരണ ജനങ്ങളുടെ നിലപാടു മാത്രമല്ല, ഉന്ന തവിദ്യാഭ്യാസം ലഭിച്ച മുന്നണിക്കാരുടെയും നിലയിതു തന്നെ. 'ഏതെങ്കിലുമൊരു പ്രത്യേകമതത്തിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല; എല്ലാ മതങ്ങളെയും ഞങ്ങൾ ഒരുപോ ലെയാണു പരിഗണിക്കുന്നതു്'' എന്നു് എൻെറ പ്രൊഫസ്സ റന്മാരിൽ ചിലർപോലും പറയുന്നുണ്ടു്...ഇവരെക്കൂടാതെ, ക്രിസ്ത്യാനികളെന്നു സ്വയം വിളിക്കുകയും ക്രിസ്ത്യാനിത്വ ത്തിൻെറ വേരിനു കോടാലി വയ്ക്കുകയും ചെയ്യുന്ന വേറെ ചിലരുണ്ടു്. ക്രിസ്തീയവിശ്വാസത്തിൻെറ അടിസ്ഥാന

ശിലയായിക്കരുതപ്പെട്ടന്ന 'ക്രിസ്തുവിൻെറ ദൈവത്വ'ത്തെ അവർ നിഷേധിക്കുന്നു, ഇതെല്ലാം ആദ്യമായി കണ്ടപ്പോൾ ഞാൻ കൊടിയ ദുഃഖിതനായിത്തീൎന്നു. ക്രിസ്തുവിന്റെ കൂട്ടായ്മയും സ്നേഹവും നേരത്തെതന്നെ എൻെറ ജീവിതത്തിൽ ഞാൻ അനുഭവിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ക്രിസ്തുവിലുള്ള എൻെറ വിശ്വാസം നഷ്ടപ്പെട്ട ഞാൻ മതമില്ലാത്തവനായിത്തീരുമായിരുന്നു. ക്രിസ്തുവിനെപ്പററി ആഴമായ അനുഭവമില്ലായിരുന്നുവെങ്കിലും ക്രിസ്തുവിനെ തൻെറ രക്ഷകനായി സ്വീകരിച്ചതായ എൻെറ ഒരു സ്നേഹിതനു് അങ്ങനെ സംഭവിക്കുകയുണ്ടായി. ക്രിസ്ത്യാനിമതം വെറും പ്രകടനവും ജാടയുമല്ലാതെ മറെറാന്നുമല്ലെന്നു് അയാൾ തറപ്പിച്ചു പറയുന്നു. ക്രിസ്ത്യാനിമതത്തിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽ, മിഷനറിമാർ തിരിച്ചുപോയി അവരുടെ സ്വന്ത ജനങ്ങളെ പഠിപ്പിക്കുകയാണു വേണ്ടതെന്നും, മിഷനറിമാരുടെ സ്വന്ത രാജ്യക്കാൎക്കാണു ഞങ്ങളേക്കാളധികം ക്രിസ്ത്യാനിത്വം ആവശ്യമുള്ളതെന്നും അയാൾ ഇന്ത്യയിൽ തിരിച്ചു ചെല്ലുമ്പോൾ മിഷനറിമാരോടു പറയുവാനിരിക്കയാണു്!"

ആ ഹൈന്ദവവിദ്യാൎത്ഥി തുടൎന്നു: "സ്നേഹമില്ലാത്ത ഈ സഭകളിലൊന്നിലും (Churches—without—charity) ഞാനൊരിക്കലും അംഗമാകയില്ല. എന്നാൽ എൻെറ കഴിവനുസരിച്ചു ഞാനെൻെറ കൎത്താവിനെ പിന്തുടരുകയും സേവിക്കുകയും ചെയ്യും..."

## യാഥാൎത്ഥ്യം

ഞാൻ ആ വിദ്യാർത്ഥിയോടു മറുപടിയായി പറഞ്ഞു: "നീ പറയുന്നതു് ഏറെക്കുറെ ഞാൻ സമ്മതിക്കുന്നു. എൻെറ അനുഭവവും ഏതാണ്ടിതുതന്നെയാണു്. ക്രിസ്തുവിനെ യാതൊരു തരത്തിലും അനുഭവമില്ലാത്ത അനേകർ, ക്രിസ്ത്യാനികളെന്നു തങ്ങളെത്തന്നെ വിളിക്കുന്നുണ്ടെന്നെനിക്കറിയാം. അവരെ ക്രിസ്തുവോടു—കൂടെയല്ലാത്ത—ക്രിസ്ത്യാനികൾ എന്നാണു ഞാൻ വിളിക്കുന്നതു്. ഒരു സഭയിലെ അംഗങ്ങൾ ക്രിസ്തീയജീവിതമില്ലാത്തവരാണെ

ങ്കിൽ ആ സഭ ക്രിസ്ത്യാനിത്വമില്ലാത്ത പള്ളി മതമാണ് (Churchianity without Christianity). ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവരുടെ മതം യഥാർത്ഥത്തിൽ ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനിത്വമാണ് (Christianity without Christ). അവരെല്ലാം തന്നെ അകത്തു പരിപ്പില്ലാത്ത പുറന്തോടുകളാണ്; അവർ ആത്മാവില്ലാത്ത ശരീരങ്ങളാണ്. വെറും നാഗരികതയും ധാർമ്മികജീവിതവും—അതെത്രതന്നെ സുന്ദരമായിരുന്നാലും—ജീവനില്ലാത്ത, തണുത്ത ഒരു പ്രതിമ മാത്രമാണ്. ഈ സ്ഥിതി കാണുന്നതുകൊണ്ടു നീ വല്ലാതെ കുഴങ്ങിപ്പോകരുതു്. ഇതു നമ്മുടെ ജീവിക്കുന്ന കർത്താവിന്റെ കുററമല്ല. അവനല്ല തോററുപോയതു്; പിന്നെയോ, അവനെ മനസ്സിലാക്കുന്നതിനും പിന്തുടരുന്നതിനും കഴിവില്ലാത്ത ജനങ്ങളാണു തോററുപോയതു്. തങ്ങളുടെ ജീവിതത്തിനു രൂപാന്തരം വരുത്തി ഹൃദയങ്ങൾ പറുദീസായാക്കുന്നതിനുള്ള അവസരം അവർ ക്രിസ്തുവിനു നൽകുന്നില്ല."

## ക്രിസ്തുവിന്റെ ദൈവത്വം

ക്രിസ്തുവിന്റെ ദൈവത്വം എന്താണെന്നു മനസ്സിലാക്കുന്നതിനു മുൻപ് നാം പുതുജീവികളായിത്തീരണം. പാപക്കറ പുരണ്ടു് അധഃപതിച്ചു പോയ നമ്മുടെ പഴയ സ്വഭാവം വച്ചുകൊണ്ടിരുന്നാൽ അവനെ മനസ്സിലാക്കുവാൻ നമുക്കു സാധിക്കയില്ല. അദൃശ്യനായ ദൈവത്തിന്റെ പ്രതിച്ഛായയായ അവനെ മനസ്സിലാക്കുന്നതിനു മുൻപ് ഒരു പുതിയ ജീവനും പുതിയ സ്വഭാവവും നമുക്കുണ്ടായിത്തീരണം. ആ പ്രതിച്ഛായയിലാണല്ലോ നാമും നിർമ്മിക്കപ്പെട്ടിരിക്കുന്നതു് (കൊലോസ്യർ 1. 15; 3. 10). അപ്പോൾ മാത്രമേ 'അവൻ സത്യദൈവമാണെന്നറിയുവാൻ' നമുക്കു സാധിക്കുകയുള്ളു (1 യോഹ. 5. 20).

## ജീവശ്വാസവും ദേഹിയും

മനുഷ്യൻ അവന്റെ ആദ്യത്തെ നിലയിൽനിന്നു താഴെ വീണുപോയി എന്നു മാത്രമല്ല, അവൻ മൃതപ്രായനു

മായിരിക്കുന്നു. തന്മൂലം, നമ്മുടെ ചുററിലുമുള്ള വായു നമുക്കു സ്പർശിച്ചറിയുവാൻ സാധിക്കാത്തതുപോലെ ദൈവ സാന്നിദ്ധ്യവും മനുഷ്യനു സ്പർശിച്ചറിയുവാൻ സാദ്ധ്യമല്ലാതായിത്തീന്നിരിക്കുന്നു. മരിച്ചുപോയ ഒരാൾ സ്വജഡത്തിനു ചുററിലുമുള്ള വായു ശ്വസിക്കുകയോ അതിൻെറ സാന്നിദ്ധ്യം അറിയുകയോ ചെയ്യുന്നില്ല. അതുപോലെ തന്നെ പാപത്തിൽ മരിക്കപ്പെട്ടവനായ ഒരു മനുഷ്യൻ ദൈവസാന്നിദ്ധ്യം സ്പർശിച്ചറിയുകയോ പ്രാത്ഥനയാകുന്ന വായു ശ്വസിക്കുകയോ ചെയ്യുന്നില്ല.

ദൈവം ആദാമിൻെറ മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ ആദാം ജീവനുള്ള ദേഹിയായിത്തീൎന്നു. (ഉല്പത്തി. 2. 7) എന്നാൽ പാപം മൂലം ആ ആത്മാവു മൃതമായി. തന്മൂലം, മനുഷ്യനിൽ കത്താവു വീണ്ടും ജീവശ്വാസം ഊതേണ്ടതു് ഒരു ആവശ്യമായിത്തീൎന്നു (യോഹ. 20. 22).

## ലോകത്തിൻെറ വെളിച്ചം

സൂൎയ്യനെത്തന്നെ അതിൻെറ വെളിച്ചത്തിൽ മാത്രമേ നമുക്കു കാണുവാൻ സാധിക്കയുള്ളു. "ലോകത്തിൻെറ വെളിച്ചത്തെ" ക്രിസ്തുവിൻെറ വെളിച്ചത്തിൽ കൂടെ മാത്രമേ കാണുവാനും അറിയുവാനും സാധിക്കയുള്ളു. എന്നാൽ അന്ധന്മാരുടെയും, 'കണ്ണുണ്ടെങ്കിലും കാണാത്തവരുടെയും' സ്ഥിതി മൂങ്ങായെപ്പോലെയും വവ്വാലിനെപ്പോലെയുമാണു്. അവക്കു കണ്ണുകളുണ്ടെങ്കിലും സൂൎയ്യനിൽനിന്നു യാതൊരു സഹായവും അവക്കു കിട്ടുന്നില്ല.

## ക്രിസ്തുവിൻെറ വെളിപ്പെടുത്തൽ

ദൈവസാക്ഷാൽക്കാരവും ആത്മീയ ഉൾക്കാഴ്ചയും ഈ ലോകത്തെപ്പററിയുള്ള അറിവിലല്ലിരിക്കുന്നതു്. 'ഇസ'ങ്ങളെപ്പററിയും മററുമുള്ള വെറും അറിവു പ്രയോജനശൂന്യമാണെന്നു മാത്രമല്ല അതു് ആത്മാവിൻെറ ശബ്ദത്തെ നിശ്ശബ്ദമാക്കുകയും ചെയ്യുന്നു. ആത്മാവിൻെറ ശബ്ദത്തിൻെറ സ്ഥാനത്തു് ഒരു കൃത്രിമ ശബ്ദമുളവാകുന്നു. അതു മനുഷ്യരെ ശരിയായ വഴിയിൽക്കൂടെ നടത്തുന്നതിനു

പകരം അവരെ വഴി തെററിക്കുന്നു. യഥാത്ഥമായ ആത്മീയ ജ്ഞാനം പ്രാത്ഥനയിലും ധ്യാനത്തിലും കൂടെ മാത്രമേ വരികയുള്ളു. അപ്പോൾ ദൈവം മനുഷ്യഹൃദയത്തിൻെറ രഹസ്യ അറകളോടു സംസാരിക്കും; ദൈവത്തിൻെറ 'മൃദുസ്വരം' (1 രാജാ. 19: 12) കേൾക്കുവാനും സാധിക്കും. ഈ ലോകത്തിൻെറ ജ്ഞാനികളിൽ നിന്നു മറച്ചുവയ്ക്കപ്പെട്ടിരിക്കുന്ന രഹസ്യങ്ങൾ, അങ്ങനെയുള്ള അവസരങ്ങളിൽ ദൈവം തൻെറ മക്കൾക്കു വെളിപ്പെടുത്തിക്കൊടുക്കും. അവൻെറ മക്കളെന്ന പുതിയ ബന്ധത്തിലേക്കു പ്രവേശിക്കുവാൻ പര്യാപ്തമാക്കുന്ന പുതിയ ജനനം എന്ന അനുഭവം ഈ ജ്ഞാനികൾക്കുണ്ടായിട്ടില്ല. തന്നിൽ വിശ്വസിക്കുന്നവനു യേശു സ്വയം വെളിപ്പെടുത്തിക്കൊടുക്കുന്നു; തന്നിൽക്കൂടെ പിതാവായ ദൈവത്തെയും വെളിപ്പെടുത്തിക്കൊടുക്കുന്നു (മത്തായി 11:26-27; യോഹ. 14: 21-23). ശിക്ഷണം കൊണ്ടു നമുക്കു ലോകജ്ഞാനം നേടാൻ കഴിയും; എന്നാൽ ദൈവത്താൽ പ്രകാശിപ്പിക്കപ്പെട്ട ഉള്ളുണർവ്വും കൊണ്ടു മാത്രമേ ആത്മീയജ്ഞാനം ലഭിക്കുകയുള്ളു.

## ഒരു അമേരിക്കൻ പ്രൊഫസർ

ബോസ്റ്റണിൽ വച്ചു വിദ്യാസമ്പന്നനായ ഒരു മനുഷ്യൻ—ക്രിസ്തുവോടുകൂടെയല്ലാത്ത ഒരു ക്രിസ്ത്യാനി—എന്നോടു ചോദിച്ചു: "ദൈവം സ്നേഹമാണെങ്കിൽ എന്തുകൊണ്ടു ദൈവം ലോകത്തിൽ നിന്നു മറഞ്ഞിരിക്കുന്നു? അവൻ തന്നെത്തന്നെ കാണിക്കുകയും മനുഷ്യരെ അവരുടെ തെററുകളിൽ നിന്നും നാശങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യേണ്ടതല്ലേ?"

ഞാൻ: "ദൈവം ഒരിക്കൽ ക്രിസ്തുവിൽക്കൂടെ ലോകത്തിനു സ്വയം വെളിപ്പെടുത്തിത്തന്നു. അവനെ പൂണ്ണഹൃദയത്തോടെ അന്വേഷിക്കുന്ന ഏവക്കും ദൈവം ഇപ്പോഴും സ്വയം കാണിച്ചുകൊടുക്കുന്നതാണു്. ദൈവം സ്നേഹമാണെന്നുള്ളതു സത്യം തന്നെ; അതേ സമയം അവൻ ദഹിപ്പിക്കുന്ന അഗ്നിയുമാകുന്നു (എബ്രായർ. 12. 29). വെടിപ്പി

ല്ലാത്തതും വിശുദ്ധിയില്ലാത്തതുമായി അവൻെറ ഹിതത്തി ന്നു വിപരീതമായി കാണപ്പെടുന്ന എല്ലാത്തിനെയും അവൻ ദഹിപ്പിച്ചു കളയും. സൂര്യൻ ചൂടും വെളിച്ചവും നൽകി ഒരു വൃക്ഷത്തിൻെറ വളർച്ചയ്ക്കു സഹായിക്കുന്നു. എന്നാൽ വൃക്ഷത്തിനെന്തെങ്കിലും തകരാറുണ്ടെങ്കിൽ അതേ സൂര്യൻതന്നെ വൃക്ഷത്തെ സഹായിക്കുന്നതിനു പകരം അതിനെ ഉണക്കിക്കളയും. അതു സൂര്യൻെറ കുററമല്ല; ആ വൃക്ഷത്തിൻെറ പ്രത്യേകാവസ്ഥകൊണ്ടാണ്. ജീവൻെറ വെളിച്ചവും സ്നേഹവാനുമായ ദൈവം, ഓരോ മനുഷ്യനും അവൻെറ ആത്മീയ വളർച്ചയ്ക്കു വേണ്ടിയ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. എന്നാൽ അവൻെറ ചില പ്രത്യേക സ്ഥിതി മൂലം ജീവദായകമായ വെളിച്ചത്തെ അവൻ സ്വനാശത്തിലേക്കു തിരിച്ചുവിടുന്നു. മനുഷ്യൻ തന്റെ സ്വന്തം അനുസരണക്കേടിനാലും സ്വന്തം മറയത്തരത്തിനാലും സ്വയം ക്ഷതംവരുത്തി സ്വന്തം ശത്രുവായിത്തീരാത്ത പക്ഷം, ദൈവത്തിൻെറ സ്വന്ത രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ക്ഷതപ്പെടുത്തുവാൻ പോരുന്നതായി ദൈവം സൃഷ്ടിച്ച അഖിലാണ്ഡത്തിൽ യാതൊന്നുമില്ല.''

## മററുള്ളവക്കു വരുത്തുന്ന ദ്രോഹം

ദൈവത്തെ കൂടാതെ ജീവിക്കുന്ന മനുഷ്യൻ, തൻെറ ആത്മീയ കാഴ്ചപ്പാടും വികാരങ്ങളും മന്ദീഭവിക്കത്തക്കവിധത്തിൽ സ്വയം ക്ഷതം വരുത്തിക്കഴിഞ്ഞാൽ, പിന്നീടവൻ മററുള്ളവക്കു ക്ഷതം വരുത്തുവാൻ തുടങ്ങുന്നതാണ്. അവൻെറ ആന്തരിക ബോധം ഈ അവസ്ഥയിലെത്തുമ്പോൾ അതു മൃതപ്രായമായിത്തീരുന്നു. അവനെപ്പോലെതന്നെ സമൂഹത്തിലെ അംഗങ്ങളായ മററുള്ളവക്കു താൻ ദ്രോഹം ചെയ്യുകയാണെന്ന് അവനു ബോധ്യമില്ലാതെവരുന്നു. മററുള്ളവരുടെ വികാരങ്ങൾ മനസ്സിലാകത്തക്കവണ്ണം അവന് ആത്മീയ ഉണർവ്വുണ്ടെങ്കിൽ, അവൻ മററുള്ളവക്കു ദ്രോഹം ചെയ്യാതെ അവക്കു നന്മ വരുത്തി, സ്രഷ്ടാവിൻെറ ലക്ഷ്യം സ്വജീവിതത്തിൽ നിവൃത്തിയാക്കുന്നതാണ്.

## ഒരു ധനവാൻ

യൂറോപ്പിൽവച്ചു് ഒരു ധനാഢ്യനെ ഞാൻ കാണുകയു ണ്ടായി. അദ്ദേഹം തത്വശാസ്ത്രം നല്ലതുപോലെ പഠിച്ചി ട്ടുള്ള ആളായിരുന്നു. എന്നാൽ ധനമോ അറിവോ അദ്ദേ ഹത്തിന്നു ഹൃദയസമാധാനം പ്രദാനം ചെയ്തില്ല. ഞാന ദ്ദേഹത്തെ കാണുന്നതിനല്പകാലം മുൻപു്, തൻെറ ശിഷ്ട ജീവിതം സമാധാനപരമായി ചെലവഴിക്കുന്നതിന്നുതകിയ ഒരു സ്ഥലം തേടി അദ്ദേഹം പല രാജ്യങ്ങളിൽ സഞ്ചരി ക്കയുണ്ടായി. വലിയ ചൂടോ തണുപ്പോ ഇല്ലാത്തതും, മാര കമായ സുഖക്കേടുകളൊ വിഷജീവികളൊ ഇല്ലാത്തതും, ജ നങ്ങളുടെ സാമൂഹ്യ-സാമ്പത്തിക നിലവാരം രമ്യമായതു മായ ഒരു രാജ്യമാണദ്ദേഹം തേടിയതു്. 'അങ്ങനെയൊരു സ്ഥലത്തു് എൻെറ ശിഷ്ടായുഷ്യ കഴിക്കണം' എന്നാണ ദ്ദേഹം പറഞ്ഞതു്. ക്രിസ്തുവോടുകൂടെയല്ലാത്ത ഈ ക്രി സ്ത്യാനി, നോഹയുടെ പ്രാവിനെപ്പോലെ ഭൂമിയിലെങ്ങും ഒരു വിശ്രമസ്ഥാനം കാണാഞ്ഞയാൽ നിരാശയോടെ സ്വി റ്റ്സർലാൻഡിലേക്കു മടങ്ങി. ഞങ്ങൾ തമ്മിലുള്ള സം ഭാഷണമദ്ധ്യേ അദ്ദേഹം പറഞ്ഞു: "ജീവിതക്ലേശങ്ങളിൽ നിന്നും ബദ്ധപ്പാടുകളിൽ നിന്നും രക്ഷപ്പെടണമെന്നുള്ളതാ യിരുന്നു എൻെറ ഭൂലോകപര്യടനത്തിൻെറ ഉദ്ദേശ്യം. എ ന്നാൽ, അങ്ങു് യൂറോപ്പിലേക്കു വന്നതെന്തിനാണു്?"

ഞാൻ: "ഉള്ളിൽനിന്നുത്ഭൂതമാകുന്ന ഈ തീവ്രാഭിലാ ഷം ഉപശമിപ്പിക്കുവാൻ കഴിയുന്നതായി ലോകത്തിൽ ഒരു സ്ഥലമോ മറെറന്തെങ്കിലുമോ ഇല്ല. ഈ തീവ്രാഭിലാഷം ജഡികമല്ല, അതു് ആത്മീയമാണു്. ആത്മാവിനെയും അതിൻെറ തീവ്രാഭിലാഷത്തെയും നൽകിയതായ ദൈവ ത്തിൽകൂടെ മാത്രമേ അതിനു് ഉപശമനമുണ്ടാകയുള്ളു. എൻെറ ആത്മാവിനെ സമാധാനംകൊണ്ടു നിറച്ചിരിക്കു ന്ന ജീവനുള്ള ക്രിസ്തുവിനെ സാക്ഷീകരിക്കുവാൻ വേണ്ടി യാണു് ഞാൻ യൂറോപ്പിൽ വന്നിട്ടുള്ളതു്. ക്രിസ്തീയ രാജ്യ ങ്ങളെന്നു വിളിക്കപ്പെടുന്ന ഈ സ്ഥലങ്ങളിലെ ആളുകളുടെ ജീവിതരീതി— ക്രിസ്തുവിനോടുകൂടിയും, ക്രിസ്തുവിനെ കൂടാ തെയുമുള്ള അവരുടെ ജീവിതരീതി—നേരിട്ടു കാണണമെ

ന്നുള്ളതാണ് എൻെറ രണ്ടാമത്തെ ഉദ്ദേശം. അനേക രാജ്യങ്ങളിൽക്കൂടെ സഞ്ചരിച്ച ശേഷം എൻെറ ശ്രദ്ധയിൽ പെട്ട സംഗതി, ക്രിസ്തുവിനെ സ്വീകരിച്ചിട്ടുള്ളവരുടെ ജീവിതം, അവക്കു ലൗകികമായ എന്തെല്ലാം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടാൽ തന്നെയും സന്തോഷകരമാണെന്നുള്ളതാണ്. അവനിൽനിന്നു വേർപെട്ടിരിക്കുന്നവർ ആഡംബരവസ്തുക്കളാലും മററു വസ്തുവകകളാലും ചുററപ്പെട്ടിരുന്നിട്ടുപോലും ഹൃദയസമാധാനമില്ലാത്തവരാണ്. യഥാത്ഥ ക്രിസ്ത്യാനികൾ കുടിലിലും കൊട്ടാരത്തിലും ഒന്നുപോലെ സന്തുഷ്ടരാണ്. ഏററവും നിർദ്ധനരായ യഥാത്ഥ ക്രിസ്ത്യാനികൾ അവരുടെ ദാരിദ്ര്യാവസ്ഥയിൽ അനുഭവിക്കുന്നത്ര സമാധാനവും സന്തുഷ്ടിയും നാമമാത്ര ക്രിസ്ത്യാനികൾ കൊട്ടാരങ്ങളിൽ ജീവിച്ചിട്ടുപോലും അനുഭവിക്കുന്നില്ല.

## സവ്വലോകത്തിൻെറയും രക്ഷകൻ

ഞാൻ തുടർച്ചയായി പറഞ്ഞു: "പാശ്ചാത്യ രാജ്യങ്ങളിൽ മാത്രമല്ല പൗരസ്ത്യ രാജ്യങ്ങളിൽ ക്രിസ്ത്യാനികളും ക്രൈസ്തവേതരരും തമ്മിൽ ഇതേ വ്യത്യാസം ഞാൻ കാണുന്നുണ്ട്. ക്രിസ്തു സവ്വലോക രക്ഷകനാണെന്നു പ്രായോഗിക മാർഗ്ഗങ്ങളിലൂടെ പ്രദർശിപ്പിച്ചു നമ്മെ ബോധ്യപ്പെടുത്തിയിരിക്കുന്നു. കിഴക്കും പടിഞ്ഞാറും പ്രകാശം നൽകുന്നതായി ഒരൊററ സൂര്യനേ ഉള്ളു എന്നതുപോലെ ഈ ലോകത്തിലേക്കു വരുന്ന ഓരോ മനുഷ്യനെയും പ്രദീപ്തമാക്കുന്ന ഒരൊററ വെളിച്ചമേയുള്ളു.

പൗരസ്ത്യലോകത്തിലും പാശ്ചാത്യലോകത്തിലുമുള്ള എല്ലാ ആളുകളും ഒരേ ഒരു സാവ്വലൗകികമാതാവിൻെറ സന്താനങ്ങളാണ്. ഉപരിപ്ലവമായ ചില ചില്ലറ വ്യത്യാസങ്ങളൊഴിച്ചാൽ മനുഷ്യസ്വഭാവം ലോകത്തിലെല്ലായിടത്തും ഒന്നുപോലെ തന്നെയാണ്. എല്ലാ മനുഷ്യരുടെയും ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഒരൊററ ദൈവമേയുള്ളുവെന്ന് അനുഭവങ്ങൾ സമൃദ്ധിയായി തെളിയിക്കുന്നു. ആ ദൈവത്തിൻെറ ഹിതമനുസരിച്ചു ജീവിച്ചെങ്കിൽ മാത്രമേ, അതു സാധിക്കുകയുള്ളുതാനും."

## ഭൗതികവാദം

അദ്ദേഹം ചോദിച്ചു: "ഭൗതികവാദത്തെപ്പററി അങ്ങെന്തു വിചാരിക്കുന്നു? പൗരസ്ത്യർ ഞങ്ങളെ പലപ്പോഴും ഭൗതികവാദികളെന്നല്ലേ വിളിക്കുന്നത്?"

ഞാൻ: "ഭൗതികവസ്തുക്കളോ മറേറതെങ്കിലുമോ അവയിൽത്തന്നെ ചീത്തയല്ല. അവ ദുരുപയോഗപ്പെടുത്തുന്നതിൻെറ പരിണതഫലമാണ് അധമമായിട്ടുള്ളത്. ഭൗതികവസ്തുക്കൾ അവസ്ഥാനുയോജ്യമായ സ്ഥാനത്തു വച്ചാൽ അവ നല്ലതുതന്നെ. എന്നാൽ നമ്മുടെ ആത്മീയാവശ്യങ്ങൾക്കുപശമനം വരുത്തുവാനുള്ള ശ്രമത്തിൽ അവയ്ക്കു നാം ഹൃദയത്തിൽ സ്ഥാനം കൊടുക്കുന്ന പക്ഷം അവ ദൈവത്തിൻെറ സ്ഥാനമെടുക്കുന്നു. അതോടെ നമ്മുടെ ആത്മീയകാഴ്ചപ്പാടിനെ അവ ഇല്ലാതാക്കുകയും നമ്മുടെ ആത്മാക്കളെ ജീവശൂന്യമാക്കുകയും ചെയ്യുന്നു. ഈ ഭൗതികത്വം കിഴക്കൻ രാജ്യങ്ങളിലും പടിഞ്ഞാറൻ രാജ്യങ്ങളിലുമുണ്ട്. നമ്മുടെ ആത്മാവു കുടികൊള്ളുന്ന ഭവനത്തെ പരിപാലിച്ചു കൊണ്ടുപോകാൻ വേണ്ടത്ര മാത്രം അവലംബിക്കുക എന്നുള്ളതാണു ഭൗതികവസ്തുക്കളുടെ ശരിയായ ഉപയോഗവിധി. അതുതന്നെ വളരെ മിതമായി മാത്രമേ ഉപയോഗിക്കാവൂ. ഈ മിതത്വത്തിൻെറ സീമകൾ അതിലംഘിക്കുമ്പോൾ നാം നമ്മുടെ ആത്മാവിനെ രണ്ടാം സ്ഥാനത്തേക്കു തള്ളി, ഭൗതിക വസ്തുക്കളെ ആരാദ്ധ്യ സ്ഥാനത്തു പ്രതിഷ്ഠിക്കുന്നു. നമ്മുടെ ആത്മാവിൻെറ നാശമാണതിൻെറ അന്തിമ ഫലം."

## ഒരു മഹാരാജാവ്

അല്പനാളുകൾക്കു മുൻപ് ഒരു മഹാരാജാവ് എന്നെ ക്ഷണിക്കുകയും ഞാൻ രണ്ടുമൂന്നു ദിവസങ്ങൾ അദ്ദേഹത്തിൻെറ കൊട്ടാരത്തിൽ താമസിക്കുകയും ചെയ്തു. അദ്ദേഹം പാശ്ചാത്യരാജ്യങ്ങളിൽ ധാരാളം സഞ്ചരിച്ചിട്ടുള്ളതിനാൽ പാശ്ചാത്യ ഭൗതികവാദവും പാശ്ചാത്യരുടെ ജീവിതരീതികളും അദ്ദേഹത്തെ കുറെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്; എന്നാൽ ആത്മീക കാര്യങ്ങളിൽ അനാസ്ഥ

ഉളവാകുന്നത്ര തോതിൽ സ്വാധീനിച്ചിട്ടുമില്ല. ഒരു രാത്രി അദ്ദേഹം സ്വജീവിതകഥ രഹസ്യമായിട്ടെന്നോട്ട പറഞ്ഞു: "യേശുക്രിസ്തുവിൽക്കൂടെ എനിക്ക ലഭിച്ച അനുഗ്രഹങ്ങൾക്കുവേണ്ടി ദിനംതോറും ദൈവത്തെ ഞാൻ സ്തുതിക്കാറുണ്ട്. ക്രിസ്തുവിനെ പരസ്യമായി അംഗീകരിക്കുവാൻ എനിക്ക നിവൃത്തിയില്ല. ഈ നിവൃത്തികേട്ട് ഒരു ദൗർബ്ബല്യമാണെന്നു ഞാൻ സമ്മതിക്കുന്നു. ഞാനങ്ങനെ ചെയ്താൽ എൻെറ പ്രജകൾക്കു മാത്രമല്ല ബ്രിട്ടീഷ് ഗവണ്മെൻറു തന്നെയും—ഒരു ക്രിസ്തീയ ഗവണ്മെൻറ് എന്നാണല്ലോ അതിനെ വിളിക്കുന്നതു്—എന്നെ സിംഹാസനഭ്രഷ്ടനാക്കുന്നതാണ്. രാഷ്ട്രീയകാര്യങ്ങളേക്കാൾ കുറവായി മാത്രം മതപരമായ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്ന ഈ ഗവണ്മെൻറിനെ ബ്രിട്ടീഷ് എന്നല്ലാതെ ക്രിസ്ത്യൻ ഗവണ്മെൻറന്നു വിളിക്കുവാൻ എനിക്കു നിവൃത്തിയില്ല. എൻെറ അവകാശങ്ങൾ നഷ്ടപ്പെടാതെ നോക്കുന്നതിനേക്കാൾ കൂട്ടതലായി എൻെറ മതധർമ്മങ്ങളെപ്പററി ചിന്തിക്കേണ്ടതാണെന്ന് എനിക്കറിയാം. തന്റെ സ്വർഗ്ഗീയ സിംഹാസനം പരിത്യജിച്ച ക്രിസ്തുവിനുവേണ്ടി, ഭരണാധികാരിയായ ഒരു രാജാവെന്ന നിലയിൽ എൻെറ സിംഹാസനം വിട്ടുകളയുന്നതിനു ഞാൻ തയ്യാറായിരിക്കേണ്ടതാണെന്നെനിക്കറിയാം.

ആ നാമമാത്ര ക്രിസ്ത്യൻരാജ്യങ്ങൾ സന്ദർശിക്കുന്നതിനു മുൻപു ഞാനിന്നത്തേക്കാൾ ആത്മീയമായി ഉയന്നവനായിരുന്നു എന്നു പറയുന്നതിൽ എനിക്കു ഖേദമുണ്ട്. ഞാനവിടെച്ചെന്നു 'വിളക്കിൻെറ കീഴിൽക്കിടക്കുന്ന ഇരുട്ട്' കണ്ടപ്പോൾ ഞെട്ടിപ്പോയി! ഇതു നേരത്തെ അറിഞ്ഞിരുന്നുവെങ്കിൽ ഞാനവിടെപ്പോകയില്ലായിരുന്നു. മാതൃസഭയിൽച്ചെന്നു് അതിൻെറ പരിശുദ്ധമായ പാൽ കുടിക്കുകയും ശക്തിദായകമായ ഭക്ഷണം കഴിക്കയും ചെയ്തശേഷം എൻെറ ആത്മീയ കാര്യങ്ങളും രാജ്യകാര്യങ്ങളും നിർവഹിക്കുന്നതിനു തയ്യാറായി തിരിച്ചുപോരണമെന്നുള്ളതായിരുന്നു എൻെറ സന്ദർശനോദ്ദേശം. പാലിനുപകരം അവരെനിക്കു മദ്യം നല്കി; അപ്പത്തിനു

പകരം കല്ലം. മുമ്പത്തെക്കാൾ വഷളനായിട്ടാണു ഞാൻ തിരിച്ചെത്തിയതു്. വേറെ ചില സംഗതികളുമുണ്ടു്. അതു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ക്രിസ്തുമതം പരാജയമാണെന്നല്ല ഞാൻ പറയുന്നതു്. അതു സത്യസന്ധമായി പിന്തുടരുന്ന കാര്യത്തിൽ ജനങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. സാധാരണക്കാരുടെ കാര്യത്തിൽ മാത്രമല്ല വൈദികനേതാക്കന്മാരുടെയും രാഷ്ട്രീയനേതാക്കന്മാരുടെയും കാര്യത്തിലും ഇതുതന്നെ സ്ഥിതി. ശരി, നമുക്കിക്കാര്യം വിട്ടുകളയാം. ഞാൻ ചെയ്യേണ്ടതെന്തെന്നാൽ അതുചെയ്യാൻ ദൈവസഹായവും നടത്തിപ്പും ലഭിക്കുവാനായി എനിക്കു വേണ്ടി അങ്ങിപ്പോൾ പ്രാർത്ഥിക്കുക..."

ക്രിസ്തുവോടുകൂടെയല്ലാത്ത ക്രിസ്ത്യാനിത്വത്തിൻെറ നേരെയുള്ള വെല്ലുവിളിക്കുദാഹരണമായി മറെറാരു സംഭവമാണിതു്. യാഥാർത്ഥ്യത്തിൽനിന്നു ക്രിസ്ത്യാനിത്വം എത്രമാത്രം താഴെ വീണുപോയി എന്നു നമ്മെ ഉണർത്തുന്ന ഒരു സംഭവം! കർത്താവു്, വെളിപ്പാടു് 2. 5-ൽ പറഞ്ഞതു നോക്കുക.

"...നീ ഏതിൽനിന്നു വീണിരിക്കുന്നു എന്നോർത്തു മാനസാന്തരപ്പെട്ടു് ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിൻെറ നിലവിളക്കു് അതിൻെറ നിലയിൽ നിന്നു നീക്കുകയും ചെയ്യും..."

മഹാരാജാവു പറഞ്ഞതുപോലെ ഇതുവരെ 'ഇരുട്ടു് വിളക്കിൻെറ താഴത്തന്നെ'യാണു്. അനുസരണക്കേടുകൊണ്ടും അനാസ്ഥകൊണ്ടും വിളക്കുതന്നെ അതിൻെറ സ്ഥാനത്തുനിന്നു മാററിക്കളഞ്ഞാൽ ആ ഇരുട്ടു് എത്രവളരെ വലുതായിരിക്കും!

## അർദ്ധരാത്രിയിൽ സൂര്യൻ

തുടർച്ചയായി മുന്നറിയിപ്പുകൾ ലഭിച്ചിട്ടും ജനങ്ങൾ വിചാര ശൂന്യരും അനാസ്ഥയോടുകൂടിയവരുമായിരിക്കയാൽ, വെളിച്ചത്തിനുനേരെ കണ്ണുകളടച്ചു് അവർ ഇരു

ട്ടിൽ നടക്കുന്നു. ഒരു വേനൽക്കാലത്തു ഞാൻ വടക്കൻ യൂറോപ്പിലായിരുന്നപ്പോൾ (അർദ്ധരാത്രിക്കുപോലും അവിടെ സൂര്യൻ അസ്തമിക്കയില്ല) സ്വീഡനിൽനിന്നൊരു സ്നേഹിതൻ എനിക്കെഴുതി. "അർദ്ധരാത്രിയിലും സൂര്യനുള്ള രാജ്യത്തുവച്ച് അങ്ങയെ കാണാനിടയാകുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്." ഞാനിപ്രകാരം മറുപടിയെഴുതി: "അർദ്ധരാത്രിയിലും സൂര്യനുള്ള ദേശമാണിതു് എന്നുള്ളതു സത്യം തന്നെ. എന്നാൽ മഞ്ഞുകാലത്തു് ഇതു നട്ടുച്ചയ്ക്കിരുട്ടുള്ള രാജ്യവുമാണല്ലോ. നീതിസൂര്യന്റെ ജീവദായകമായ രശ്മികൾ ലഭിച്ചിട്ടും തങ്ങളുടെ ജീവിതം അന്ധകാരത്തിൽ നയിക്കുന്ന അനേകർ ഈ നാട്ടിലുണ്ട്."

## മൂകനായ മനുഷ്യൻ

അനേകരും വയലിലെ മൃഗങ്ങളെപ്പോലെയാണു ജീവിക്കുന്നതു്. അവക്കു നാവുണ്ടെങ്കിലും സംസാരിക്കുന്നതിനുള്ള ശക്തിയില്ലാത്തതിനാൽ അവർ മൃഗങ്ങളെപ്പോലെ മിണ്ടാപ്രാണികളാണ്. അവക്കുവേണ്ടിത്തന്നെയോ മററുള്ളവക്കുവേണ്ടിയോ നല്ലവാൻ അവക്കു ദൂതുകളൊന്നുമില്ല. മൃഗങ്ങൾക്കു നാക്കുണ്ടെങ്കിലും അവയ്ക്കു സംസാരിക്കുന്നതിനുള്ള ശക്തിയില്ല. മൃഗാനുസാരിയായ ചില വികാരങ്ങളല്ലാതെ, അവയ്ക്കു സംസാരിക്കുവാനായിട്ടൊന്നുമില്ല. ഈ വികാരങ്ങൾ ചില ശബ്ദങ്ങൾകൊണ്ടും അംഗചലനങ്ങൾകൊണ്ടും അവ പ്രകടിപ്പിക്കുന്നു. ആത്മീയജീവനില്ലാത്തവർ ഒരു വിധത്തിൽ പറഞ്ഞാൽ മൃഗങ്ങളെപ്പോലെയാണ്. ഒരു പക്ഷെ അവരുടെ നില കുറേക്കൂടി ശോചനീയമാണ്. കാള തന്റെ ഉടയവനെയും, കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയുന്നു. എന്നാൽ സൃഷ്ടിയുടെ കിരീടമായ മനുഷ്യൻ അവന്റെ സ്രഷ്ടാവിനെ അറിയുന്നില്ല. (യെശയ്യാവ് 1 : 3). അസത്യം പറയുവാൻ അവന്റെ നാവു വളരെ വേഗം ചലിക്കുന്നു. തന്റെ കർത്താവായ ദൈവത്തെ അറിയായ്കയാൽ, സത്യം പറയുന്ന കാര്യത്തിൽ അവന്റെ നാവു മെല്ലെയാണു ചലിക്കുന്നതു്.

(യിരെമ്യാവ് 9 : 3)

## കുരിശുവഹിക്കൽ

സത്യത്തിന്റെ ആത്മാവു ലഭിക്കാത്തവരുടെയും ദൈവത്തെ അറിയാത്തവരുടെയും ലൗകിക വിജയം കണ്ടു നാം പലപ്പോഴും അത്ഭുതപ്പെടാറുണ്ട്. ആദ്ധ്യാത്മികപരിഗണനകൾ അവരെ നിയന്ത്രിക്കുന്നില്ല. അവരുടെ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി, എപ്പോൾ വേണമെങ്കിലും സത്യത്തിന്റെ ശബ്ദം അങ്ങോട്ടുമാററി നിർത്തികൊണ്ടു ദൈവത്തെ പിന്തുടരാതിരിക്കുന്നതിനും അവർ സന്നദ്ധരാണ്. (ലൂക്കൊ. 16: 8 1 കൊരി. 2: 14) അവരുടെ തോളുകകളിലും അനേകം കുരിശുകളുണ്ട്. എന്നാൽ, എല്ലാവരുമല്ലെങ്കിലും അവരിൽ ചിലർ കുറേനക്കാരനായ ശീമോനേക്കാൾ ഒട്ടുംതന്നെ ഭേദപ്പെട്ടവരല്ല. കുറേനക്കാരൻ കർത്താവിന്റെ ക്രൂശ് വഹിക്കുവാൻ നിർബന്ധിതനായിരുന്നല്ലോ (മർക്കൊ. 15: 21). അജ്ഞാനത്തെയാളുകൾ ക്രിസ്തുവോടുകൂടി കുരിശിന്റെയടുക്കലേക്കു പോകുന്നതിനോ തങ്ങളുടെ കുരിശുവഹിച്ചുകൊണ്ട് അവനെ പിന്തുടരുന്നതിനോ സന്നദ്ധരല്ല.

## കാന്തവും കുരിശും

കർത്താവു പറഞ്ഞു: "ഞാനോ ഭൂമിയിൽനിന്നുയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും." (യോഹ. 12: 32). അതിന്റെയർത്ഥം, ക്രൂശിൽ വെളിപ്പെടുത്തപ്പെട്ട അളവില്ലാത്ത സ്നേഹം ഒരു കാന്തത്തെപ്പോലെ എല്ലാവരെയും വലിച്ചടുപ്പിക്കുന്നു-അങ്ങനെ വലിച്ചടുപ്പിക്കപ്പെടുവാൻ സാദ്ധ്യതയുള്ളവരെ-എന്നുള്ളതാണ്. ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും (യോഹ. 12: 26). എന്നുള്ളതാണ് അവന്റെയാഗ്രഹം. യഥാർത്ഥത്തിൽ അനുതപിക്കുന്ന പാപികളെയും, തങ്ങളുടെ ആവശ്യഘട്ടങ്ങളിൽ അവനിലേക്കു മുഖം തിരിക്കുന്നവരെയും കാന്തം ഇരുമ്പിനെ വലിച്ചടുപ്പിക്കുന്നതുപോലെ—സ്വർണ്ണത്തേയും വെള്ളിയേയുമല്ല—ക്രിസ്തുവിന്റെ കുരിശു വലിച്ചടുപ്പിക്കുന്നു. സ്വയം നന്മയിൽ വിശ്വസിക്കുന്നവരെയും അവനെകൂടാതെ ജീവിക്കുന്നവരെയും ക്രിസ്തുവിന്റെ കുരിശു വലിച്ചടുപ്പിക്കുന്നില്ല. ക്രിസ്തുവിന്റെ

ക്രൂശാരോഹണത്തിൽ രണ്ടു പങ്കാളികളുണ്ടായിരുന്നതിൽ ഒരാൾ അനുതപിച്ച് അവൻെറ ആവശ്യഘട്ടത്തിൽ ക്രിസ്തുവിങ്കലേക്കു മുഖം തിരിച്ചു. 'ഇന്നു നീ എൻെറകൂടെ പറുദീസായിലിരിക്കും' എന്നവനു കേൾക്കാനിടയായി. മററയാൾക്ക് അനുതപിക്കണമെന്നു തോന്നിയില്ല. അവൻെറ ആവശ്യഘട്ടത്തിൽ സഹായത്തിനായി ക്രിസ്തുവിങ്കലേക്കു മുഖം തിരിച്ചുമില്ല. തന്മൂലം അവൻ അവൻെറ പാപത്തിൽ തന്നെ മരിച്ചു. ക്രിസ്തുവിനെ കൂടാതെ മരിക്കുന്നവരുടെയെല്ലാം അന്ത്യമിതായിരിക്കും. അവിടെ അബ്രാഹാമും ഇസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിലിരിക്കുന്നതു് അവർ കാണും— പക്ഷെ, അവരെ—ക്രിസ്തുവോട്ടുകൂടെയല്ലാത്ത ക്രിസ്ത്യാനികളെ—പുറത്തുതള്ളിക്കളയും (ലൂക്കൊ. 13: 28-29).

---

## അദ്ധ്യായം നാല്

# ക്രിസ്തുവുള്ള ക്രിസ്ത്യാനികൾ

യഥാർത്ഥ ക്രിസ്ത്യാനികൾ ക്രിസ്തുവിനോടുകൂടിയാണ് എന്നുതന്നെയല്ല അവർ അവനിലും അവനവരിലും വസിക്കുന്നു. മരണത്തിൽകൂടെ മരണത്തെ ജയിച്ചവനായ ക്രിസ്തു എല്ലാക്കാലവും ജീവിക്കുന്നതിനാൽ അവരും അവനോടുകൂടി എല്ലാക്കാലവും ജീവിക്കുന്നു (യോഹ. 14: 19). ഈ പുതിയ ജീവനിൽ അവർ അവർക്കുവേണ്ടിയല്ല പിന്നെയോ മററുള്ളവർക്കുവേണ്ടിയാണു ജീവിക്കുന്നതു്. ദൈവവുമായുള്ള കൂട്ടായ്മ കൂടാതെ സഹജീവികളുമായി രമ്യതയിൽ സഹവാസം നേടുന്നതിനും മനുഷ്യന്റെ ജന്മവാസന അവനെ പ്രേരിപ്പിക്കുന്നുണ്ടു്. അന്യോന്യമുള്ള ക്ഷേമാഭിവൃദ്ധിയിൽ മനുഷ്യനുള്ള താല്പര്യത്തിലധിഷ്ഠിതമാണു മനുഷ്യരുടെ പരസ്പരബന്ധിതമായ സൗഭാഗ്യം. മനുഷ്യന്റെ സ്വാർത്ഥത, പൊതുസന്തുഷ്ടിയെ വിഷലിപ്തമാക്കുന്നു. 'നിന്റെ അയല്ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണമെന്നു'' അതുകൊണ്ടാണു കർത്താവു പറഞ്ഞിട്ടുള്ളതു്. അതിന്റെയർത്ഥം, ഒരാൾക്കു യഥാർത്ഥ സ്നേഹമുള്ളപ്പോൾ ആ സ്നേഹം മററുള്ളവരുടെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി ജാഗ്രതപ്പെടുന്നു എന്നത്രേ. അങ്ങോട്ടു നാം എങ്ങനെ പെരുമാറുന്നുവോ അതേ പെരുമാററമാണു നാമും ആഗ്രഹിക്കേണ്ടതു്. ഈ രീതിയിൽ സ്വർഗ്ഗസ്ഥപിതാവിന്റെ സാന്നിദ്ധ്യത്തിൽ അവന്റെ മക്കളുടെ പരസ്പര സൗഹാർദ്ദം നിലനിർത്തിപ്പോരുന്നു.

### സ്വാർത്ഥത

നമ്മുടെ ആത്മാവിന്റെ അസ്വാസ്ഥതയുടെയും എല്ലാ തിന്മയുടെയും വേരു് സ്വാർത്ഥതയാകുന്നു. സ്വാർത്ഥമതിയായ ഒരു മനുഷ്യൻ അവനു് അന്യരിൽനിന്നു ലഭിച്ച ആയിരം

നന്മപ്രവൃത്തികൾ മറന്നു്, അവൻ ചെയ്തിട്ടുള്ളതായ ഒരു നന്മപ്രവൃത്തി ഓർമ്മിച്ചുകൊണ്ടിരിക്കും. തന്റെ ഒരായിരം കൃത്യവിലോപങ്ങൾ വിസ്മരിച്ചശേഷം, അവൻ മററുള്ളവരുടെ ഒരു ചെറിയ കൃത്യവിലോപം പർവ്വതീകരിച്ചുകാണിക്കും. ഈ കാരണംകൊണ്ടാണു് ക്രിസ്തു ഇങ്ങനെ പറഞ്ഞതു്.

"...എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശു് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ. ..." (ലൂക്കോ. 9: 23)

ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിനുവേണ്ടി തന്നെത്താൻ ത്യജിക്കുന്ന ഒരാൾ തന്നെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ ഇഷ്ടം ചെയ്യുമ്പോൾ തന്റെ സ്വന്തം ഇഷ്ടം കൂടിയാണു നിർവഹിക്കുന്നതു്. ഒരു ഉദാഹരണം പറയാം. എന്റെ അറിവുകേടിനാൽ എന്റെ സ്വന്തം വഴിയാണു് ഏററവും നല്ലതെന്നു ഞാൻ വിശ്വസിക്കുന്നുവെന്നു വിചാരിക്കുക. എന്നാൽ ദൈവം ചൂണ്ടിക്കാണിക്കുന്നവഴിയല്ലാതെ വേറെ വഴിയില്ലെന്നു ഞാൻ മനസ്സിലാക്കുന്നു. ദൈവത്തിന്റെ വഴിക്കു വിപരീതമായുള്ള എന്റെ എതിർപ്പുകൾ ഞാനവസാനിപ്പിച്ചു് അവന്റെ ഹിതത്തിനു കീഴ്‌വഴങ്ങുമ്പോൾ, ഞാനവനുമായി രമ്യതപ്പെട്ടുകയാൽ എനിക്കു ഹൃദയസമാധാനം ലഭിക്കുന്നു. ഞാൻ സ്വയം കീഴടങ്ങുമ്പോൾ, ദൈവഹിതം ചെയ്യുന്നതുമൂലമുള്ള സമാധാനം ഞാനനുഭവിക്കുന്നു. നേരെമറിച്ചു്, എന്റെ തന്നിഷ്ടം നടത്തണമെന്നു ഞാൻ ശാഠ്യം പിടിക്കുന്നപക്ഷം എന്റെ ആഗ്രഹം നിർവഹിക്കുവാൻ സാധിക്കയില്ല എന്നുമാത്രമല്ല, ദൈവവുമായിട്ടു രമ്യതയില്ലാത്തതിനാൽ എന്റെ ആഗ്രഹം നിർവഹിക്കുവാനുള്ള ത്രാണിയെത്തന്നെ ഞാൻ നശിപ്പിക്കുന്നു. മററുവിധത്തിൽ പറഞ്ഞാൽ തന്നെത്താൻ ത്യജിക്കുന്നവൻ അവനെയും ദൈവത്തെയും മറെറല്ലാത്തിനെയും കണ്ടെത്തുന്നു. തന്നെത്താൻ ത്യജിക്കുന്നില്ലെങ്കിൽ അവൻ ദൈവഹിതത്തെത്തന്നെ എതിർക്കുന്നതിനാൽ, അവന്റെ ആത്മാവിനെതന്നെ ആത്മഹത്യ (Soul Suicide) ചെയ്യുകയാണു്.

## സമ്പത്തിലുള്ള ആശ്രയം

ആകാശത്തിലെ പറവകളെ നോക്കുക. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ധാന്യം കൂട്ടിവയ്ക്കുന്നതുമില്ല. പക്ഷെ, അവയുടെ കുഞ്ഞുങ്ങൾക്കു വേണ്ടി കൂടുകൾ മെനഞ്ഞുണ്ടാക്കുന്നു. വിതയ്ക്കുകയും കൊയ്യുകയും കൂട്ടിവയ്ക്കുകയും ചെയ്യുന്ന മനുഷ്യൻ അടുത്തലോകത്തിൽ തനിക്കുവേണ്ടിയോ തൻെറ സന്താനങ്ങൾക്കുവേണ്ടിയോ യാതൊന്നും കരുതിവയ്ക്കുന്നില്ല. അവൻ കൂട്ടിവച്ചതായ ലൗകിക സമ്പത്തുകളോടൊപ്പം അവൻ തീച്ച്യയായും നശിപ്പിക്കപ്പെടും. അവൻെറ ഹൃദയം സമ്പത്തുകളിലേക്കു തിരിക്കുകയും, സമ്പത്തുകൾ ദൈവനാമമഹത്വത്തിനും മനുഷ്യരുടെ നന്മയ്ക്കും വേണ്ടി ഉപയോഗിക്കാതിരിക്കുകയും ചെയ്യയാൽ അവൻ സ്വയം പരാജയപ്പെട്ടുപോകും. (ലൂക്കൊ. 16:9; 18:-22) സ്വർണ്ണത്തിനോ വെള്ളിക്കോ ഈ ലോകത്തിലെ സമ്പത്തുകൾക്കോ നമ്മുടെ വിശപ്പിനും ദാഹത്തിനും ഉപശമനം വരുത്തുവാൻ സാദ്ധ്യമല്ല. ഇവയെല്ലാം നമ്മുടെ ക്ഷുത്പിപാസാദികൾ ഉപശമിപ്പിക്കുന്നതിനുള്ള മദ്ധ്യവത്തികളായിത്തീരുന്നു എന്നേയുള്ളു. നാം സമ്പത്തുകൾ ശരിയായി വിനിയോഗിക്കുന്നപക്ഷം, നമ്മുടെ "നിത്യവാസസ്ഥലങ്ങളി"ലേക്കു സ്നേഹിതന്മാരെ സമ്പാദിക്കുവാൻ അവ മൂലം സാധിക്കുന്നു.

## മറഞ്ഞിരിക്കുന്ന രത്നങ്ങൾ

സ്വർണ്ണവും വെള്ളിയും വിലപിടിച്ച രത്നങ്ങളും മണ്ണിനടിയിൽ കിടക്കുന്നകാലത്തോളം അവകൊണ്ടു പ്രയോജനമില്ല. അതുപോലെതന്നെ, മനുഷ്യനു ദൈവദത്തമായി ലഭിച്ചിട്ടുള്ള ശക്തികളും കഴിവുകളും ത്രാണികളും പ്രയോഗക്ഷമമാക്കിയില്ലെങ്കിൽ അവയ്ക്കു യാതൊരു വിലയുമില്ല. ക്രിസ്തു ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ പ്രവേശിക്കുമ്പോൾ, മറഞ്ഞുകിടക്കുന്ന ഈ സമ്പത്തുകൾ പുറത്തുകൊണ്ടുവന്നു ലോകത്തിൽ അവൻെറ ഹിതം നടപ്പിലാക്കുന്നതിനുവേണ്ടി അവയെ ഉപയോഗിക്കുന്നു. "മീൻപിടുത്തക്കാരിൽ" നിന്നു് അവൻ "മനുഷ്യരെ പിടിക്കുന്ന

വരെ" നിർമ്മിക്കുകയും, മനുഷ്യജാതിയുടെ രക്ഷ എന്ന അവൻെറ നിത്യലക്ഷ്യം അവരിൽകൂടെ സാക്ഷാൽക്കരിക്കയും ചെയ്തിരിക്കുന്നു. ഖനിയിൽനിന്നു നേരിട്ടുകിട്ടുന്ന സ്വർണ്ണം ശുദ്ധമല്ലത്തതിനാൽ അതു തീയിലുരുക്കി ശുദ്ധീകരിക്കുന്നു. പ്രാകൃതനിലയിലുള്ള വജ്രക്കല്ലു് ആകാരഭംഗിയില്ലാത്തതാകയാൽ അതു ശാണഘർഷണം ചെയ്തു സുന്ദരമാക്കുന്നു. പരിശുദ്ധാത്മാവു ക്രിസ്ത്യാനികളെ ഉരുക്കിത്തെളിച്ചു് അവരിൽനിന്നു കീടം മാററിക്കളയും. കുരിശു് ക്രിസ്ത്യാനികളെ ശാണഘർഷണം ചെയ്തു്, അവരെ ദൈവമഹത്വമായ ജ്യോതിസ് പ്രതിബിംബിക്കുന്ന ഉജ്ജ്വല രത്നങ്ങളാക്കിത്തീർക്കുന്നു.

## അമേരിക്കക്കാരനായ ഒരു ബിസിനസ്സു്കാരൻ

അമേരിക്കയിൽ വച്ചു് ഒരു ബിസിനസ്സ്കാരൻ എന്നോടു പറഞ്ഞു: "ഞാനൊരു ക്രിസ്ത്യാനിയാണു്. എന്നെക്കൊണ്ടു കഴിയാവുന്നതെല്ലാം ചെയ്യുന്നുണ്ടെങ്കിലും എന്നെ സംബന്ധിച്ചു ദൈവം പ്രതീക്ഷിക്കുന്നത്ര പൂർണ്ണനല്ല ഞാൻ. എനിക്കു രക്ഷ ലഭിക്കുന്നകാര്യത്തിൽ ഈ സ്ഥിതി ഒരു തടസ്സമായിരിക്കുമെന്നു് അങ്ങു കരുതുന്നുണ്ടോ?"

ഞാൻ: നാം സ്വർഗ്ഗത്തിലെത്തുമ്പോൾ മാത്രമേ നമ്മുടെ സ്വർഗ്ഗസ്ഥപിതാവിനെപ്പോലെ പൂർണ്ണനാകയുള്ളു. എന്നാൽ ദൈവകൃപയിൽ കൂടെ മർത്ത്യനായ മനുഷ്യനു എത്തിച്ചേരാവുന്നത്ര പൂർണ്ണതയിലെത്താൻ നമുക്കു കഴിയും. നാമിപ്പോൾ പൂർണ്ണതയുള്ളവരാണോ എന്നുള്ളതിനെ ആശ്രയിച്ചല്ല രക്ഷ ഇരിക്കുന്നതു്. നാം രക്ഷിക്കപ്പെട്ടശേഷം ആത്യന്തികമായി നാം പൂർണ്ണതയിലെത്തിച്ചേരും. 'മരണമുള്ള ഈ ശരീരത്തിൽ നാം തടവുകാരായിത്തീർന്നിരിക്കുന്നതിനാൽ' നാം നിരുത്സാഹപ്പെടേണ്ട. നമ്മുടെ ശരീരത്തിന്മേൽ എപ്പോഴും കുറെ മാലിന്യമുണ്ടു്. എന്നാൽ ദിവസവും നാം കുളിക്കുന്ന പക്ഷം ഈ മാലിന്യം മൂലം ആപത്തൊന്നുമില്ല. നമ്മുടെ ജീവൻെറ ജീവനും ആത്മാവിൻെറ ആത്മാവുമായ ദൈവാത്മാവു നമ്മിൽ വസിക്കുകയും, ദിവ

സവ്യമുള്ള പ്രാർത്ഥനകൊണ്ടു നമ്മുടെ ജീവിതം വിശുദ്ധ മാക്കുകയും ചെയ്യുന്ന പക്ഷം, നമ്മുക്കു കൃത്യവിലോപങ്ങളും ബലഹീനതകളുമുണ്ടെങ്കിൽ പോലും അതുകൊണ്ടു വലിയ ദോഷം വരാനില്ല. എന്നാൽ എത്ര തവണ കഴുകിയാലും ജീവൻപോയ ജഡം അഴുകിപ്പോകുന്നതു തടയുവാൻ നമുക്കു സാദ്ധ്യമല്ല. നമ്മുടെ അനുസരണക്കേടു നിമിത്തം ദൈവ ത്തിൻെറ ആത്മാവു നമ്മിൽ നിന്നു വിട്ടു പോയാൽ, പിന്നീ ട്ട് ദ്രവത്വവും ആത്മീയമരണവും തീർച്ചയായും സംഭവിക്കു ന്നതാണ് (റോമ. 8: 9-11).

## ലോകത്തിൽ കാണപ്പെടുന്ന സാധനങ്ങളുടെ ശരിയായ ഉപയോഗം

ദൈവം സൃഷ്ടിച്ചതായ സാധനങ്ങൾ ഉപയോഗത്തിൽ വരുത്തുന്നതിൽ തെറെറാന്നുമില്ല. അർഹിക്കുന്ന വില മാ ത്രം അവയ്ക്കു നല്കുകയും, കൃതജ്ഞതയോടെ അവ ഉപയോഗ ക്ഷമമാക്കുകയും ചെയ്യണമെന്നേയുള്ളു. സ്രഷ്ടാവിൻെറ സ്ഥാനം നമ്മുടെ ഹൃദയത്തിൽ സൃഷ്ടിക്കു നല്കുന്നപക്ഷം അതപകടകരമാണ്. സ്രഷ്ടാവിനുള്ള സ്ഥാനം സ്രഷ്ടാവി നും സൃഷ്ടിക്കുള്ള സ്ഥാനം സൃഷ്ടിക്കും കൊടുക്കണം. വെള്ളം കൂടാതെയോ വെള്ളത്തിനുള്ളിലോ നമുക്കു ജീവിക്കുവാൻ സാദ്ധ്യമല്ല. നാം വെള്ളം കുടിക്കണം, പക്ഷേ, വെള്ള ത്തിൽ മുങ്ങിപ്പോകരുതു്. വെള്ളം കുടിച്ചില്ലെങ്കിൽ ദാഹം കൊണ്ടു മരിച്ചു പോകും. വെള്ളത്തിൽ താണുപോയാൽ വെള്ളം കുടിച്ചു ചാകും. ലോകത്തിൽ നമുക്കുപയോഗ യോഗ്യമായി കാണപ്പെടുന്ന സാധനങ്ങൾ ദേഹസന്ധാര ണത്തിനുതകിയ വിധത്തിൽ മാത്രമുപയോഗിക്കണം. നമ്മുടെ ജീവൻെറ അന്തസ്സത്തയായ പ്രാർത്ഥനയെ ശ്വാ സം മുട്ടിക്കത്തക്കവിധത്തിൽ ലൗകികസാധനങ്ങൾക്കു പ്രാ ബല്യം നല്കിക്കൂടാ താനും.

## നമ്മുടെ പൂർണ്ണത

നാം ഈ ലോകത്തിൽ വേണം; എന്നാൽ നാം ലോക ത്തിൻേറതായിരിക്കരുതു് എന്നു ദൈവം ആഗ്രഹിക്കുന്നു.

നാം ലോകത്തിൽ ജീവിക്കുമ്പോൾ നമ്മെത്തന്നെയും മററുള്ളവരെയും നാം രക്ഷിക്കേണ്ടതാണ്. ഒരു വള്ളത്തിൻെറ സ്ഥാനം വെള്ളത്തിലാണ്. വള്ളത്തിനകത്തു വെള്ളം പാടില്ല. വള്ളം നിറയെ വെള്ളം കയറിയാൽ വള്ളം മുങ്ങിപ്പോകും; വള്ളത്തിലുള്ളവർ മുങ്ങിമരിക്കും. ക്രിസ്ത്യാനികൾ ലോകത്തിലുള്ളവരാണ്. എന്നാൽ ലോകം അവരിലായിരിക്കരുത്. ഈ രീതിയിൽ മാത്രമേ അവരെയും അവരുടെ കൂടെയുള്ള മററുള്ളവരെയും അവരുടെ സ്വർഗ്ഗീയ ലക്ഷ്യത്തിലേക്കു സുരക്ഷിതമായി കൊണ്ടുവരുവാൻ സാധിക്കയുള്ളു."

ഞാൻ തുടൎന്നു പറഞ്ഞു: "ആരാധനക്കും പ്രാർത്ഥനക്കും വേണ്ട സമയം നൽകാതെ നിങ്ങളുടെ സമയമത്രയും ബിസിനസ്സിനുവേണ്ടി ചെലവഴിക്കരുത്. ലോകവും അതിനോടുള്ള മോഹവും, നിങ്ങളുടെ ഹൃദയത്തെ അധീനപ്പെടുത്തുകയുമരുത്. അങ്ങനെയായാൽ അവ നിങ്ങളുടെ മേൽ വിജയം പ്രാപിക്കും. അവയുടെമേൽ നിങ്ങൾ വിജയം പ്രാപിക്കത്തക്കവിധം അവയ്ക്കു മുകളിലായി നിങ്ങൾ ജീവിക്കണം. നാം പരിപൂർണ്ണരല്ലാത്തതിനാൽ നമ്മുടെ ചിന്തകളും പ്രവൃത്തികളും അപൂർണ്ണമായിരിക്കും. നമ്മുടെ തെററുകൾ നമ്മെ നിരുത്സാഹപ്പെടുത്താനിടയാകരുത്. ഭാവി പരിപൂർണ്ണതയുടെ അടിസ്ഥാനം ഏതൊന്നിനെ ആശ്രയിച്ചിരിക്കുന്നുവോ ആ പൂർണ്ണതയുടെ ബീജം നമ്മിലുണ്ടല്ലോ. നമ്മെ പുത്രസ്ഥാനത്തേക്കുയർത്തിയവൻ കാലയളവിൽ നമ്മെ പരിപൂർണ്ണരാക്കും."

## പ്രാൎത്ഥനയും ജോലിയും

ഒരു വൈദികൻ എന്നോടു ചോദിച്ചു: "നാം പ്രാർത്ഥിക്കുകയാണോ അതോ ജോലി ചെയ്യുകയാണോ കൂടുതലായി വേണ്ടതു്? അതോ രണ്ടിനും വെവ്വേറെ സമയം പകുത്തു വയ്ക്കുകയാണോ വേണ്ടതു്?"

ഞാൻ: "പ്രാൎത്ഥനയും ജോലിയും—രണ്ടും ഒന്നുപോലെ ആവശ്യമാണ്. ജോലിചെയ്യാതിരിക്കെ പ്രാർത്ഥി

ക്കുന്നതു്, പ്രാർത്ഥിക്കാതെ ജോലിമാത്രം ചെയ്യുന്നതുപോലെ അനുചിതമാണു്. മുട്ടയിടുന്ന കോഴി, അതിട്ട മുട്ട എടുത്തു മാററിയശേഷവും അതിൻെറ സഹജ വാസനയനുസരിച്ചു് ഒരിരുളടഞ്ഞ കോണിൽ കുറേനേരം കൂടെയിരിക്കും. ജോലിത്തിരക്കിൽ നിന്നു് അപ്പാടെ മാറി മുഴുവൻ സമയവും പ്രാർത്ഥനയിൽ കഴിക്കുന്നതു കോഴിയുടെ ഈ പ്രവൃത്തിപോലെ ഫലശൂന്യമാണു്.''

## ക്രിസ്തുവിൻെറ വെളിപ്പെടുത്തൽ

വൈദികൻ വീണ്ടും ചോദിച്ചു: ''വിശുദ്ധ പൌലോസിനു വെളിപ്പെട്ടതുപോലെ ക്രിസ്തു നമ്മുടെ കാലത്തു വെളിപ്പെടാത്തതെന്തുകൊണ്ടാണു്?

ഞാൻ: ''ഇക്കാലത്തുപോലും ക്രിസ്തു ചിലപ്പോൾ ആവശ്യക്കാർക്കു സ്വയം വെളിപ്പെടുത്തിക്കൊടുക്കാറുണ്ടു്. മാനുഷികാവശ്യങ്ങൾ എല്ലായിടത്തും ഒന്നുതന്നെയാണു്. എന്നാൽ ഓരോരുത്തരുടെയും നിലയും അവസ്ഥയും തമ്മിൽ വളരെ വ്യത്യാസമുണ്ടല്ലോ. ഓരോ മനുഷ്യഹൃദയത്തെയും അറിയുന്നവനായ ദൈവം ഓരോ സത്യാന്വേഷിക്കും—അവൻെറ നിലയും അവസ്ഥയുമനുസരിച്ചു്—തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്നു.''

സ്വർഗ്ഗത്തിലും ഭൂമിയിലും ദൈവം തൻെറ ശക്തിയും ജ്ഞാനവും മഹത്വവും തൻെറ കൈവേലകളിൽ കൂടെ പ്രഖ്യാപനം ചെയ്യുന്നു. എന്നാൽ ഒരു പ്രകാരത്തിൽ പറഞ്ഞാൽ പ്രകൃതിയുടെ നാവായ മനുഷ്യൻ നിശ്ശബ്ദനാണുതാനും. ദൈവത്തിൻെറ ജ്ഞാനവും ശക്തിയും അവൻ സൃഷ്ടികളിൽകൂടെ വെളിപ്പെടുത്തുന്നു. ദൈവം സ്വയം വെളിപ്പെടുത്തുവാൻ ഇച്ഛിച്ചപ്പോൾ താൻ മനുഷ്യനായി അവതരിക്കുന്നതു മൂലം മാത്രമേ അതു സാധിച്ചുള്ളു. എന്നാൽ നഷ്ടപ്പെട്ട മനുഷ്യജാതിക്കു ദൈവം ഇന്നത്തെ കാലഘട്ടങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്, അവൻെറ സാന്നിദ്ധ്യത്തിൽ ജീവിക്കുന്നതു മൂലം അവൻ തന്നെ നിവസിക്കുന്നവരായ വ്യക്തികളിൽ കൂടെയാണു്.

പലപ്പോഴും നമ്മുടെ ഇംഗിതങ്ങളുടെയും ആഗ്രഹങ്ങ ളുടെയും അടിഭാഗത്തു്, "ഇതു ചെയ്യണം...അല്ലെങ്കിൽ ഇതു ചെയ്യരുതു്...." എന്നൊരു ശബ്ദം കേൾക്കാം. അതു ദൈവത്തിൽ നിന്നുള്ള ശബ്ദമാണു്. ദൈവത്തോടടുത്തു ജീവിക്കുന്നവർ ഈ ശബ്ദം പെട്ടെന്നു കേൾക്കുന്നു. അല്ലാ ത്തവർ കുറെ കഷ്ടിച്ചാണതു കേൾക്കുന്നതു്. നാം ഈ ശബ്ദം കേൾക്കുകയും അതനുസരിക്കുകയും ചെയ്യുന്നപക്ഷം ദൈവവും അവൻെറ ഹിതവും നമുക്കു വെളിപ്പെട്ടത്തി ക്കിട്ടും. നേരെമറിച്ചു് ആ ശബ്ദം നമ്മിൽ എത്തിച്ചേരു കയും, നാമതിനെ അനുസരിക്കാതിരിക്കയും ചെയ്യുന്നപക്ഷം സ്വാർത്ഥതയും സ്വേച്ഛയുമാണു നാം വെളിപ്പെട്ടുത്തുന്നതു്.

മനുഷ്യാത്മാവു് — അതിസൂക്ഷ്മമായ ഒരു യാഥാർത്ഥ്യമാ കയാൽ, തലച്ചോറുപോലെ അതിസൂക്ഷ്മമായ മറെറാരു പകരണത്തിൽ കൂടെ മാത്രമേ അതിനു സ്വയം വെളിപ്പെട്ടു ത്തുവാൻ സാധിക്കുകയുള്ളു. ചിന്ത, സംഭാഷണം, പ്രവൃ ത്തി എന്നിവയിൽ കൂടെയാണു തലച്ചോറു പ്രവർത്തനം നടത്തുന്നതു്. ഇതേരീതിയിൽത്തന്നെ സ്വച്ഛവും ശുദ്ധീ കരിക്കപ്പെട്ടതുമായ ഒരു ജീവിത മാദ്ധ്യമത്തിൽ കൂടെയാ ണു് പരിശുദ്ധാത്മാവു സ്വയം വെളിപ്പെട്ടുത്തുന്നതു്. ദൈവ മഹത്വത്തിൻെറ പ്രകാശം ഈ വിധത്തിൽ ദൈവത്തിന്റെ ദാസന്മാരിൽ കൂടെ പ്രശോഭിക്കുന്നതു മൂലം അവൻ ലോക ത്തിനു സ്വയം വെളിപ്പെട്ടത്തിക്കൊടുക്കുന്നു.

## സൂര്യഗ്രഹണം

സൂര്യനിൽ നിന്നു പ്രകാശം പിടിച്ചെടുത്തു പരോക്ഷ മായി ഭൂമിയിലേക്കു വെളിച്ചമയയ്ക്കുന്ന ചന്ദ്രനെപ്പോലെയാ ണു ക്രിസ്തുവിൻെറ ദാസന്മാർ. ചന്ദ്രൻ, സൂര്യനും ഭൂമിക്കും മദ്ധ്യേവന്നു സൂര്യഗ്രഹണത്തിനു കാരണമാകുന്നു. അതു പോലെ അവൻെറ ദാസന്മാരിൽ ചിലരുടെ അയോഗ്യ മായ ജീവിതം ദൈവത്തിനും ലോകത്തിനുമിടയ്ക്കു വന്നു് അവൻെറ മുഖം മനുഷ്യനിൽ നിന്നു മറച്ചുകളയുന്നു.

## ആരാധനയും ജോലിയും—അവയുടെ വിധങ്ങൾ

ചിക്കാഗോയിൽ വെച്ചു വേറൊരു വൈദികൻ എന്നോടു ചോദിച്ചു: "അങ്ങയുടെ അഭിപ്രായത്തിൽ ആരാധനയുടെയും ജോലിയുടെയും ഏററവും നല്ല സമ്പ്രദായമെന്താണു?"

ഞാൻ: "ആരാധനയുടെ സമ്പ്രദായമെന്തായിരുന്നാലും ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുക എന്നുള്ളതാണു പ്രധാന സംഗതി. പൗരസ്ത്യരാജ്യങ്ങളിൽ ജനങ്ങൾ ആരാധന സ്ഥലത്തു പ്രവേശിക്കുമ്പോൾ അവരുടെ ചെരിപ്പഴിച്ചു മാററുന്നു; പശ്ചാത്യരാജ്യങ്ങളിൽ ജനങ്ങൾ തൊപ്പിയെടുത്തു മാററുന്നു. എന്നാൽ ആത്മാവും സത്യവും, ചെരിപ്പിനേയോ തൊപ്പിയെയോ കാലിനേയോ തലയെയോ ആശ്രയിച്ചല്ലിരിക്കുന്നതു്; അവ ഹൃദയത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ജോലിയെപ്പററിയാണെങ്കിൽ അതു മനുഷ്യൻെറ സ്വന്തം നിർണ്ണയത്തിനു വിട്ടുകൊടുക്കാതെ ദൈവനിയോഗമനുസരണം ചെയ്യുന്ന സമ്പ്രദായമാണു് ഏററവും നല്ലതു്.

മനുഷ്യവർഗ്ഗത്തിന്റെ പ്രധാന മതവിഭാഗങ്ങളിൽ ഏതെങ്കിലുമൊന്നിൻെറ അവാന്തരവിഭാഗങ്ങളിലെല്ലാം തന്നെ, പ്രത്യേകിച്ചും ക്രൈസ്തവ സഭകളിലെ അവാന്തരവിഭാഗങ്ങളിൽ പ്രാണിവർഗ്ഗങ്ങൾ (Insects) കാണപ്പെടുന്നു. ഓരോ അവാന്തര വിഭാഗത്തിൻെറയും സമയമത്രയും മററവാന്തര വിഭാഗങ്ങളുടെ കുററം പൊക്കിക്കാണിക്കുന്നതിനാണു വിനിയോഗിക്കുന്നതു്. എന്നാൽ സത്യാവസ്ഥയുടെ സത്യാവസ്ഥ നോക്കിയാൽ, അവരെല്ലാം തന്നെ ജീവിക്കുന്ന ക്രിസ്തുവിനെ കൂടാതെയാണു കണക്കെടുക്കുന്നതെന്നു കാണാം.

നാം അവൻെറ സത്യസാക്ഷികളായിത്തീരണമെന്നും സ്വാനുഭവങ്ങളിൽനിന്നു നാം സാക്ഷ്യം നൽകണമെന്നുമുള്ളതാണു് ഏററവും വലിയ ആവശ്യം. കള്ളസാക്ഷികളെയോ, 'പിശാചുകളുടെ സിദ്ധാന്തങ്ങളേയോ' ദൈവത്തിനാവശ്യമില്ല. ഈ മാതിരി സാക്ഷ്യം നൽകുന്നവർ സ്വയം

പ്രയോജനം വരുത്തുന്നതിനു പകരം അവക്കുതന്നെ ഉപദ്ര വം വരുത്തിവയ്ക്കുന്നു (ലൂക്കോ. 4 : 34–35 ; അപ്പൊ. പ്ര. 19: 15–16) . ക്രിസ്തുവിനെപ്പററി അറിയാം എന്നാൽ ക്രിസ്തു വിനെ അറിയാൻ പാടില്ല എന്നുള്ളവർ, 'മനുഷ്യരുടെയും ദൂതന്മാരുടെയും' ഭാഷകളിൽ ഉപദേശപ്രഭാഷണം നടത്തി ക്കൊണ്ടേയിരിക്കും. വ്യക്തിപരമായ അനുഭൂതിയിൽക്കൂടെ അവനെ അറിയുന്നവക്കു മാത്രമേ അവനെക്കുറിച്ചു സാക്ഷ്യം നൽകുവാൻ സാധിക്കുകയുള്ളു.

## ദൈവത്തിനു നാം നൽകുന്ന അംഗീകരണം

ദൈവത്തെ അറിയണമെന്നുണ്ടെങ്കിൽ, പാപത്താൽ മൃതമായിപ്പോയ നമ്മുടെ ആത്മീയശക്തിയും ഉൾത്തോന്നലു കളും ഒരു പുതിയ ജീവിതത്തിലേക്കു് ഉത്തേജിപ്പിക്കപ്പെട ണം. വല്ലാത്ത തണുപ്പുള്ള ഒരു ദിവസം അന്ധനായ ഒരു മനു ഷ്യൻ തന്റെ ബ്രേൽ ബൈബിൾ വായിക്കുവാൻ ശ്രമിക്കുക യായിരുന്നു. (ബ്രേൽ=അന്ധന്മാരെ വായന പഠിപ്പിക്കാനു പയോഗിക്കുന്ന എഴുന്നു നില്ക്കുന്ന ഒരുമാതിരി അച്ചടി. ഈ ലിപികളിൽ വിരലുകൊണ്ടു തപ്പിത്തപ്പിയാണവർ വായി ക്കുന്നതു്. ഈ സമ്പ്രദായം ലൂയി ബ്രേലാണു കണ്ടുപിടി ച്ചതു്.) അയാളുടെ വിരൽത്തുമ്പുകൾ തണുത്തു മരവിച്ചു പോയതിനാൽ ഒരൊററയക്ഷരം പോലും തപ്പി വായിക്കു വാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ വിരലുകൾ തീ യുടെ അടുക്കൽ പിടിച്ചു തിരുമ്മി. മെല്ലെ വിരലുകളിൽ കൂടെ രക്തമോടിത്തുടങ്ങുകയാൽ അയാൾക്കു വായിക്കുവാൻ സാധിച്ചു. പ്രാർത്ഥനയും ധ്യാനവും മൂലം ദൈവത്തിൻെറ പരിശുദ്ധാത്മാവാകുന്ന അഗ്നി നമ്മുടെ ഉൾബോദ്ധ്യങ്ങളെ ഉത്തേജിപ്പിക്കുന്നു. തന്മൂലം നമുക്കു ദൈവത്തെ സ്പർശി ച്ചറിയുവാനും അവൻെറ സാന്നിദ്ധ്യം ആസ്വദിക്കുവാനും സാധിക്കുന്നു.

## ഇടനിലയില്ലാത്ത (മദ്ധ്യസ്ഥതയില്ലാത്ത) വെളിപാട്

നാം പുതുതായി ജനിച്ചു ദൈവമക്കളായിത്തീരു മ്പോൾ ദൈവാത്മാവു യാതൊരു ഭാഷയുടെയും സഹായം

കൂടാതെ ആത്മീയ സത്യം നമ്മെ പഠിപ്പിക്കുകയും നമുക്കു വെളിപ്പെടുത്തിത്തരികയും ചെയ്യുന്നു. നാം ആത്മാവിൽ ജനിക്കുമ്പോൾ ആത്മാവിൻെറ ഭാഷ നമ്മുടെ മാതൃഭാഷയായിത്തീരും. ഒരു കുട്ടി അതിൻെറ മാതൃഭാഷ എത്ര സുഗമമായി മനസ്സിലാക്കുന്നുവോ അത്രയും സുഗമമായി ആത്മാവിൻെറ ഭാഷ അപ്പോൾ നാം മനസ്സിലാക്കുന്നു. ലൌകിക ഭാഷയുടെ പദങ്ങളുപയോഗിച്ചു നമ്മുടെ ആശയങ്ങൾ നാം പ്രകടിപ്പിക്കുന്നു. ആത്മീയ മനുഷ്യനു് ആത്മീയ സത്യങ്ങൾ യാതൊരു ഭാഷയിലെയും പദങ്ങൾ കൂടാതെതന്നെ മനസ്സിലാക്കാം. ഒരുദാഹരണം പറയട്ടെ. ഇംഗ്ളീഷ് മാതൃഭാഷയായിട്ടുള്ള ഒരു കുട്ടിയെ ദൈവം എന്നുള്ളതിന്റെ പദം സംസ്കൃതത്തിൽ പഠിപ്പിക്കയാണെങ്കിൽ, ഈശ്വരൻ (Ishwara) എന്നതിൻെറ അർത്ഥം ദൈവം എന്നാണെന്നു നാമവനോടു പറയണം. അതിനു മുൻപുതന്നെ ദൈവമെന്ന പദത്തിൻെറയർത്ഥം പദങ്ങളുടെ മാധ്യമം കൂടാതെ ആ കുട്ടിയുടെ മനസ്സിലുദിച്ചിട്ടുണ്ടു്. ഈ ആശയം ആ കുട്ടിയുടെ മനസ്സിൽ എവിടെനിന്നു വന്നു? അന്ധയും ബധിരയുമായ ഹെലൻ കെല്ലർ എന്ന മഹതി പറയുന്നതു്. ഭാഷയിൽക്കൂടെ ദൈവം എന്ന പദം അറിയുന്നതിനു് മുൻപുതന്നെ ദൈവത്തെപ്പററി അവർക്കറിയാമായിരുന്നുവെന്നാണു്. പെട്ടെന്നാണു് ഈ അറിവ് അവക്കു വെളിപ്പെട്ടതല്ലെങ്കിൽ, പിന്നെ അതെവിടെനിന്നു വന്നു?

## അന്ധകാരത്തിൽ കിടക്കുന്ന വിത്തുകൾ

ഒരു മനുഷ്യൻ വീണ്ടും ജനിച്ചു ദൈവത്തിൻെറ മകനായാലുടനെ അവൻെറ ജീവിതവും പെരുമാററവും മുമ്പത്തേതിൽ നിന്നു വ്യത്യസ്തമാകുന്നു. ലോകം ഉടനെ അവനെ ഒരു വിചിത്ര ജീവിയും മറയനുമെന്നു ഗണിച്ചു് അവനെ എതിക്കുവാനും പീഡിപ്പിക്കുവാനും തുടങ്ങും (യോഹ. 15: 19; 2 തിമോ. 3: 12). ലോകത്തിൻെറ ഈ എതിർപ്പിനു പുറമെ അവൻ മററു പല ഉപദ്രവങ്ങളിൽക്കൂടെയും കടന്നുപോകേണ്ടിവരും (അപ്പൊ. പ്ര. 14: 22; 2 കൊരി. 12: 7-10). കഷ്ടതകളിൽക്കൂടെ അവൻ പൂർണ്ണത പ്രാപിക്കണമെന്നുള്ളതു ദൈവഹിതമാണു്. നമുക്കു നന്മ വരുത്തു

വാൻ ഉദ്ദേശിക്കപ്പെട്ടവയല്ലായിരുന്നെങ്കിൽ ഈ ശല്യങ്ങളും പോരാട്ടങ്ങളും ദൈവം നമ്മുടെ ജീവിതത്തിൽനിന്ന കററി നിർത്തിയേനെ. കൃപയിലുള്ള നമ്മുടെ വളർച്ചയ്ക്കു അവ അവശ്യം വേണ്ടതാണ്. നാം പ്രതിബന്ധങ്ങളുമായി പോരാടണമെന്നാണ ദൈവം നിശ്ചയിച്ചിരിക്കുന്നതു്. നമ്മുടെ നന്മയ്ക്കു അവശ്യഘടകമായ സങ്കടങ്ങളിൽ നിന്നും ക്ലേശാനുഭവങ്ങളിൽ നിന്നും നാം വിമുക്തരാകേണ്ടാ എന്നാണ ദൈവഹിതമെങ്കിൽ അവയിൽനിന്നെല്ലാം വിമുക്തരാകണമെന്നു നാം എന്തിനാണാഗ്രഹിക്കുന്നതു്? മണ്ണിൽ വിതച്ച ഒരു കോതമ്പുമണിയെ നോക്കു! അന്ധകാരത്തിൽ കിടന്നു ദിനംപ്രതി അതു പോരാട്ടുകയും ഒടുവിൽ നാമ്പിലകൾ മണ്ണിന്നു മുകളിലെത്തി വെളിച്ചത്തിലേക്കും ചൂടിലേക്കും അതു തല നീട്ടുകയും ചെയ്യുന്നു. അതു വളൻ്റു ഫലം കായ്ക്കുന്നു. മനുഷ്യൻെറ ജീവിതവും ഇതുപോലെതന്നെയാണ്.

## മരണവും ജീവിതവും

ലോകത്തിൽ ചില സ്ഥലങ്ങളിൽ രാത്രി കാലത്തിന്നു് ഏതാനും മണിക്കൂറുകൾ മാത്രമേ ദൈർഘ്യമുള്ളു. മററു ചില സ്ഥലങ്ങളിൽ രാത്രി കാലം, മാസങ്ങളോളം നീണ്ടു നില്ക്കുന്നു. അതുപോലെ, നമ്മുടെയെല്ലാവരുടെയും ജീവിതത്തിൽ സുഖഘട്ടങ്ങളും ദുഃഖഘട്ടങ്ങളും കാണാം. നാമെല്ലാവരും "മരണനിഴലിൻ താഴ്വരയിലൂടെ" കടന്നു പോയേ മതിയാകു. തങ്ങളുടെ ജീവിതത്തിൽ ക്രൂശു് വഹിക്കുന്നവക്കു "മരിക്കുന്നവരെങ്കിലും ഇതാ ഞങ്ങൾ ജീവിക്കുന്നു" (2 കൊരി. 6. 9) എന്നു സത്യസന്ധമായി പറയുവാൻ കഴിയും. മഞ്ഞുകാലത്തു് ഇലകൊഴിഞ്ഞു മൃതപ്രായമെന്നു തോന്നിക്കുന്ന വൃക്ഷങ്ങൾ, വസന്തകാലം വരുമ്പോൾ പുതുജീവനാൽ ഉത്തേജിക്കപ്പെട്ടു് സമൃദ്ധിയായി ഇലകളെ ഉല്പാദിപ്പിക്കുന്നു. അതുപോലെ പീഡനകാലത്തു ക്രിസ്ത്യാനികൾ മരണം വരിക്കുവാൻ പോലും സന്നദ്ധരാകുന്നുവെങ്കിലും അവരുടെ ജീവൻ വീണ്ടും വീണ്ടും തളിത്തു വരുന്നു. ഉഷ്ണമേഖലയിലെ ചൂടുള്ള ജലരാശിയിൽനിന്നുത്ഭൂത

മാകുന്ന 'ഗർഫ് സ്ട്രീം' എന്ന ഉഷ്ണജലപ്രവാഹം യൂറോപ്പിൻെറ സമുദ്രതീരപ്രദേശങ്ങളെ അതികഠിനമായ മഞ്ഞുകാല ശൈത്യത്തിൽ നിന്നു രക്ഷപെടുത്തുന്നതുപോലെ സത്യക്രിസ്ത്യാനികളുടെ ജീവിതത്തിൽകൂടെ പ്രവഹിക്കുന്ന ദൈവാത്മാവു് അവരെ ആത്മീയാരോഗ്യത്തിൻെറയും സൗഭാഗ്യത്തിൻെറയും ഉജ്ജ്വല ദീപ്തിയിൽ കാത്തുരക്ഷിക്കുന്നു. (കരീബിയൻ കടലിൽനിന്നു മെക്സിക്കോ ഉൾക്കടലിലേക്കൊഴുകി അവിടെനിന്നു്, അമേരിക്കയുടെ കിഴക്കേത്തീരത്തോടടുത്തു പിടിച്ചു് വടക്കു കിഴക്കായും പിന്നീട്ടു് അറ്റ്ലാണ്ടു കിഴക്കോട്ടും ഒഴുകുന്ന ഈ ഉഷ്ണജലപ്രവാഹത്തിൻെറ ഒരു ഭാഗം നോർവേയുടെ തീരംവരെ എത്തിച്ചേരുന്നു.)

## ദുഃഖത്തിൽ സന്തോഷം

ക്രിസ്തുവിൽ ജീവിക്കുന്ന സത്യക്രിസ്ത്യാനികളെ, ലോകത്തിൻെറ പീഡനങ്ങളിൽനിന്നുത്ഭൂതമാകുന്ന ക്ലേശം കീഴോട്ടു പിടിച്ചിരുത്തുമെങ്കിലും ഈ ദുഃഖം അവരെ തകത്തുകളവാൻ പോന്നതല്ല. ഈ ക്ലേശത്തിൻെറ മദ്ധ്യത്തിലും ജീവിക്കുന്നവനായ ക്രിസ്തു തങ്ങളുടെ കൂടെ ഉണ്ടെന്നുള്ള ഉൾബോധ്യത്താൽ അവരുടെ ദുഃഖം സന്തോഷമായിതീരും (യോഹ. 16. 20). ദുഃഖം സഹിച്ചു എന്നതുകൊണ്ടോ, ദുഃഖഘട്ടം കഴിഞ്ഞോ, സന്തോഷം വരണമെന്നു് ഇതിനാലർത്ഥമാക്കരുതു്. ലൗകിക ജ്ഞാനംകൊണ്ടു നോക്കിക്കാണാവുന്നതിനേക്കാൾ ആഴമായ ഒരു സത്യം ഇവിടെയുണ്ടു്. ദുഃഖത്തിൻെറ മദ്ധ്യത്തിൽ പോലും അത്ഭുതകരമായ ഒരു സന്തോഷമുളവാകുന്നു. സന്തോഷമുണ്ടാകണമെങ്കിൽ ഇന്നതിന്നതെല്ലാം വേണ്ടതാണെന്നു ലോകം പരിഗണിക്കുന്നതായ ഘടകങ്ങളെല്ലാം എടുത്തുകളയപ്പെട്ടാലും, അത്ഭുതകരമായ ഈ സന്തോഷാനുഭവം ആക്കും എടുത്തുകളയാൻ സാദ്ധ്യമല്ല. അവൻെറ നുകം അനായാസവും, അവൻ നൽകുന്ന ഭാരം ലഘുവുമാണെന്നു് ഒന്നോ രണ്ടോ പേരല്ല, അനേക ലക്ഷം രക്തസാക്ഷികൾ തങ്ങളുടെ ജീവിതംകൊണ്ടു തെളിയിക്കുകയും അതിശയകരമായ വിധം സാക്ഷീകരിക്കുകയും ചെയ്തിട്ടുണ്ടു്. നുകം യഥാർത്ഥത്തിൽ

കഴുത്തിന്മേലുള്ളപ്പോഴാണു ശരിയായ സമാധാനം ലഭിക്കുന്നതു്; അല്ലാതെ അതെടുത്തു കളയുമ്പോളല്ല. എന്നാൽ സാമാന്യ ലോകത്തിനു് ഇങ്ങനെയൊരനുഭവമില്ല; സാമാന്യ ലോകം അതൊട്ടു വിശ്വസിക്കുകയുമില്ല.

## യഥാൎത്ഥ സന്തോഷവും അയഥാൎത്ഥമായ സന്തോഷവും

ക്ലേശങ്ങൾ മാററുന്നതിനു മാത്രമല്ല, നൈമിഷികമായ ആമോദവും സന്തോഷവും ലഭിക്കുന്നതിനു വേണ്ടിയും മനുഷ്യർ ബുദ്ധിശൂന്യമായി ലഹരിപദാൎത്ഥങ്ങളുപയോഗിക്കുന്നതു മൂലം താല്ക്കാലികമായ എന്തോ സന്തോഷം ലഭിക്കുമെങ്കിലും, എല്ലാററിനെയും സൃഷ്ടിച്ചവനായ കൎത്താവിൽ കണ്ടെത്താവുന്ന സന്തോഷം ഈ താല്ക്കാലിക സന്തോഷത്തെ അധികരിക്കുന്നതാണെന്നും ആ സന്തോഷം സ്ഥിരമായതാണെന്നും മനസ്സിലാക്കുവാനുള്ള വിവേചനാബുദ്ധി മനുഷ്യൎക്കില്ല. ദൈവസാന്നിദ്ധ്യത്തിൻെറ പൂൎണ്ണ സൗഭാഗ്യം മനുഷ്യർ ഒരിക്കൽ രുചിച്ചറിഞ്ഞാൽ പിന്നീടു ക്ഷണികമായ കൃത്രിമ സന്തോഷങ്ങൾ തേടി അവർ സമയം മിനക്കെടുത്തുകയില്ല.

## മാനസാന്തരപ്പെട്ട മദ്യപാനി

ലോകത്തിൻെറ ബുദ്ധിശൂന്യതയും ക്രിസ്തുസാന്നിദ്ധ്യത്തിൻെറ യാഥാർത്ഥ്യവും താഴെപ്പറയുന്ന സംഭവത്തിൽ നിന്നു കാണാം. മോട്ടിലാൽ എന്നൊരാൾ മദ്യപാനം കൊണ്ടു ലഹരിപിടിച്ചുകഴിഞ്ഞാൽപിന്നെ എല്ലാത്തരം വിഡ്ഢിത്തങ്ങളും കാണിക്കുകയും അധമപ്രവൃത്തികൾ ചെയ്യുകയും പതിവായിരുന്നു. അയൽക്കാരിൽ ചിലർ അവൻെറ വിരസ്യങ്ങൾ കണ്ടു സന്തോഷിക്കുകയും അവനെ എരിവു കയററുകയും ചെയ്യുമായിരുന്നു. ക്രിസ്ത്യാനികളുമായി ഒരു വിധത്തിലും കൂടിക്കഴിയാനാഗ്രഹിക്കാത്തവനാണെങ്കിലും അയാളൊരിക്കൽ ഒരു നല്ല ദൈവദാസൻെറകൂടെ താമസിക്കാനിടയായി. ആ സ്നേഹിതൻെറ ജീവിതത്തിൽ കാണ

പ്പെട്ടതായ യഥാർത്ഥ സന്തോഷം മോട്ടിലാലിനെ സ്വാധീനിക്കുകയും അയാളുടെ ജീവിതരീതിയെ പരിപൂർണ്ണമായി വ്യത്യാസപ്പെടുത്തുകയും ചെയ്തു. അവൻ ആകപ്പാടെ ആളു മാറിപ്പോയെന്ന് അവൻെറ ബന്ധുക്കളും സ്നേഹിതന്മാരും കണ്ടപ്പോൾ അവർ കോപിഷ്ഠരായി അവനെ പീഡിപ്പിക്കുവാൻ തുടങ്ങി. 'അവനിപ്പോൾ തന്നെത്താൻ അശുദ്ധമാക്കിയിരിക്കുന്നു; അവൻ മതമെല്ലാം വിട്ടുകളഞ്ഞു' എന്നായിരുന്നു അവരുടെ പരാതി. അവൻ മറുപടി പറഞ്ഞു: "നിങ്ങൾ പറയുന്നതു കേട്ടിട്ടു ഞാനത്ഭുതപ്പെടുന്നു. ഞാൻ കുടിയനും സ്വയം അശുദ്ധനുമായിരുന്നപ്പോൾ നിങ്ങളെന്നെ എതിർത്തില്ല. ഇപ്പോൾ ഞാനെനെൻെറ അശുദ്ധജീവിതത്തെപ്പററി പശ്ചാത്തപിക്കുകയും ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടുകയും ചെയ്തപ്പോൾ നിങ്ങൾ പറയുന്നു ഞാൻ സ്വയം അശുദ്ധമാക്കിയെന്ന്..."

അവരെന്തെല്ലാം പറഞ്ഞിട്ടും മോട്ടിലാൽ ക്രിസ്തുവിലുള്ള തൻെറ വിശ്വാസം പരിത്യജിക്കായ്കയാൽ അവരവനെ ജാതിഭ്രഷ്ടനാക്കി വീട്ടിൽനിന്നോടിച്ചുകളഞ്ഞു. അവൻ പരാതിയൊന്നും പറഞ്ഞില്ല; ഒട്ടു വിലപിച്ചുമില്ല. ഹൃദയസന്തോഷത്തോടെ അവൻ ദൈവത്തെ സ്തുതിക്കുകയും സഹോദരങ്ങൾക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തു. അവൻ നദിക്കക്കരെ വേറൊരു പട്ടണത്തിലേക്കു പോയി. അവനക്കരെ കടന്ന സ്ഥലത്തു നദി വളരെ വീതി കൂടിയതായിരുന്നു. കടത്തുവള്ളം കഷ്ടിച്ചു നദീമദ്ധ്യത്തിലായപ്പോൾ ഒരു കൊടുങ്കാററടിച്ചു വള്ളം മറിഞ്ഞു പോയി. അനേകം യാത്രക്കാർ മുങ്ങിമരിച്ചു. മോട്ടിലാൽ നീന്തി ഒരു പ്രകാരത്തിൽ മറുകരപററി. ഉള്ളതെല്ലാം വീട്ടിലിട്ടേച്ചു പോന്നു; കൈയിലുണ്ടായിരുന്നതിൽ ഒരു ഭാഗം വെള്ളത്തിലും പോയി. ബാക്കി അയാളുടെ കൈയിൽ വളരെ കുറച്ചു രൂപാ മാത്രമാണവശേഷിച്ചത്. അയാൾ മറുകര പററിയതിനടുത്തുള്ള ഒരു കാട്ടിൽവച്ച് അവശേഷിച്ച പണവും കൊള്ളക്കാർ തട്ടിപ്പറിച്ചു. വീടും കൂട്ടും പണവും സ്നേഹിതന്മാരുമില്ലാതെ അയാൾ നിസ്സഹായനായിത്തീർന്നു. ജീവിക്കുന്നവനായ ക്രിസ്തു

വിനെപ്പററിയുള്ള അനുഭൂതിയില്ലായിരുന്നുവെങ്കിൽ അയാൾ തകന്നു തരിപ്പണമായേനെ. പുറമേ നോക്കിയാൽ എല്ലാം തന്നെ നഷ്ടപ്പെട്ടു. എന്നാൽ ആക്കും ഒരുനാളും എടുത്തുകളവാൻ സാധിക്കാത്തതായ ജീവനുള്ള ദൈവത്തിൻെറ സാന്നിദ്ധ്യവും സമാധാനവും അയാൾക്കനുഭൂതമായി. തൻെറ കഥയെല്ലാം മോട്ടിലാൽ കൊള്ളക്കാരോടു പറഞ്ഞപ്പോൾ അവരുടെ മനസ്സു കരുണാർദ്രമായി. പൂണ്ണ സന്തോഷത്തോടും മനസ്സമാധാനത്തോടുംകൂടി അയാൾ കണ്ണുനീരോടെ കൊള്ളക്കാരോടു പറഞ്ഞതിപ്രകാരമാണ്: "എന്നിൽനിന്നെല്ലാം എടുക്കപ്പെട്ടു. എന്നാൽ എനിക്കു ക്രിസ്തുവിലുള്ള യഥാർത്ഥ നിക്ഷേപം ആക്കുമെടുക്കാൻ സാദ്ധ്യമല്ല...."

കൊള്ളക്കാർ ഇതു കേട്ടപ്പോൾ മോട്ടിലാലിൻെറ പണം തിരിച്ചുകൊടുത്ത് അയാളെ സ്വതന്ത്രനാക്കി. അയാൾ അടുത്ത പട്ടണത്തിൽ ചെന്ന് അവിടെ ജോലി ചെയ്തു ജീവിക്കുകയും ക്രിസ്തുവിനെ സാക്ഷീകരിക്കുകയും ചെയ്തു.

## ഒരു ക്രിസ്ത്യാനി സ്ത്രീ

തൻെറ സമയത്തിൻെറ നല്ലൊരു ഭാഗം കർത്തുസേവനത്തിനുവേണ്ടി വിനിയോഗിച്ചതായ ഒരു ക്രിസ്ത്യാനി സ്ത്രീ രോഗിണിയായി പതിനെട്ടു വഷക്കാലം ദീനക്കിടക്കയിലായിരുന്നു. അവൾ ഭാരമേറിയ കുരിശു വഹിക്കുന്നതിനാൽ അവളോടു സഹാനുഭൂതിയുണ്ടായിരുന്ന പ്രിയമിത്രങ്ങൾ സ്നേഹത്തോടും ക്ഷമയോടും കൂടി അവളെ പരിചരിച്ചു പോന്നു. കത്താവിൻെറ വേല ചെയ്യുന്നതിനു തനിക്കവസരം ലഭിക്കുന്നില്ലല്ലോ എന്നുള്ളതായിരുന്നു അവളുടെ ഏററവും വലിയ ഖേദം. തനിക്കു ദേഹസുഖമുണ്ടായിരുന്നെങ്കിൽ എന്തെല്ലാമെന്തെല്ലാം ചെയ്യാമായിരുന്നു! ഇപ്പോളിതാ താൻ മററുള്ളവക്കൊരു ഭാരമായിത്തീന്നല്ലോ... എന്നൊക്കെയായിരുന്നു അവളുടെ ചിന്താഗതി. അവളുടെ ജീവിതരീതിയും പ്രാത്ഥനയും, ശരീരസുഖമുണ്ടായിരുന്നെങ്കിൽ അവൾക്കു സാധിക്കാമായിരുന്നതിനേ

ക്കാൾ കൂട്ടതലായി മററുള്ളവരെ സ്വാധീനിച്ചുകൊണ്ടാണിരുന്നതെന്ന കാര്യം അവളറിഞ്ഞിരുന്നില്ല. സുന്ദരവും സൗഗന്ധികവുമായ ഒരു മനോഹര കുസുമംപോലെയാണവൾ ദീനക്കിടക്കയിൽ കിടന്നതു്. അവളെ സന്ദർശിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും വന്നവർ അവളിൽനിന്നാശ്വാസം നേടുകയാൽ, അവളുടെ സുഗന്ധജീവിതത്തിൽനിന്നു സൗരഭ്യം സ്വായത്തമാക്കുകയാണു ചെയ്യുന്നതു്.

## ഒരു നിരീശ്വരവാദി

സമാധാനത്തോടും സന്തോഷത്തോടും കൂടിയുള്ള ഈ സ്ത്രീയുടെ ഏറെ വർഷങ്ങളായുള്ള കിടപ്പു്, ക്രിസ്ത്യാനിത്വത്തിൻെറ യാഥാർത്ഥ്യം നിഷേധിച്ചിരുന്ന ഒരാളുടെ ജീവിതത്തിൽ നിശ്ശബ്ദമായ സ്വാധീനം ചെലുത്തിത്തുടങ്ങി. സവിശേഷ ഗുണമില്ലാത്ത വെറും വിശ്വാസത്തിനും സങ്കല്പത്തിനും ഈ ദീർഘകാലമത്രയും അവൾക്കു സമാധാനം നൽകുവാൻ സാധിക്കയില്ലെന്നും അവളുടെ ജീവിതത്തിൽ ആഴമായ എന്തോ യാഥാർത്ഥ്യമുണ്ടെന്നും അയാൾക്കു ബോദ്ധ്യമായി. പുതിയ ഉത്സാഹത്തോടെ അയാൾ വീണ്ടും സുവിശേഷങ്ങളും ക്രിസ്തുവിൻെറ ജീവിതവും പഠിച്ചുതുടങ്ങി. അവയുടെ സത്യാവസ്ഥയെപ്പററി അയാൾക്കു് ഏറെത്താമസിയാതെ ഉത്തമബോദ്ധ്യമുണ്ടായി അയാൾ ആ സ്ത്രീയുടെ അടുക്കൽ ചെന്നു പറഞ്ഞു: "നിങ്ങളുടെ ജീവിതം ഞാൻ കാണാതിരുന്നുവെങ്കിൽ, നമ്മുടെ ജീവിക്കുന്ന കർത്താവിൻെറ രക്ഷണ്യ ശക്തിയെയും ക്രിസ്തുമതത്തിൻെറ സത്യാവസ്ഥയേയും പററി എനിക്കൊരിക്കലും വിശ്വാസമുണ്ടാകയില്ലായിരുന്നു. സുന്ദരമായ സുവിശേഷ പ്രസംഗങ്ങളും വേദപണ്ഡിതന്മാരുടെ വാദഗതികളും എന്നെ ഇളക്കുവാൻ മതിയായവയല്ല. ഒരതിശയംപോലെ അത്ഭുതകരമായ നിങ്ങളുടെ ക്രിസ്തീയ ജീവിതം എല്ലാ യുക്തികളെക്കാളും പ്രബലതരമായിട്ടാണു ഞാൻ കാണുന്നതു്. ക്രിസ്തീയ ജീവിതത്തിൻെറ മുമ്പിൽ എൻെറ തത്വവാദങ്ങൾക്കു നിലനില്ക്കുവാൻ കഴിയുന്നില്ല. നിങ്ങൾ ആരോഗ്യവതിയായിരുന്നുവെങ്കിൽ കുറേക്കൂടി

യൊക്കെ ചെയ്യാമായിരുന്നു എന്നു നിങ്ങൾ ചിന്തിക്കുന്നതു ശരിയല്ല. അതു ശരിയാണെങ്കിൽ ദൈവം നിങ്ങൾക്കു നല്ല ആരോഗ്യം തരുമായിരുന്നു. വേറൊരു വിധത്തിലും നിർവഹിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു സേവനമാണു നിങ്ങൾ ചെയ്യുന്നതു്. ഇതൊരു ദീനമാണെന്നു വിചാരിക്കരുതു്. മററുള്ളവരേക്കാൾ നന്നായി നിങ്ങൾക്കനുഭൂതമാകുന്ന ഒരു സേവനോപാധിയാണിതു്. ഇതൊരു മരണക്കിടക്കയല്ല, പിന്നെയോ ക്രിസ്തുവിലുള്ള നിത്യജീവന്റെ വെളിപ്പെട്ടത്തലാണു്."

ആ സ്ത്രീ ഇതു കേട്ടപ്പോൾ, തന്റെ ദീനവും ലാസറിന്റെ മരണംപോലെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള ഒരു പുതിയ തെളിവായിക്കരുതി. അവൾക്കിതുവരെയുണ്ടായിരുന്ന അത്ഭുതകരമായ ആനന്ദം ഇതോടെ വദ്ധിതമായി. അങ്ങനെ അവളുടെ ഭാരമേറിയ കുരിശു് അവൾക്കും മററുള്ളവക്കും ഒരനുഗ്രഹമായി പരിണമിച്ചു.

## അർമീനിയക്കാരനായ ഒരു വൈദികൻ

അർമീനിയക്കാരനായ ഒരു വൈദികനിൽനിന്നു് ഏതാനുമാഴ്ചകൾക്കു മുൻപ് എനിക്കൊരെഴുത്തു കിട്ടി. കുറെ വർഷങ്ങൾക്കു മുൻപു് അർമീനിയക്കാരെ കൂട്ടക്കൊല ചെയ്ത കാലത്തു് അദ്ദേഹം അർമീനിയായിലുണ്ടായിരുന്നു. അദ്ദേഹം എഴുതിയതിങ്ങനെയാണു്: "അനേകായിരം സത്യക്രിസ്ത്യാനികളെ എന്റെ കൺമുൻപിൽ വച്ചു കൂട്ടക്കൊല നടത്തി. അപായകരമായി മുറിവേററ എന്നെ, മരിച്ചുപോയെന്നു കരുതി പുറകിൽ തള്ളിയതാണു്. ഈ കൂട്ടക്കൊല ഭയങ്കരവും ഹൃദയഭേദകവുമായ ഒരു കാഴ്ചയായിരുന്നെങ്കിലും വലിയ സന്തോഷവും അതിലിടകലന്നിരുന്നു. പുരുഷന്മാരെയും സ്ത്രീകളെയും—പ്രായം ചെന്നവരെയും ചെറുപ്പക്കാരെയും—അശ്ലേഷം ദയവില്ലാതെ അളവററ ക്രൂരതയോടെ കൊന്നൊടുക്കിയെങ്കിലും ജീവിക്കുന്നവനായ ക്രിസ്തുവിന്റെ ശക്തി എല്ലാവരിലും പ്രകടമായിരുന്നു. കൊലയാളികൾപോലും അതു കണ്ടത്ഭുതപ്പെട്ടുപോയി. ഞങ്ങളുടെ അപ്പോഴപ്പോഴത്തെ ആവശ്യമനുസരിച്ചു

ഞങ്ങൾക്കു ബലം കിട്ടി. ഞങ്ങളിൽ ചിലർ ക്രിസ്തുവിനെയും മാലാഖമാരെയും വളരെ വ്യക്തമായി കണ്ടു. കർത്താവിൻെറ സംരക്ഷണയിലേക്കു സന്തോഷത്തോടെ രക്തസാക്ഷികൾ അവരുടെ ജീവൻ ഏല്പിച്ചുകൊടുത്തു. യഥാർത്ഥത്തിൽ അതു കൂട്ടക്കൊലയുടെ ഒരു ദിവസമല്ലായിരുന്നു; പിന്നെയോ ഒരു വിവാഹ ദിവസമായിരുന്നു. അസംഖ്യം രക്തസാക്ഷികളുടെകൂടെ എന്നെയും എടുത്തിരുന്നെങ്കിൽ എന്നു ഞാനാഗ്രഹിക്കുന്നു! എന്നാലും, അവൻെറ വേല കുറെക്കൂടി ചെയ്വാൻവേണ്ടി ഘാതകരുടെ കൈയിൽനിന്നു കർത്താവെന്നെ പിടിച്ചു മാററിയതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എൻെറ മുറിവുകൾ കരിഞ്ഞു സുഖം പ്രാപിക്കത്തക്ക ഒരു സ്ഥലത്തേക്കു ഞാൻ മാററപ്പെട്ടു. അവന്റെ വേലയ്ക്കുവേണ്ടി ഞാൻ വീണ്ടും തയ്യാറായി...."

മറെറാരമ്മീനിയക്കാരനും ഏതാണ്ടിതുപോലെതന്നെയുള്ള അനുഭവത്തിൽ കൂടെ കടന്നു പോയ വിവരത്തിനു് എൻെറ പേൎക്കെഴുതി. ആ എഴുത്തു് ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ല.

ക്രിസ്തീയ ജീവിതത്തിൻെറ സത്യവും യാഥാർത്ഥ്യവും തെളിയിക്കുന്നതായ മററു പല അത്ഭുത കാൎയ്യങ്ങളും പറയാൻ കഴിയും. പ്രായേണ എല്ലാ ജനപദങ്ങളിലും ജനസമുദായങ്ങളിലും ക്രിസ്തുവോടു കൂടി ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളുമുണ്ടു്. അവനിൽ നിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾ മൂലം അവരുടെ ജീവിതം ഫലസമൃദ്ധമായിത്തീരുന്നു. അവൻെറ ജീവദായകമായ സാന്നിദ്ധ്യമുണ്ടെന്നറിയുന്നതു് എന്തൊരു സാന്ത്വനമാണു്! "ഇതാ, എപ്പോഴും ഞാൻ നിങ്ങളുടെ കൂടെയുണ്ടു്" എന്ന ക്രിസ്തുവിൻെറ അനൎഘ വാഗ്ദാനത്തിൻെറ യാഥാർത്ഥ്യം അനുഭവിക്കുന്നതു് എത്ര ആശ്വാസപ്രദമാണു്.

---

## അദ്ധ്യായം അഞ്ച്

# ക്രിസ്തുവോടുകൂടെയും അല്ലാതെയും— എൻെറയനുഭവം

സിക്കുകാരെന്നറിയപ്പെടുന്ന ഒരു കുടുംബത്തിലാണു ഞാൻ ജനിച്ചതു്. എന്നാൽ ഹിന്ദുമതോപദേശങ്ങൾക്കായിരുന്നു ഞങ്ങളുടെ കുടുംബം കൂടുതൽ പ്രാധാന്യം നൽകിയിരുന്നതു്. എൻെറയമ്മ ഹിന്ദുമതോപദേശങ്ങളുടെ ഒരു സജീവ മാതൃകയും, അതിൻെറ വിശ്വസ്ത വ്യാഖ്യാതാവുമായിരുന്നു. അവർ എല്ലാ ദിവസവും സൂര്യോദയത്തിനു മുമ്പെഴുന്നേററു സ്നാനം ചെയ്തശേഷം ഭഗവത് ഗീതയോ മററു ഹിന്ദുമതഗ്രന്ഥങ്ങളൊ വായിക്കും. അവരുടെ നിർമ്മലമായ ജീവിതവും ഉപദേശവും കുടുംബത്തിലെ മററെല്ലാ അംഗങ്ങളെക്കാളും കൂടുതലായി എന്നെയാണു സ്വാധീനിച്ചതു്. രാവിലെ എഴുന്നേററാലുടനെയുള്ള പ്രാഥമിക ധർമ്മം ആത്മീയ ഭക്ഷണത്തിനും അനുഗ്രഹത്തിനും വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക എന്നുള്ളതാണെന്നും, അതു കഴിഞ്ഞു മാത്രമേ പ്രഭാതഭക്ഷണം കഴിക്കാവൂ എന്നുമുള്ള ആശയം വളരെ ചെറുപ്പത്തിൽ തന്നെ എൻെറ മനസ്സിൽ ദൃഢമൂലമായി

പ്രാർത്ഥനയ്ക്കു മുമ്പു പ്രഭാതഭക്ഷണം കിട്ടണമെന്നു ചില്പ്പോഴൊക്കെ ഞാൻ നിർബ്ബന്ധിക്കുമായിരുന്നു. ദൈവഭയമുള്ള എൻെറ അമ്മയാകട്ടെ, സ്നേഹത്തോടുകൂടിയും വേണ്ടിവന്നാൽ ശിക്ഷിച്ചും, 'ആദ്യം ദൈവത്തെ അന്വേഷിക്കുക, അതു കഴിഞ്ഞു മാത്രം മററു കാര്യങ്ങൾ' എന്ന ധാരണ എൻെറ മനസ്സിൽ നട്ടുവളർത്തി. അന്നെനിക്കതിൻെറ ഫലമറിയാൻ കഴിഞ്ഞില്ല. ഇന്നാകട്ടെ ഞാനതിൻെറ ശരിയായ വിലയറിയുകയും അതേപ്പററി ചിന്തി

ക്കമ്പോഴൊക്കെ ഞാൻ ദൈവത്തോട്ട നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരമ്മയെ തന്നതിനു ദൈവത്തോട്ട് എത്ര നന്ദി പ്രകടിപ്പിച്ചാലും അതു പോരാത്തതാണു്. എൻെറ ശൈശവ കാലത്തു ദൈവത്തെക്കുറിച്ചുള്ള സ്നേഹവും ഭയവും എന്നിലുറപ്പിച്ചതു് ആ നല്ല അമ്മയായിരുന്നല്ലോ. അവരുടെ മടിയിലിരുന്നുള്ള പഠനമായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം. ഏററവും വലിയ അദ്ധ്യാത്മ വിദ്യാഭ്യാസം. ഒരു 'സാധു' എന്ന നിലയിൽ കർത്താവിനു വേണ്ടി വേല ചെയ്യുന്നതിനു് അമ്മ അവരുടെ ത്രാണിയനുസരിച്ചു് എന്നെയൊരുക്കി.

## ഒരു പണ്ഡിതനും ഒരു സാധുവും

കുറെ നാളത്തേക്കു് അമ്മ തന്നെ എന്നെ ഹിന്ദുമതഗ്രന്ഥങ്ങൾ പഠിപ്പിച്ചു. അനന്തരം അവരെന്നെ ഒരു ഹൈന്ദവ പണ്ഡിതനെയും, തുടന്നു വൃദ്ധനായ ഒരു സിക്കു സന്യാസിയെയും ഭരമേല്പിച്ചു. അവരിരുവരും എൻെറ വീട്ടിൽ വന്നു പ്രതിദിനം രണ്ടും മൂന്നും മണിക്കൂറുകൾ വീതം എന്നെ പഠിപ്പിച്ചുകൊണ്ടിരുന്നു. പണ്ഡിതർ ഹിന്ദുശാസ്ത്രങ്ങളിൽ നിന്നുള്ള പാഠങ്ങൾ ഓരോന്നായി പഠിപ്പിച്ചു. അദ്ദേഹം മരിച്ചപ്പോൾ കാശിനാഥ് എന്ന വേറൊരു പണ്ഡിതൻ എന്നെ സംസ്കൃത വേദഗ്രന്ഥങ്ങൾ പഠിപ്പിച്ചു. പൂജ്യനായ സിക്കു സന്യാസി, എന്നെ 'ഗ്രന്ഥ'വും (സിക്കുകാരുടെ വിശുദ്ധ മതഗ്രന്ഥം) സിക്കുമത പ്രമാണങ്ങളടങ്ങിയ മററു പുസ്തകങ്ങളുമാണു പഠിപ്പിച്ചതു്. ഈ പഠിപ്പിക്കലുകളിൽ നിന്നു കുറെ മനസ്സമാധാനം കിട്ടുന്നുണ്ടെന്നു് എനിക്കു ബോധ്യമായി; എന്നാൽ യഥാർത്ഥ ഹൃദയസമാധാനത്തിനു വേണ്ടി ഞാൻ ദാഹിച്ചുകൊണ്ടേയിരുന്നു. വളരെ സഹാനുഭൂതിയോടെയാണു് എന്നെയവർ രണ്ടുപേരും പഠിപ്പിച്ചതു്. അവരുടെ ജീവിതാനുഭവങ്ങളുടെ പ്രയോജനവും എനിക്കു കിട്ടി. എൻെറ ആത്മാവിൻെറ തീവ്രാഭിലാഷമായിരുന്ന യഥാർത്ഥ അനുഗ്രഹം അവക്കു തന്നെ കിട്ടിയിരുന്നില്ല! പിന്നെയെങ്ങനെയാണു് അതു കിട്ടുവാൻ അവരെന്നെ സഹായിക്കുന്നതു്?

## എൻെറ അച്ഛൻ

ഹൃദയസമാധാനത്തിനുവേണ്ടിയുള്ള എൻെറ ആത്മീയ ദാഹം ഏതെങ്കിലും വിധത്തിൽ ഉപശമിപ്പിക്കുന്നതിനു വേണ്ടി പല ദിവസങ്ങളിലും അർദ്ധരാത്രിവരെ ഞാൻ ഹൈന്ദവ വേദഗ്രന്ഥങ്ങൾ വായിക്കുക പതിവായിരുന്നു. 'ഇത്രയിരുട്ടുന്നതുവരെയിരുന്നു വായിക്കുന്നതു് ആരോഗ്യത്തിനു നല്ലതല്ലെ'ന്നു് അച്ഛൻ തടസ്സം പറയുമായിരുന്നു. എൻെറ ജീവിതം സന്തുഷ്ടമാക്കുന്നതിനുവേണ്ട പല സംഗതികൾ വീട്ടിലുണ്ടായിരുന്നുവെങ്കിലും അവയൊന്നിനും തന്നെ എന്നെയാകർഷിക്കാൻ കഴിഞ്ഞില്ല. അച്ഛൻ പലപ്പോഴും ഇപ്രകാരം ശാസിക്കുമായിരുന്നു: "നിൻെറ പ്രായത്തിലുള്ള കുട്ടികളുടെ ശ്രദ്ധ കളിയിലും വിനോദത്തിലും മാത്രമാണല്ലോ. ഇത്ര ചെറുപ്പത്തിലെ ഈ കിറുക്കു നിനക്കെങ്ങനെയുണ്ടായി? ജീവിതത്തിൻെറ ഇനിയുമുള്ള ഘട്ടങ്ങളിൽ ഈ മാതിരി കാര്യങ്ങളെപ്പററി ആലോചിക്കുവാൻ നിനക്കു ധാരാളം സമയമുണ്ടല്ലോ. നിൻെറ അമ്മയുടെയും ആ സന്യാസിയുടെയും പക്കൽ നിന്നായിരിക്കണം നിനക്കീ ഭ്രാന്തു കിട്ടിയതു്."

## പണ്ഡിതനും ഞാനും

എൻെറ ആത്മീയ പ്രയാസങ്ങൾക്കു പരിഹാര വിശദികരണം നൽകണമെന്നു ഞാൻ പണ്ഡിതരോടു പലപ്പോഴമഭ്യർത്ഥിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ മറുപടി ഏതാണ്ടീപ്രകാരമായിരുന്നു: "നിന്റെ പ്രയാസങ്ങൾ വിചിത്രതരവും ഒരു പുതിയ രീതിയിലുള്ളവയുമാണു്. നീ വളന്നു വന്നു കൂടുതൽ പരിചയം നേടുമ്പോൾ ഈ പ്രയാസങ്ങൾ താനേ മാറിക്കൊള്ളും. ഇപ്പോൾ ഇവയെപ്പററി ക്ലേശിക്കാതെ നിൻെറയച്ഛൻ പറയുന്നതുപോലെ ചെയ്യുക."

ഞാൻ: "പ്രായമാകുന്നതുവരെ ഞാൻ ജീവിച്ചില്ലെങ്കിൽ എന്തു സംഭവിക്കും? ഈ വിശപ്പിനും ദാഹത്തിനും ശമനം കിട്ടുന്നതു പ്രായത്തെയോ, ഒരു വ്യക്തി പ്രായം ചെന്നവനോ കുട്ടിയോ എന്നുള്ളതിനെയോ ആശ്രയിച്ച

ല്ലിരിക്കുന്നതു്. വിശപ്പുള്ള ഒരു ബാലൻ ആഹാരത്തിനു വേണ്ടി ചോദിക്കുമ്പോൾ, "പോയി കളിക്കു, നീ വളൎന്നു വന്നു വിശപ്പിൻെറ സാക്ഷാലുള്ള അൎത്ഥം മനസ്സിലാക്കുമ്പോൾ നിനക്കു് ആഹാരം ലഭിക്കുന്നതാണു്" എന്നവനോടു പറയുമോ? വിശന്നിരിക്കുമ്പോൾ കളിയിലേൎപ്പെടുന്നതുകൊണ്ടു് അവനു സന്തോഷം കിട്ടുമോ? ആഹാരം കിട്ടുന്നില്ലെങ്കിൽ വളൎച്ച പ്രാപിക്കുന്നതുവരെ അവനു ജീവിക്കാൻ സാധിക്കുമോ? അവനു് ഇപ്പോൾത്തന്നെ ഭക്ഷണം കിട്ടണം. ആത്മീയാഹാരത്തിനു വേണ്ടി ഞാൻ വളരെ വിശപ്പുള്ളവനാണു്. അങ്ങേയ്ക്കതു നൽകുവാൻ സാദ്ധ്യമല്ലെങ്കിൽ അതെങ്ങനെ കിട്ടുമെന്നു എന്നോടു പറഞ്ഞു തരാമോ? അതെവിടെ കിട്ടുമെന്നു പറഞ്ഞുതരാൻ അങ്ങേയ്ക്കു സാധ്യമല്ലെങ്കിൽ അക്കാൎയ്യം പറയൂ."

പണ്ഡിതരുടെ മറുപടി: "ആഴമേറിയ ഈ ആത്മീയ കാൎയ്യങ്ങൾ നിനക്കിപ്പോൾ മനസ്സിലാക്കുവാൻ സാധ്യമല്ല. നിനക്കു ആത്മീയോന്നതി പെട്ടെന്നു കിട്ടുകയില്ല. അതു ലഭ്യമാകണമെങ്കിൽ ദീൎഘകാലം വേണ്ടിവരും. അതു് കിട്ടുവാൻ വേണ്ടി നിനക്കിത്രധൃതിയെന്താണു്? ഈ വിശപ്പിനു് ഈ ജന്മത്തിൽ ഉപശമനം ലഭിച്ചില്ലെങ്കിൽത്തന്നെയും അതിനു വേണ്ടി യത്നിച്ചുകൊണ്ടിരുന്നാൽ നിൻെറ അടുത്ത പുനൎജ്ജന്മങ്ങളിൽ അതിനു പരിഹാരം ലഭിക്കും." ഇങ്ങനെ പറഞ്ഞു പണ്ഡിതർ ഒഴിഞ്ഞുമാറി. എൻെറ പ്രശ്നം പരിഹൃതമായതുമില്ല.

## സാധുവും ഞാനും

എൻെറ പ്രയാസങ്ങളെപ്പററി സാധുവിനോടും പല തവണ പറഞ്ഞു നോക്കി. അദ്ദേഹവും ഏതാണ്ടു പണ്ഡിതരുടെ മാതിരിയൊരു മറുപടിയാണു് തന്നതു്: "നീ ഇതേപ്പററി ക്ലേശിക്കേണ്ടാ. നിനക്കു ജ്ഞാനം ലഭിക്കുമ്പോൾ ഈ പ്രയാസങ്ങളെല്ലാം മാറിക്കൊള്ളും."

ഞാൻ: "സമ്പൂൎണ്ണവും ആത്യന്തികവുമായ ജ്ഞാനം ലഭിക്കുമ്പോൾ എൻെറ സംശയം മാറിക്കിട്ടുമെന്നുള്ള കാൎയ്യത്തിൽ തൎക്കമില്ല. ഭാവിയിൽ കൂടുതൽ ജ്ഞാന പ്രകാശം

ലഭിക്കുമെന്നു ഇപ്പോൾ ആശിക്കണമെങ്കിൽത്തന്നെ, ഈ പ്രായത്തിലുള്ള (ഇപ്പോഴെനിക്കുള്ള) പരിമിതമായ അറിവുകൊണ്ടു് കുറെ പ്രയാസങ്ങളെങ്കിലും ദൂരീകരിക്കുവാൻ എനിക്കു സാധിക്കേണ്ടതല്ലേ? ജ്ഞാനവർദ്ധനവു മൂലം കാര്യമായി എന്തെങ്കിലും ലഭിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അറിവു കൂടുന്തോറും ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും വ്യാപ്തിയും കൂടുന്നതാണു്. അപ്പോൾ പുതുതായി ഉദിക്കുന്ന ആവശ്യങ്ങളെയും പ്രശ്നങ്ങളെയും എങ്ങനെയാണു നേരിടേണ്ടതു്? അറിവു മാത്രമല്ല വിശപ്പിനു ആഹാരവും കൂടി വേണം. എൻെറ ഇപ്പോഴത്തെ ചെറിയ (പരിമിതമായ) അറിവു തന്നെ എൻെറ ആവശ്യങ്ങളെ ഉണർത്തിയിരിക്കയാൽ എനിക്കു് അറിവു കൂടുന്തോറും എൻെറ ആവശ്യങ്ങളും കൂടിക്കൂടി വരുമല്ലോ? ഈ ആവശ്യങ്ങളെ എങ്ങനെയാണു നേരിടേണ്ടതു് എന്നുള്ളതാണു യഥാർത്ഥ പ്രശ്നം."

സാധു: "അപൂർണ്ണവും പരിമിതവുമായ അറിവുകൊണ്ടല്ല പരിപൂർണ്ണവും ആത്യന്തികവുമായ അറിവുകൊണ്ടു നിൻെറ ആവശ്യങ്ങൾ പരിഹരിക്കപ്പെടും. നിനക്കു പൂർണ്ണജ്ഞാനം കിട്ടുമ്പോൾ, ഈ ആവശ്യം അഥവാ ആശ ഒരു മിഥ്യാമാത്രമാണെന്നുള്ള അന്തർദ്ധാരണ നിനക്കു ലഭിക്കും. നീ തന്നെ ബ്രഹ്മമോ (ദൈവം) അതിൻെറ ഒരു ഭാഗമോ ആണെന്നുള്ള സാക്ഷാൽക്കാരബോധ്യം നിനക്കു ലഭിച്ചു കഴിഞ്ഞാൽ പിന്നീടു നിനക്കെന്താണു വേണ്ടതു്?"

ഞാൻ: "ക്ഷമിക്കണം. ഇതു വിശ്വസിക്കുവാൻ എനിക്കു സാദ്ധ്യമല്ല. ഞാൻ ബ്രഹ്മമോ അതിൻെറയൊരു ഭാഗമോ ആണെങ്കിൽ എനിക്കു 'മിഥ്യാ' (Illusion) എങ്ങനെയുണ്ടാകും? മായതന്നെ ബ്രഹ്മത്തിൽ സംഭവ്യമാണെങ്കിൽ ബ്രഹ്മം പിന്നീടു ബ്രഹ്മമല്ല; എന്തെന്നാൽ ബ്രഹ്മം മായയ്ക്കധീനപ്പെട്ടുപോയല്ലോ. തന്മൂലം മായ, ബ്രഹ്മത്തേക്കാൾ പ്രബലതരമാണെന്നു വന്നു കൂടുന്നു. അപ്പോൾ മായ എന്നതു മായയല്ല, പിന്നെയോ അതു ബ്രഹ്മത്തെ ജയിച്ചിരിക്കുന്നതായ ഒരു യാഥാർത്ഥ്യമാണു്. അങ്ങനെ വരുമ്പോൾ ബ്രഹ്മം തന്നെ മായയാണെന്നു നാം വിചാരിക്കേണ്ടിയി

രിക്കുന്നു. അതു് ഈശ്വര നിന്ദയാണു്. എന്നെ സഹായിക്കുന്നതിനു പകരം അങ്ങെന്നെ നീർച്ചുഴിയിലേക്കെറിയുകയാണു്. എന്റെ ആത്മീയ വിശപ്പും ദാഹവും അവനിൽക്കൂടെ ഉപശമിപ്പിക്കുന്നതിനു വേണ്ടി അവനെ കാണ്മാനുള്ള വഴി അങ്ങയുടെ അനുഭവവും അറിവും മൂലം അങ്ങേയ്ക്കെന്നെ ചൂണ്ടിക്കാണിക്കാമെങ്കിൽ ഞാൻ കൃതജ്ഞനായിരിക്കും. അവനിൽ ലയിച്ചു ചേരണമെന്നുള്ളതല്ല, അവനിൽക്കൂടെ രക്ഷ പ്രാപിക്കണമെന്നുള്ളതാണു് എന്റെ ആഗ്രഹമെന്നു് അങ്ങു മനസ്സിലാക്കണം.''

സാധു മറുപടി പറഞ്ഞു: "കുഞ്ഞേ, ഈ കാര്യത്തിനു വേണ്ടി ഇപ്പോൾ സമയം വെറുതെ കളയുന്നതു പ്രയോജനരഹിതമാണു്. ഈ സംഗതികൾ നിനക്കു തന്നെ മനസ്സിലാകുന്ന കാലം വരും...''

## കള്ളം പറയുന്നതും മോഷ്ടിക്കുന്നതും

എല്ലാത്തരമായ പാപങ്ങളിൽനിന്നും മാറിനിൽക്കണമെന്നും, പ്രയാസത്തിൽ കഴിയുന്നവർക്കു സഹായവും സഹാനുഭൂതിയും നൽകണമെന്നും എന്റെ ചെറുപ്പകാലത്തു തന്നെ അമ്മ എന്നെ ശക്തിയായി ഉദ്ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. ഒരിക്കൽ അച്ഛൻ പോക്കറ്റുമണിയായി ഒരു തുക എനിക്കു നൽകി. പണം കിട്ടിയപാടെ അതു ചെലവഴിക്കാനായി ഞാൻ അങ്ങാടിയിലേക്കോടി. തണുപ്പും വിശപ്പുംകൊണ്ടു വലയുന്ന ഒരു വൃദ്ധ സ്ത്രീയെ വഴിമദ്ധ്യേ കാണുകയുണ്ടായി. അവരെന്നോടു സഹായമഭ്യർത്ഥിച്ചപ്പോൾ എനിക്കു വളരെ സഹതാപം തോന്നി. ഉള്ള പണമത്രയും അവർക്കു കൊടുത്തു. ആ പാവപ്പെട്ട വൃദ്ധയ്ക്കു ഒരു കമ്പിളിപ്പുതപ്പു കൊടുത്തില്ലെങ്കിൽ അവർ തണുത്തു വിറച്ചു ചത്തുപോയേക്കുമെന്നു്, ഞാൻ വീട്ടിൽ തിരിച്ചു വന്നപ്പോൾ അച്ഛനോടു പറഞ്ഞു. 'ഓ, ഞാനവരെ പലപ്പോഴും സഹായിച്ചിട്ടുണ്ടു്. ഇനി അയല്ക്കാരാരെങ്കിലും സഹായിക്കട്ടെ' എന്നു പറഞ്ഞു് അച്ഛനെന്റെ അഭ്യർത്ഥന നിരസിച്ചു.

അവരെ സഹായിക്കുവാൻ അച്ഛനു മനസ്സില്ല എന്നു കണ്ടപ്പോൾ, ഒരു കമ്പിളിവാങ്ങാൻ അവക്കു കൊടുക്കുവാൻ വേണ്ടി ആരുമറിയാതെ അഞ്ചുരൂപാ അച്ഛൻെറ പോക്കററിൽനിന്നു ഞാനെടുത്തു. അവരെ സഹായിക്കുവാൻ സാധിക്കുമല്ലോ എന്ന ചിന്ത എനിക്കു വലിയ സംതൃപ്തി നൽകി. അതേസമയംതന്നെ ഞാനൊരു മോഷ്ടാവാണല്ലോ എന്ന ചിന്ത എൻെറ മനസ്സാക്ഷിയെ കുത്തിക്കൊണ്ടിരുന്നു. വൈകുന്നേരം രൂപാ കാണാതായപ്പോൾ അതു ഞാനെടുത്തിട്ടുണ്ടോ എന്നു് അച്ഛൻ തിരക്കി. ഞാൻ നിഷേധിച്ചു പറഞ്ഞു. അതോടെ എൻെറ വൈഷമ്യം വളരെ വർദ്ധിച്ചു. ശിക്ഷയിൽനിന്നു ഞാൻ രക്ഷപെട്ടെങ്കിലും എൻെറ മനസ്സാക്ഷി ആ രാത്രിമുഴുവൻ എന്നെ കഠിനമായി ശല്യപ്പെടുത്തുകയാൽ എനിക്കുറക്കം വന്നില്ല. അതിരാവിലെ ഞാൻ അച്ഛൻെറയടുത്തു ചെന്നു്, ഞാൻ അസത്യം പറഞ്ഞതും രൂപാ മോഷ്ടിച്ചതും അദ്ദേഹത്തോടേററു പറഞ്ഞുകൊണ്ടു രൂപാ തിരികെക്കൊടുത്തു. അച്ഛൻ ശിക്ഷിച്ചേക്കുമെന്നു ഭയമുണ്ടായിരുന്നെങ്കിലും ഒരു വലിയ ഭാരമെൻെറ മനസ്സിൽനിന്നു മാറിക്കിട്ടി. ശിക്ഷിക്കുന്നതിനുപകരം അദ്ദേഹമെന്നെ സ്വകരങ്ങളിൽ കോരിയെടുത്തു കണ്ണുനീരോടെ പറഞ്ഞു: "എൻെറ മകനെ, നിന്നെ ഞാനെല്ലായ്പോഴും വിശ്വസിച്ചുകൊണ്ടാണിരുന്നതു്. എൻെറ വിശ്വാസം തെററല്ലെന്നു ഇപ്പോഴിതാ നല്ല തെളിവു കിട്ടിയിരിക്കുന്നു." എൻെറ തെററുകൾ ക്ഷമിക്കമാത്രമല്ലദ്ദേഹം ചെയ്തതു്. വൃദ്ധ സ്ത്രീക്കുവേണ്ടി ഒരു കമ്പിളി വാങ്ങുവാനായി ആ അഞ്ചുരൂപാ വിനിയോഗിച്ചു; മിഠായി വാങ്ങുവാൻ എനിക്കും ഒരു രൂപാതന്നു. അതിനുശേഷം ഞാനെന്തെല്ലാം ചോദിച്ചാലും അച്ഛനതു നിഷേധിച്ചിട്ടില്ല. ഇനി എൻെറ മനസ്സാക്ഷിക്കെതിരായോ, എൻെറ മാതാപിതാക്കളുടെ ഇച്ഛയ്ക്കു വിപരീതമായോ യാതൊന്നും ചെയ്കയില്ലെന്നു ഞാൻ നിശ്ചയിച്ചു.

## അമ്മയുടെയും സഹോദരൻെറയും മരണം

ഈ സംഭവം കഴിഞ്ഞു കുറെ നാളുകൾക്കുശേഷം എൻെറ അമ്മ മരിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞു്

ജ്യേഷ്ഠനും മരിച്ചു. എൻെറ ജ്യേഷ്ഠൻെറ സ്വഭാവരീതിയും മനോഭാവവും എൻേറതുപോലെ തന്നെയായിരുന്നു. ഈ പ്രിയപ്പെട്ടവരുടെ വേർപാട്ട് എനിക്കൊരു വലിയ ആഘാതമായിരുന്നു. അവരെ ഇനിയൊരിക്കലും കാണാൻ സാധിക്കുകയല്ലല്ലോ എന്ന ചിന്ത എന്നെ വിഷമത്തിലും തീവ്ര നൈരാശ്യത്തിലുമാക്കി. പ്രത്യേകിച്ച്, അവർ ഏതു രൂപത്തിൽനിന്നാണു പുനർജ്ജന്മമെടുത്തതെന്നും, അടുത്തജന്മത്തിൽ ഞാൻ തന്നെ എന്തായിത്തീരുമെന്നും എനിക്കറിഞ്ഞുകൂടല്ലോ. എന്നെപ്പോലെ ശിഥിലഹൃദയനായ ഒരാൾക്കുള്ള ഏകസമാധാനം, ഹിന്ദുമതതത്വപ്രകാരം ഞാൻ 'വിധി'ക്കു സ്വയം കീഴടങ്ങുകയും നിർദ്ദയമായ 'കർമ്മ' നിയമത്തിനുമുൻപിൽ തല കുനിക്കുകയും ചെയ്യണമെന്നുള്ളതാണു്.

## മിഷൻ പള്ളിക്കൂടവും ഗവമ്മെൻറു് പള്ളിക്കൂടവും

എൻെറ ജീവിതത്തിൽ വേറൊരു വ്യതിയാനം കൂടിയുണ്ടായി. അമേരിക്കൻ പ്രസ്ബിറേററിയൻ മിഷൻകാർ എൻെറ ജന്മഗ്രാമമായ രാംപൂരിൽ സമാരംഭിച്ച ഒരു ചെറിയ പ്രൈമറി സ്കൂളിൽ എന്നെ പഠിക്കുവാനയച്ചു. പ്രതിദിനമുള്ള ബൈബിൾ ക്ളാസ്സിൽവച്ച്, ഞാൻ ബൈബിൾ വായിക്കയില്ല എന്നു ശഠിക്കത്തക്കവണ്ണം ക്രിസ്തുമതത്തെപ്പററി അപ്പോൾ വളരെയധികം പ്രതികൂലമുൻവിധി എനിക്കുണ്ടായിരുന്നു. ബൈബിൾ ക്ലാസ്സിൽ ഹാജരായേ മതിയാകൂ എന്നു് അദ്ധ്യാപകന്മാർ നിർബ്ബന്ധിച്ചു. ഞാനതിനു പരമവിരുദ്ധമായിരുന്നതിനാൽ അടുത്തകൊല്ലം ഈ സ്കൂൾവിട്ടു്, എൻെറ വീട്ടിൽനിന്നു മൂന്നു മൈലകലെ സാൻവോൾ എന്ന സ്ഥലത്തുള്ള ഒരു ഗവണ്മെൻറു് സ്കൂളിൽചേർന്നു് ഏതാനും മാസങ്ങൾ അവിടെ പഠിച്ചു. ദൈവത്തിൻെറ സ്നേഹത്തെപ്പററി സുവിശേഷങ്ങൾ നൽകിയ ഉപദേശം എന്നെ അല്പമൊന്നാകർഷിക്കയുണ്ടായിട്ടുണ്ടു്. എന്നാൽ അതു കള്ളമാണെന്നുതന്നെ ഞാൻ വിചാരിക്കുകയാൽ സുവിശേഷത്തോടെനിക്കെതിർപ്പായിരുന്നു. എന്റെയഭിപ്രായം സുദൃഢമായിരുന്നതിനാലും

എൻെറ അസ്വസ്ഥത അത്രയ്ക്കു വല്യതായിരുന്നതിനാലും, ഒരു ദിവസം അച്ഛൻെറയും മററുള്ളവരുടെയും മുമ്പിൽ വച്ചു ഞാൻ സുവിശേഷഗ്രന്ഥം വലിച്ചുകീറി തീയിലിട്ടു.

## ജീവിക്കുന്നവനായ ക്രിസ്തു വെളിപ്പെടുന്നു

സുവിശേഷഗ്രന്ഥം കത്തിച്ചുകളഞ്ഞതു്, അപ്പോഴത്തെ എൻെറ ആശയം അനുസരിച്ചു ഞാൻ ചെയ്ത ഒരു നല്ല കാര്യമാണെന്നെനിക്കു തോന്നി. എന്നിട്ടും എൻെറ ഹൃദയാസ്വാസ്ഥ്യം വർദ്ധിച്ചുകൊണ്ടേയിരുന്നു. അടുത്ത രണ്ടു ദിവസങ്ങൾ ഞാൻ ദുഃഖിതനായിരുന്നു. മൂന്നാം ദിവസമായപ്പേഴേക്കും ഈ യാതന എനിക്കൊട്ടുംതന്നെ വഹിക്കുവാൻ പാടില്ലാത്ത ഘട്ടത്തിലെത്തി. വെളുപ്പിനു മൂന്നു മണിക്കു ഞാനെഴുന്നേററു കുളിച്ചശേഷം, 'ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം എനിക്കു സ്വയം വെളിപ്പെടുത്തി രക്ഷാമാർഗ്ഗം ചൂണ്ടിക്കാണിച്ച് എൻെറ ആത്മാവിൻെറ അസ്വസ്ഥത അവസാനിപ്പിക്കേണമേ' എന്നു ഞാൻ പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനയ്ക്കുത്തരം ലഭിക്കുന്നില്ലെങ്കിൽ പ്രഭാതത്തിനു മുൻപുതന്നെ, പാഞ്ഞുവരുന്ന തീവണ്ടിയുടെ മുമ്പിൽ തലവച്ചു മരിക്കുമെന്നു ഞാൻ ദൃഢനിശ്ചയം ചെയ്തു. വെളുപ്പിനു നാലരമണിവരെ ഞാൻ തുടർച്ചയായി പ്രാർത്ഥിക്കുകയും, കൃഷ്ണനെയോ ബുദ്ധനെയോ ഹിന്ദുമതത്തിലെ മറേറതെങ്കിലുമൊരവതാരത്തെയോ കാണുവാൻവേണ്ടി കാത്തിരിക്കുകയും ചെയ്തു. അവരെയാരെയും കണ്ടില്ല. എന്നാൽ മുറിക്കകത്തു് ഒരു പ്രകാശം പരന്നുതുടങ്ങി. ഈ പ്രകാശം എവിടെനിന്നു വരുന്നുവെന്നു കാണ്മാൻവേണ്ടി ഞാൻ വാതിൽ തുറന്നുനോക്കി. പക്ഷെ പുറത്തെല്ലാം ഇരുട്ടായിരുന്നു. ഞാൻ അകത്തേക്കു പ്രവേശിച്ചപ്പോഴേയ്ക്കും പ്രകാശധാര തീവ്രമാകയും തറയുടെ മുകളിൽ അതൊരു പ്രകാശഗോളമായി രൂപാന്തരപ്പെടുകയും ചെയ്തു! ഞാൻ പ്രതീക്ഷിച്ച രൂപമല്ല, പിന്നെയോ മരിച്ചവനായി ഞാൻ കണക്കാക്കിയിരുന്ന 'ജീവനുള്ള ക്രിസ്തു'വിൻെറ രൂപം ഈ പ്രകാശത്തിൽ ഞാൻ കണ്ടു. അവൻ്റെ ശ്രേഷ്ഠവും സ്നേഹപൂർണ്ണമായ മുഖവും അവൻ പറഞ്ഞ ഏതാനും വാക്കു

കളും ഞാൻ നിത്യകാലത്തേക്കും മറക്കുകയില്ല. "നീ എന്തിനാണെന്നെ പീഡിപ്പിക്കുന്നതു്? ഞാൻ നിനക്കുവേണ്ടിയും സർവ്വലോകത്തിനുവേണ്ടിയും കുരിശിൽ മരിച്ചു." ഈ വാക്കുകൾ മിന്നൽപിണർപോലെ എൻെറ ഹൃദയത്തിൽ തീപിടിപ്പിച്ചു. അവൻെറ മുമ്പാകെ ഞാൻ സാഷ്ടാംഗം വീണു. എൻെറ ഹൃദയം അവാച്യമായ ആനന്ദത്താലും സന്തോഷത്താലും നിറഞ്ഞുകവിഞ്ഞു. എൻെറ ജീവിതം പരിപൂർണ്ണമായി വ്യത്യാസപ്പെട്ടു. പഴയ സുന്ദരസിംഗ് മരിച്ചു; ജീവനുള്ള ക്രിസ്തുവിനെ സേവിക്കുന്ന ഒരു പുതിയ സുന്ദരസിംഗ് ജനിച്ചു.

## പീഡനത്തിൻെറ ആരംഭം

അല്പം കഴിഞ്ഞു്, അപ്പോഴും ഉറങ്ങിക്കൊണ്ടിരുന്ന എൻെറ അച്ഛൻെറയടുത്തുചെന്നു്, ഞാനൊരു ദർശനം കണ്ടെന്നും ഇപ്പോൾ ഞാനൊരു ക്രിസ്ത്യാനിയാണെന്നും അദ്ദേഹത്തോടു പറഞ്ഞു. "നീ എന്താണു പറയുന്നതു്? നീ അവരുടെ പുസ്തകം കത്തിച്ചുകളഞ്ഞിട്ടു മൂന്നു ദിവസമേ ആയുള്ളല്ലോ! കഥയില്ലാത്ത കുട്ടി, നീപോയിക്കിടന്നുറങ്ങ്" എന്നുപറഞ്ഞു് അദ്ദേഹം വീണ്ടും നിദ്രയാരംഭിച്ചു. അതു കഴിഞ്ഞു് ദർശനം കണ്ടതും ഞാനൊരു ക്രിസ്ത്യാനിയായിത്തീർന്നതും കുടുംബാംഗങ്ങളോടെല്ലാം പറഞ്ഞു. എനിക്കു കിറുക്കാണെന്നു ചിലർ, അതല്ല ഞാൻ സ്വപ്നം കണ്ടതാണെന്നു മറ്റുചിലർ. പക്ഷെ, ഞാൻ പിന്തിരിയുന്നില്ലെന്നു കണ്ടപ്പോൾ അവരെന്നെ പീഡിപ്പിക്കുവാൻ തുടങ്ങി. ക്രിസ്തുവോടുകൂടെയല്ലാതിരുന്നപ്പോൾ ഞാനനുഭവിച്ച ഹൃദയാസ്വാസ്ഥ്യത്തോടു താരതമ്യപ്പെടുത്തിനോക്കിയാൽ ഈ പീഡനം ഒട്ടും സാരമുള്ളതല്ലായിയിരുന്നു. അവരാരംഭിച്ചതായ പീഡനങ്ങളും ഉപദ്രവങ്ങളും സഹിക്കുവാൻ എനിക്കു പ്രയാസവുമില്ലായിരുന്നു.

ഒരു സാധു (സന്യാസി) ആകണമെന്നുള്ള ഇച്ഛ അനേകനാളുകളായി എൻെറ മനസ്സിലുണ്ടായിരുന്നു. ഒരു 'സാധു' വെന്നനിലയിൽ കർത്താവായ ക്രിസ്തുവിനെ ഇനിമേൽ സേവിക്കണമെന്നു ഞാൻ തീരുമാനിച്ചു. ക്രിസ്ത്യാ

നികളാകാനാഗ്രഹിച്ച വേറെ രണ്ടു മൂന്നു കുട്ടികളുമുണ്ടായിരുന്നു. മാതാപിതാക്കന്മാർ നല്കിയ ശിക്ഷമൂലം രണ്ടു പേർ പിന്തിരിഞ്ഞു. മൂന്നാമത്തെയാൾ ഖന്നായിൽ ചെല്ലുകയും റവ. ഇ. പി. ന്യൂട്ടൻ എന്ന മിഷനറി അവനെ സ്നാനപ്പെടുത്തുകയും ചെയ്തു. അധികകാലം കഴിയുന്നതിനു മുൻപ്, അവൻെറ അമ്മ മരിക്കാൻ കിടക്കുന്നു എന്ന കഥയുമായിച്ചെന്ന് അവൻെറ അച്ഛൻ അവനെ വശീകരിച്ചു കൊണ്ടുപോന്നു. ഏറെത്താമസിയാതെ അവൻ മരണമടഞ്ഞു; മരണം വിഷം മൂലമാണെന്നാണു പറയപ്പെടുന്നതു്.

## ക്രിസ്ത്യാനികൾ ഒരു തടസ്സം

രാംപൂരിൽ ജീവിക്കുന്നതു പ്രയാസകരമാണെന്നു കണ്ടപ്പോൾ, ലുധിയാനായിലെ ക്രിസ്ത്യൻ ബോയിസ് ബോർഡിംഗ് സ്കൂളിലേക്കു പോകുവാൻ ന്യൂട്ടൻസായിപ് എന്നെ ഉപദേശിച്ചു. അവിടത്തെ മിഷനറിമാരായ ഡോക്ടർ വെറി, ഡോക്ടർ ഫൈഫ് എന്നിവർ എന്നെ ദയാപുരസ്സരം സ്വീകരിക്കുകയും എല്ലാ വിധത്തിലും സംരക്ഷിക്കുകയും ചെയ്തു. എന്നാൽ ചില ക്രിസ്ത്യാനിക്കുട്ടികളുടെയും സ്ഥലവാസികളായ ചില ക്രിസ്ത്യാനികളുടെയും ക്രൈസ്തവ വിരുദ്ധമായ ജീവിതരീതി കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി! ജീവനുള്ള ക്രിസ്തുവിനെ പിന്തുടരുന്നവർ ദൈവദൂതന്മാരെപ്പോലെ ആയിരിക്കുമെന്നാണു ഞാൻ കരുതിയിരുന്നതു്. ഈ കാര്യത്തിൽ എൻെറ ധാരണ തെററാണെന്നു മനസ്സിലായി. ജീവനുള്ള ക്രിസ്തുവിൻെറ ദർശനം ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ—അവനിൽനിന്നു പുതുജീവൻ എനിക്കു ലഭിച്ചില്ലായിരുന്നുവെങ്കിൽ, ഞാൻ കാലിടറി വീണു തെററിമാറി ക്രിസ്തുമതത്തിൻെറ ഒരു ശത്രുവായിത്തീരുമായിരുന്നു. സ്കൂളിനെയും ആ ക്രിസ്ത്യാനികളെയും വിട്ടു വേറെ മാറിത്താമസിക്കുന്നതിനും, ഒരു 'സാധു' എന്ന നിലയിൽ തൻെറ വേലയ്ക്കായി ക്രിസ്തു എന്നെ എങ്ങോട്ടു നയിക്കുന്നുവോ അങ്ങോട്ടു പോയി ക്രിസ്തുവിനെ പിന്തുടരുന്നതിനും ഞാൻ തീരുമാനിച്ചു. വേനലവധിക്കാലത്തു ഞാൻ സിംലായിലേക്കും സുബാതുവിലേക്കും

പോയി. സ്കൂളിലേക്കു തിരിച്ചു പോരുന്നതിനു പകരം ഞാൻ സ്നാനപ്പെട്ട് ഒരു സാധുവായി ചുററി സഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ചു തുടങ്ങി.

ക്രൈസ്തവേതര സത്യാന്വേഷികൾ സത്യം കണ്ടുപിടിക്കുന്നതിനുവേണ്ടി സ്വമനസ്സാലെ അവിശ്വസനീയമായ കഷ്ടപ്പാടുകൾ സഹിക്കുന്നു. ക്രിസ്ത്യാനികളെന്നു പറയപ്പെട്ടുന്നവർ ജീവിക്കുന്ന ക്രിസ്തുവിന്റെ രാജ്യം പ്രചരിപ്പിക്കുന്ന യത്നത്തിൽ ഈ ക്രൈസ്തവേതരരെപ്പോലെ സത്യസന്ധമായും പൂർണ്ണ മനസ്സോടുകൂടിയും ശ്രമിക്കുന്നപക്ഷം ലോകം മുഴുവൻ എത്രയോ മുമ്പുതന്നെ ക്രിസ്തുമതം സ്വീകരിച്ചേനെ. ഈ കാര്യത്തിൽ ക്രിസ്തുസഭ വല്ലാതെ പരാജയപ്പെട്ടുപോയെന്നു നമുക്കു സമ്മതിക്കാതെ തരമില്ല.

## കണ്ണിലെ മരുന്നു്

ക്രിസ്തുവോടുകൂടി ജീവിക്കുകയും അവനെ ജീവിതത്തിൽ അനുഭവപ്പെടുകയും ചെയ്തപ്പോൾ ഒരു രഹസ്യം എനിക്കു മനസ്സിലായി. ഞാനവനെ അറിയുന്നതിനോ അവനെന്റെ രക്ഷകനാണെന്നു മനസ്സിലാക്കുന്നതിനോ മുൻപ്, ഞാനറിയാതെതന്നെ, കണ്ണിലൊഴിച്ച മരുന്നുപോലെ അവനെന്റെ ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടാണിരുന്നതു്. കാഴ്ച നൽകുന്നതായ മരുന്നിന്റെ സാന്നിദ്ധ്യം കണ്ണിനറിയാമെങ്കിലും മരുന്നു കാണുവാൻ കണ്ണിനു കഴിയുന്നില്ല.

## അമ്മയും കുഞ്ഞും

എന്റെ അസ്വസ്ഥമായ മനസ്സ് അവനെ അന്വേഷിച്ചുകൊണ്ടാണിരുന്നതു്. അവൻ അടുത്തുണ്ടായിരുന്നെങ്കിലും എന്റെ ദൃഷ്ടിയിൽ നിന്നൊളിച്ചു മാറി നിന്നു് എന്നെ അവങ്കലേക്കടിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു. ലോകമാകുന്ന ഉദ്യാനത്തിൽ ചെടിയുടെ പിമ്പിൽ ഒളിച്ചിരുന്ന ഒരു കുട്ടിയെപ്പോലെയായിരുന്നു ഞാൻ. അമ്മയെ കാണാതെ കുട്ടി കരയാൻ തുടങ്ങി. കുട്ടിയുടെ കരച്ചിൽ കേട്ടയുടനെ തോട്ടക്കാരൻ പല വിധത്തിലുള്ള പഴങ്ങൾ

ഓരോന്നായി കൊടുത്തു കുട്ടിയെ സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു. കുട്ടിയാകട്ടെ പഴങ്ങളെല്ലാം എടുത്തെറിഞ്ഞു്, "എനിക്കു വേണ്ടാ, എനിക്കെൻെറ അമ്മയെ കാണണം" എന്നു പറഞ്ഞു കരഞ്ഞുകൊണ്ടേയിരുന്നു. ഒടുവിൽ അമ്മ ചെടിയുടെ മറവിൽനിന്നു മുമ്പോട്ടു വന്നു കുട്ടിയെ കൈകളിൽ കോരിയെടുത്തു് അവനുമ്മ കൊടുക്കുകയും അവന്റെ കണ്ണുനീർ തുടയ്ക്കുകയും ചെയ്തു. അമ്മയുടെ കൈകളിൽ സുരക്ഷിതനായിത്തീർന്നപ്പോൾ അവനു വേണ്ടതു കിട്ടിക്കഴിഞ്ഞു! ഇതുപോലെ, നമ്മുടെ സാർവ്വലൗകിക മാതാവു് (Universal Mother) പ്രപഞ്ചമാകുന്ന തോട്ടത്തിൽ ചിലപ്പോഴൊക്കെ മറഞ്ഞിരുന്നേക്കും. ഈ കുട്ടിയെപ്പോലെയുള്ളവർ അമ്മയുടെ സ്നേഹം ഒന്നുകൊണ്ടു മാത്രമല്ലാതെ വെറൊന്നുകൊണ്ടും തൃപ്തിപ്പെടുകയില്ല. അമ്മ അവരെ ജാഗ്രതയായി സൂക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും അമ്മ അവരെ കോരിയെടുത്തു മാറോടണച്ചു് അവരുടെ കണ്ണുനീർ തുടച്ചു കളഞ്ഞശേഷം അവക്കു് ആനന്ദം എന്നാളേക്കും നല്ലമെന്നും അവക്കറിയാം. (യെശയ്യാവ് 49 : 15 വെളി. 21 : 3-4)

## വിശ്വാസവും സ്നേഹവും

ക്രിസ്തുവോടുകൂടെയല്ലാതിരുന്നപ്പോൾ ഞാൻ ആശാരഹിതനും ഭാവിജീവിതത്തെപ്പററി ഭയം നിറഞ്ഞവനുമായിരുന്നു. അവൻെറ സാന്നിദ്ധ്യം ഭയത്തെ സ്നേഹമായും നിരാശയെ ആത്മസാക്ഷാൽക്കാരമായും രൂപാന്തരപ്പെടുത്തി. ഭയം താത്കാലികവും സ്നേഹം നിത്യവുമാണു്. വിശ്വാസവും സ്നേഹവും ആത്മാവിൻെറ പ്രതാനങ്ങളാണു്. ദൈവമെന്ന സൂര്യൻെറ വെളിച്ചവും ചൂടും നേടി ഈ പ്രതാനങ്ങൾ സ്വർഗ്ഗത്തിലേക്കാഞ്ഞുനീട്ടി സ്നേഹമാകുന്ന ദൈവത്തെ ചുററിപ്പിടിക്കുന്നു. അവനില്ലെങ്കിൽ അവ നിരാശയിലും ഇരുട്ടിലും കിടന്നു വാടിക്കരിഞ്ഞു നശിച്ചുപോകും.

## മരണവും ജീവിതവും

പുനരുത്ഥാനവും ജീവനുമാകുന്ന അവനോടുള്ള കൂട്ടായ്മയിൽ നാം മരണഭയത്തിൽനിന്നു വിടുതൽ പ്രാപിക്കുന്നു.

മരണത്തിന്മേലുള്ള വിജയത്തിൻെറ പങ്കുപററി നാം നിത്യ ജീവനിലേക്കു പ്രവേശിക്കുന്നു. അവൻ ഒരേ സമയം രണ്ടു ലോകങ്ങളിലും സന്നിഹിതനാണു്. അവൻ ഭൗതികലോകത്തിലും അതേസമയംതന്നെ ആത്മീയലോകത്തിലുമുണ്ടായിരുന്നു. ലാസറിൻെറ കല്ലറയുടെ അടുക്കൽ നിന്നുകൊണ്ടു് അവൻ സ്രഷ്ടാവിൻെറ ശബ്ദത്തിൽ, 'ലാസറെ പുറത്തുവരിക' എന്നു പറഞ്ഞപ്പോൾ തൻെറ സ്നേഹിതൻെറ ആത്മാവിനെ ശരീരത്തിൽനിന്നോ ശവക്കല്ലറയിൽനിന്നോ അല്ല ക്രിസ്തു വിളിച്ചതു്; പിന്നെയോ, ആത്മീയലോകത്തിൽ നിന്നാണു വിളിച്ചുവരുത്തിയതു്. ആത്മാവു് അവൻെറ കല്പന കേട്ടപ്പോൾ അതു കല്ലറയിലേക്കും അവൻെറ ശരീരത്തിലേക്കും തിരിച്ചുവന്നു.

## ഒരു ഗ്രാമത്തിൽ വച്ചുണ്ടായ അനുഭവം

മററുള്ളവരേക്കൂടി ക്രിസ്തുവിലേക്കു കൊണ്ടുവരുവാൻ ഒരു വ്യക്തിയിൽ അപ്രതിരോദ്ധ്യമായ പ്രേരണ ചെലുത്തുന്നു എന്നുള്ളതാണു് ഈ പുതിയ ജീവൻെറ വിശേഷഗുണം. നിർബ്ബന്ധംകൊണ്ടല്ല, പിന്നെയോ ഈ അത്ഭുതകരമായ അനുഭൂതിയുടെ സന്തോഷത്തിൽ മററുള്ളവർകൂടി പങ്കു ചേരണമെന്നുള്ള ആഗ്രഹംകൊണ്ടു തന്നെ. ഒരു വ്യക്തിയെ നേരിടുന്ന പരീക്ഷണങ്ങൾ എത്രതന്നെ ദാരുണമാണെങ്കിലും തജ്ജന്യമായ പീഡാനുഭവം ഈ സേവനത്തിൽനിന്നു ലഭിക്കുന്ന സന്തോഷംമൂലം വിസ്മൃതമാകുന്നു.

രാംപൂരിലെ എൻെറ പഴയ വീട്ടിൽനിന്നു രണ്ടു മൈലകലെയുള്ള ഒരു ഗ്രാമത്തിൽ ഒരിക്കൽ ഞാൻ പ്രസംഗിക്കാൻ പോയി. ഞാൻ ദീർഘനേരം പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞപ്പോൾ നേരമിരുട്ടിപ്പോയി. ആളുകൾ എന്നെ തനിയെ വിട്ടിട്ടു് അവരുടെ വീടുകളിലേക്കു പോയി. ഞാൻ ക്ഷീണിച്ചും വിശന്നും ഒരു വൃക്ഷത്തിൻെറകീഴിൽ വിശ്രമംതേടി. അന്നേദിവസം ഞാൻ യാതൊരു ഭക്ഷണവും കഴിച്ചിരുന്നില്ല. യാചിക്കുക എന്നതു് എൻെറ പ്രമാണങ്ങൾക്കെതിരാണു്. ക്ഷീണിച്ചും വിശന്നും ഞാന വിടെക്കിടന്നപ്പോൾ സാത്താനെന്നെ പരീക്ഷിക്കുവാൻ

തുടങ്ങി. എൻെറ വിചാരധാര ഇപ്രകാരമായിരുന്നു... 'ഞാൻ വീട്ടിലായിരുന്നപ്പോൾ എനിക്കെന്തെല്ലാ സുഖ സൗകര്യങ്ങളുണ്ടായിരുന്നു. ക്രിസ്തുവിനുവേണ്ടി ഞാനവ യെല്ലാം ത്യജിച്ചപ്പോൾ ഞാനിതാ നിർദ്ധനനും വിശപ്പു ള്ളവനുമായിത്തീർന്നിരിക്കുന്നു...' ഞാനിങ്ങനെ ചിന്തിച്ചെ ങ്കിലും എൻെറ ഹൃദയം അത്ഭുതകരമായ സമാധാനവും സന്തോഷവുംകൊണ്ടു നിറഞ്ഞു. ഈ സന്തോഷം സാത്താ ൻെറ പരീക്ഷയെ ജയിച്ചു എന്നു മാത്രമല്ല ഒരു പാട്ടുപാടു വാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്തു. അർദ്ധരാത്രി വരെ ഞാൻ കർത്താവിനെ സ്തുതിച്ചുകൊണ്ടേയിരുന്നു. അ തിനു ശേഷം താഴെക്കാണുന്ന വാക്കുകൾ എൻെറ വായിൽ നിന്നു പുറപ്പെട്ടു... "എനിക്കു വീട്ടിൽവച്ചു സ്വസ്ഥതയും സുഖവുമുണ്ടായിരുന്നെങ്കിലും, അത്ഭുതകരമായ ഈ സമാ ധാനമെന്താണെന്നു ഞാനറിഞ്ഞിരുന്നില്ല. ഇപ്പോൾ എല്ലാം നഷ്ടപ്പെട്ടിട്ടും ക്രിസ്തുവിൽ ഞാൻ ഹൃദയസമാ ധാനം കണ്ടെത്തിയിരിക്കുന്നു. ലോകത്തിന് ഈ സമാ ധാനം നൽകാനോ എടുത്തു കളയാണോ സാദ്ധ്യമല്ല."

എന്റെ പാട്ടുകേട്ടു ചിലർ ഉണർന്നെഴുന്നേററു. രണ്ടുപേർ എൻെറയടുക്കൽ വന്നു. എൻെറ അനുഭവത്തെപ്പററി ഞാൻ പറഞ്ഞപ്പോൾ അവരുടെ മനസ്സിൽ അതു് ആഞ്ഞു പ തിച്ചു. അന്നു രാവിലെ മുതൽ ഞാനൊന്നും ഭക്ഷിച്ചിട്ടി ല്ലെന്നുള്ള കാര്യം അവർ കേട്ടപ്പോൾ ഞാനവരോടതു നേ രത്തെ പറയാതിരുന്നതുകൊണ്ടു് അവർ വളരെ വ്യാകുല പ്പെട്ടു. ഉടനടി അവർ ഭക്ഷണം തയ്യാറാക്കി എനിക്കു തന്നു. ഞാൻ ദൈവത്തോടും അവരോടും നന്ദി പറഞ്ഞ ശേഷം ഭക്ഷണം കഴിച്ചു് അവിടെക്കിടന്നുറങ്ങി.

## രാംപൂരിലെ അനുഭവം

അടുത്ത ദിവസം, സമീപസ്ഥിതമായ ഏതാനും ഗ്രാമ ങ്ങളിൽ പ്രസംഗിച്ചശേഷം ഞാൻ രാംപൂരിലേക്കുപോയി. അവിടെയും ആളുകൾ എൻെറ പ്രസംഗം നല്ലതുപോലെ കേട്ടു. വൈകുന്നേരമായപ്പോൾ ഞാനെൻെറ വീട്ടിലേക്കു

ചെന്നു. ഞാനൊരു ക്രിസ്ത്യാനിയായിത്തീൎന്ന കുടുംബത്തിനപമാനം വരുത്തുകയാൽ, എന്നെക്കാണുന്നതിനോ വീട്ടിനകത്തു കയററുന്നതിനോ ആദ്യം അച്ഛൻ വിസമ്മതിച്ചു. കുറെക്കഴിഞ്ഞു് അദ്ദേഹം പുറത്തിറങ്ങിവന്നു പറഞ്ഞു: "കൊള്ളാം, ഇന്നുരാത്രി നിനക്കിവിടെ താമസിക്കാം. അതിരാവിലെ ഇവിടെനിന്നു പൊയ്ക്കൊള്ളണം. നിന്റെ മുഖം ഇനി എനിക്കു കാണേണ്ടാ." ഞാൻ മൗനമായി നിന്നു. വീട്ടിലുള്ളവരെയോ പാത്രങ്ങളെയോ ഞാൻ അശുദ്ധമാക്കാതിരിക്കാൻ വേണ്ടി അകലെയിരുത്തി എനിക്കു ഭക്ഷണം തന്നു. താഴ്ന്ന ജാതിക്കാൎക്കു കൊടുക്കുന്നതുപോലെ പൊക്കിപ്പിടിച്ച ഒരു പാത്രത്തിൽനിന്നു്, കുടിക്കുവാനുള്ള വെള്ളം എൻെറ കൈയിലൊഴിച്ചു തരികയാണു ചെയ്തതു്. എന്നെ വളരെയധികം സ്നേഹിച്ചിരുന്ന അച്ഛൻ, ഒരു തീണ്ടൽ ജാതിക്കാരനോടെന്നപോലെ എന്നോടു പെരുമാറുന്നതു കണ്ടപ്പോൾ പൊട്ടിയൊഴുകിയ കണ്ണുനീർ തടയുവാനെനിക്കു സാധിച്ചില്ല. ഇതെല്ലാമുണ്ടായിട്ടും എൻെറ ഹൃദയം അവാച്യമായ സമാധാനംകൊണ്ടു നിറഞ്ഞിരുന്നു. ഞാനച്ഛനു നന്ദി പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: "അച്ഛനെന്നെ ത്യജിച്ചതു സാരമില്ല. സ്വജീവൻ എനിക്കായി വെടിഞ്ഞ സ്നേഹവാനായ ക്രിസ്തുവിനെ ഞാൻ സ്വീകരിച്ചിരിക്കുന്നു. അവന്റെ സ്നേഹം മാററമില്ലാത്തതും അച്ഛന്റെ സ്നേഹത്തെക്കാൾ വലുതുമാണു്. ഞാനൊരു ക്രിസ്ത്യാനിയാകുന്നതിനു മുൻപു ഞാൻ അവനപമാനം വരുത്തി. എന്നിരുന്നാലും അവനെന്നെ കൈവെടിഞ്ഞില്ല. ഇപ്പോൾ എനിക്കൊരു പരാതിയുമില്ല. കഴിഞ്ഞകാലത്തെ സ്നേഹത്തിനും ഇപ്പോഴത്തെ ഉപചാരത്തിനും വേണ്ടി ഞാൻ അച്ഛനോടു നന്ദിയുള്ളവനാണു്..." ബഹുമാനപുരസ്സരം യാത്രാവന്ദനം പറഞ്ഞുകൊണ്ടു ഞാൻ പിരിഞ്ഞുപോന്നു. വയലിൽവച്ചു ഞാൻ ദൈവത്തോടു പ്രാൎത്ഥിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്തു. അതിനുശേഷം ഒരു മരത്തിൻെറ ചുവട്ടിൽ കിടന്നുറങ്ങി. നേരം വെളുത്തപ്പോൾ ഞാനെൻെറ വഴിക്കുപോയി.

## കർത്താവിൻെറ സത്യവാഗ്ദാനം

ഞാൻ സുവിശേഷപ്രസംഗം ആരംഭിച്ചകാലത്ത് എൻെറ സ്വന്തഗ്രാമത്തിലും സമീപസ്ഥിതമായ മററു ഗ്രാമങ്ങളിലുമാണു പ്രസംഗിച്ചു നടന്നതു്. അതുകഴിഞ്ഞു് ഇന്ത്യയിലെല്ലായിടവും വിപുലമായതോതിൽ സഞ്ചരിച്ചു പ്രസംഗിച്ചു. കുറേശ്ശെയായി കർത്താവു് എന്നെ അവൻെറ വേലയ്ക്കായി ലോകത്തിലുള്ള എല്ലാരാജ്യങ്ങളിലേക്കുമയച്ചു. അനേകവർഷങ്ങൾക്കുശേഷം, എൻ്റെ നിരന്തരമായ പ്രാർത്ഥനയ്ക്കുത്തരം കിട്ടി. എൻെറ അച്ഛനും കർത്താവിങ്കലേക്കു തിരിഞ്ഞു. പലമാതിരി കഷ്ടപ്പാടുകൾ എനിക്കുണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം എനിക്കു വലിയ അനുഗ്രഹത്തിനു കാരണമായിത്തീർന്നു. കർത്താവിൻെറ വാഗ്ദാനങ്ങളിലെ ഓരോ വാക്കും അക്ഷരംപ്രതി സത്യമാണെന്നു്, നന്ദി നിറഞ്ഞ ഹൃദയത്തോടെ ആത്മാർത്ഥമായി എനിക്കു പറയാൻ കഴിയും. അവൻെറ വാഗ്ദാനം എന്താണെന്നു കേൾക്കു:

> "......എൻെറ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽതന്നെ ഉപദ്രവങ്ങളോടുകൂടെ നൂറുമടങ്ങു വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.........
>
> (മർക്കൊ. 10: 29-30)

ഇതു നൂറിരട്ടി—നൂറിരട്ടിയുടെ നൂറിരട്ടി ശരിയാണെന്നു ഞാൻ കണ്ടറിഞ്ഞിരിക്കുന്നു. ആരുടെയെങ്കിലും കാര്യത്തിൽ ഈ വാഗ്ദാനം നിവൃത്തിയായിട്ടില്ലെങ്കിൽ കർത്താവിൻെറ വാഗ്ദാനം സത്യമല്ലെന്നല്ല അതിൻെറ അർത്ഥം. പിന്നെയോ അവരുടെ ജീവിതത്തിൽ എന്തെങ്കിലും പാക

പ്പിഴയുണ്ടെന്നാണ്. അതല്ലെങ്കിൽ ദൈവം അവർക്കുവേണ്ടി "ഏതെങ്കിലും നല്ലതൊന്നു മുൻ കണ്ടിട്ടുണ്ട്." (എബ്രാ. 11: 39—40)

## ആത്മീയാനുഭവം

ജർമ്മനിയിൽവച്ചു പ്രമുഖനായ ഒരു മനഃശാസ്ത്രജ്ഞൻ എൻെറ ആത്മീയാനുഭവങ്ങളെയും ഹൃദയസമാധാനത്തെയും പററി ഇങ്ങനെ ചോദിച്ചു: "പരിശുദ്ധാത്മാവിന്റെയോ ജീവനുള്ള ക്രിസ്തുവിൻെറയോ സാന്നിദ്ധ്യം അങ്ങയുടെ ഹൃദയത്തിലുള്ളതിൻെറ ഫലമായിട്ടാണ് അങ്ങേയ്ക്കു് ആത്മീയ സമാധാനവും സംതൃപ്തിയും ഉളവായതെന്നുള്ളതിനും അവ വസ്തുനിഷ്ഠമല്ല (Objective) ആത്മനിഷ്ഠം (Subjective) മാണെന്നുള്ളതിനും തെളിവെന്താണ് ?" ഞാൻ പ്രതിവചിച്ചു: "നമ്മിൽ വിശപ്പും ദാഹവും ഉണ്ടെന്നുള്ള അവസ്ഥതന്നെ, അവയ്ക്കു പുറമെ വിശപ്പും ദാഹവും ഉപശമിപ്പിക്കുന്നതിനുള്ള ഭക്ഷണം, ജലം എന്നീ വസ്തുനിഷ്ഠമായ ചില യാഥാർത്ഥ്യങ്ങൾ കൂടിയുണ്ട് എന്നുള്ളതിതിനൊരു തെളിവല്ലേ? ഊഹാപോഹങ്ങൾകൊണ്ടുമാത്രം വിശപ്പും ദാഹവും ദീർഘസമയത്തേക്കു ശമിപ്പിക്കുവാൻ കഴിയുന്ന ആരെങ്കിലും ഈലോകത്തിലുള്ളതായി പറയാമോ? തീർച്ചയായും അതസാദ്ധ്യമാണ്. സ്വപ്രേരണംകൊണ്ട് ഒരു ഹ്രസ്വസമയത്തേക്കു വിശപ്പും ദാഹവും തോന്നിക്കാത്ത ആത്മനിഷ്ഠമായ ഒരു മാനസികനില നിർമ്മിക്കുവാൻ ഒരാൾക്കു കഴിഞ്ഞെന്നിരിക്കും. എന്നാൽ സ്വപ്രേരണകൊണ്ടുമാത്രം, തന്റെ ജീവകാലമത്രയും കവിയുന്ന പൂർണ്ണ ആത്മസംതൃപ്തിയും സകല ബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സമാധാനവും (ഫിലിപ്പിയർ 4: 7) കൈവരുത്തുവാൻ യാതൊരാൾക്കും കഴിയുന്നതല്ല. ഈ ആത്മീയ വിശപ്പും ദാഹവും നമുക്കുതന്നവനായ കർത്താവിൽക്കൂടെ മാത്രമേ പൂർണ്ണ ആത്മസംതൃപ്തിയും ഹൃദയ സമാധാനവും സ്ഥിരമായി ലഭിക്കുകയുള്ളൂ. അവനുമായി പ്രതിബോധവത്തായ (ബോധപൂർവ്വമായ) ഐക്യത്തിൽ നാം ജീവിക്കുകയും അവനിൽ

നിന്നു ഹൃദയസമാധാനം നേടുകയും ചെയ്യുമ്പോൾ നാം തീവ്രമായി അഭിലഷിച്ചിരുന്ന ആത്മസാക്ഷാൽക്കാരം ഇതാ ഒടുവിൽ നമുക്കു ലഭിച്ചിരിക്കുന്നു എന്നുള്ളതിനു് നമ്മുടെ സർവ്വസാരാംശവും സാക്ഷ്യം വഹിക്കുന്നതാണു്.

## ക്രിസ്തുവും അവൻെറ സഭയും

മിഷനറി പ്രവർത്തനത്തിൽ സജീവതാല്പര്യമുള്ള ഒരു ജർമ്മൻകാരൻ എന്നോടു ചോദിച്ചു: "ഇന്ത്യയിലുള്ളവരെല്ലാം ക്രിസ്ത്യാനികളായിത്തീർന്നാൽ അവിടരെത സഭാസംഘടനയുടെ രൂപമെന്തായിരിക്കും?" ഞാൻ: "മുഴുവനും ക്രിസ്ത്യാനികളുള്ള യാതൊരു രാജ്യവും ലോകത്തിലില്ല; ഒട്ടുണ്ടാകയുമില്ല. ഇന്ത്യാ മുഴുവൻ ക്രിസ്ത്യനികളായാലും, പശ്ചാത്യരാജ്യങ്ങളിലേതെങ്കിലുമൊന്നു് ക്രൈസ്തവരാജ്യമാണു് എന്നു പറയുന്നതുപോലെ മാത്രമേ ഇന്ത്യയും ഇരിക്കുകയുള്ളു. ലോകമുള്ള കാലത്തോളം, നല്ലതും ചീത്തയും, ആത്മാർത്ഥതയും അനാസ്ഥയും എല്ലായ്പോഴുമുണ്ടായിരിക്കും. എല്ലാവരുടെയും ഹൃദയവും ജീവിതവും രൂപാന്തരപ്പെട്ടെങ്കിൽ മാത്രമേ ദൈവരാജ്യം വന്നു എന്നു പറയുവാൻ സാധിക്കുകയുള്ളു. അപ്പോൾ ഇതു ലോകമല്ല പിന്നെയോ സ്വർഗ്ഗമാണു്......

സഭയെപ്പററി പറയാം. ആരാധനാസമ്പ്രദായങ്ങളിൽ മനുഷ്യർ തുടർച്ചയായ വ്യത്യാസങ്ങൾ വരുത്തുകയും തന്മൂലം സഭയിൽ അവാന്തരവിഭാഗങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. എന്നാൽ അവകൊണ്ടൊന്നും മനുഷ്യൻ തൃപ്തിപ്പെടുന്നില്ല. പുതിയ സഭാവിഭാഗങ്ങൾ ഉണ്ടാകുകയെന്നുള്ളതല്ല യഥാർത്ഥ ആവശ്യം, ഹിമാലയ പർവ്വതത്തിൽനിന്നുത്ഭവിക്കുന്ന ഒരു നദിയിലെ വെള്ളം സമതലപ്രദേശങ്ങളിലെത്തുമ്പോൾ, അതിലെ വെള്ളം ചാൽ തിരിച്ചു കൊണ്ടുപോകുന്നതിനുവേണ്ടി മനുഷ്യർ തോടുകൾ വെട്ടുന്നു. നദിയാകട്ടെ പർവ്വതത്തിൻെറ വിദൂരമായ ഉന്നതതല പ്രദേശങ്ങളിൽവച്ചു് കിഴക്കാം തൂക്കായ കൊടുമുടികളിലും പാറക്കൂട്ടങ്ങളിലും താഴ്വരകളിലും തട്ടിമുട്ടിയൊഴുകുന്നു. ആ ഉന്നതതലപ്രദേശങ്ങളിൽ

ആരും തോട്ടകൾ വെട്ടാറില്ല. പുതുജീവൻ പ്രാരംഭത്തിൽ ക്രിസ്തീയ വ്യക്തികളിൽ കൂടിയാണ പ്രവഹിക്കുന്നതു്. തന്മൂലം സംഘടനാപരമായ നീച്ച്ചാലുകളുടെ ആവശ്യം പ്രാരംഭഘട്ടത്തിലില്ല. എന്നാൽ പുതുജീവൻ സമൂഹങ്ങളിൽക്കൂടിയൊഴുകുമ്പോൾ—അതു സാമൂഹ്യതലത്തിലെത്തുമ്പോൾ—ആളുകളുടെ ആവശ്യാൎത്ഥം അവർ നീച്ചാലുകൾ അഥവാ സഭകൾ സംഘടിപ്പിക്കുന്നു. മനുഷ്യനിൎമ്മിതമായ അവാന്തരവിഭാഗങ്ങൾ ഒരിക്കൽ അപ്രത്യക്ഷമായി, ജീവിക്കുന്ന ക്രിസ്തുവിൻെറ ഏക സഭമാത്രം അവശേഷിച്ചു് 'ഒരാട്ടിൻകൂട്ടവും ഒരിടയനു'മായിത്തീരും.''

(യോഹ. 10. 16)

## ഒരു തത്വജ്ഞാനിയും ഒരു വിശുദ്ധനും

ഏതെങ്കിലുമൊരു രാജ്യം സമ്പൂർണ്ണമായി ക്രിസ്ത്യാനിരാജ്യമാണെന്നു പറയാൻ പാടില്ലെങ്കിലും ആ രാജ്യങ്ങളിലെല്ലാംതന്നെ കർത്താവിൻെറവേലയിൽ ജാഗരൂകരായ അനേകം സത്യക്രിസ്ത്യാനികളുണ്ടായിരിക്കും. പ്രശംസിക്കപ്പെട്ടമ്പോൾ അവർ ഗൎവ്വിഷ്ഠരോ കുററപ്പെടുത്തുമ്പോൾ അവർ നിരുത്സാഹികളോ ആകയില്ല. പ്രശംസിക്കപ്പെട്ടമ്പോൾ അതിലപകടമുണ്ടെന്നു് അവർക്കറിയാം.

"സകലമനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ

നിങ്ങൾക്കു് അയ്യോ കഷ്ടം.'' (ലൂക്കൊ. 6: 26)

ആത്മീയ ജീവിതത്തിനും പുരോഗതിക്കും പ്രശംസ അപകടം വരുത്തുന്നതാണു്. നമ്മെപ്പററി മററുള്ളവർ ദൂഷിച്ചു പറയുമ്പോൾ ഈ അപകടത്തിനു സാദ്ധ്യതയില്ല. അമിതപ്രശംസയിലൊ അമിത വിമൎശനത്തിലോ അല്ല, അവയുടെ രണ്ടിനുമിടയ്ക്കാണ സത്യാവസ്ഥ കിടക്കുന്നതു്.

ഒരിക്കൽ ഒരു തത്വജ്ഞാനി ഒരു വിശുദ്ധൻെറ അടുക്കൽ ചെന്നു ചോദിച്ചു: ''അങ്ങയെ ജനങ്ങൾ പുണ്യവാളനെന്നു വിളിക്കുന്നതെന്തുകൊണ്ടാണു്?''

വിശുദ്ധൻ മറുപടി പറഞ്ഞു: "സ്നേഹം കൊണ്ടും ബഹുമാനം കൊണ്ടും. അവരെപ്പോലെ ഞാനുമൊരു പാ

പിയാണു്. എന്നാൽ ദൈവകൃപകൊണ്ടു മാത്രം രക്ഷപെട്ടവനാണു ഞാൻ.''

തത്വജ്ഞാനി: ''അപ്രകാരമാണെങ്കിൽ അങ്ങും മററുജനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണു്?''

വിശുദ്ധൻ: ''എനിക്കൊന്നുംതന്നെ അറിയാൻ പാടില്ല എന്ന സംഗതി എനിക്കറിയാം എന്നു സോക്രട്ടീസ് പറഞ്ഞതോമ്മർയുണ്ടല്ലോ. ഒരു തത്വജ്ഞാനിയായിട്ടും സോക്രട്ടീസിനു് ഒന്നുമറിയാൻ പാടില്ലെങ്കിൽ സോക്രട്ടീസും അനഭിജ്ഞരും തമ്മിലുള്ള വ്യത്യാസമെന്താണെന്നു സോക്രട്ടീസിനോടു വീണ്ടും ആരാഞ്ഞപ്പോൾ, 'എനിക്കൊന്നും അറിയുവാൻ പാടില്ലെന്നെങ്കിലും എനിക്കറിയാം. അവരുടെ കാര്യമാണെങ്കിൽ അവർക്കു് ഒന്നുമറിഞ്ഞുകൂടാ എന്നുപോലും അവർക്കറിയാൻ പാടില്ല' എന്നായിരുന്നു സോക്രട്ടീസിന്റെ മറുപടി... ഞാനും മററുള്ളവരും തമ്മിലുള്ള വ്യത്യാസവും ഇതുതന്നെയാണു്. ഞാനൊരു പാപിയാണെന്നെനിക്കറിയാം. അവർ പാപികളാണെന്നുപോലും അവർക്കറിഞ്ഞുകൂടാ. രക്ഷയെപ്പററി അവർ കരുതലില്ലാത്തവരും അനാസ്ഥയുള്ളവരുമാണു്.''

## വെളിച്ചവും ഇരുട്ടും

നമ്മിലുള്ള വെളിച്ചം ഇരുട്ടായിപ്പോയാൽ ആ ഇരുട്ടു് എത്ര വലുതായിരിക്കും! അതിനാൽ നാം കരുതലുള്ളവരും പ്രാത്ഥനാനിരതരുമായിരിക്കണം. (മത്താ. 6. 23) നമ്മുടെ കണ്ണുകൾ ചെറുതാണെങ്കിലും അവയ്ക്കു പല സാധനങ്ങൾ കാണാൻ കഴിയുമല്ലോ—വലുതും ചെറുതും അകലെയുള്ളതും അടുത്തുള്ളതും. ഒരു വ്യക്തിയുടെ കണ്ണിന്റെ കൃഷ്ണമണിക്കു കേടു പററിയാൽ കണ്ണിൽ അന്ധകാരം നിറയുന്നു എന്നു മാത്രമല്ല, ആ വ്യക്തിക്കു ലോകം മുഴുവൻ ഇരുട്ടായിത്തോന്നും. നമ്മിലുള്ള വെളിച്ചം ഇരുട്ടായി പോകാതിരിക്കുവാനും സ്വർഗ്ഗസ്ഥനായ പിതാവിനെ നാം മഹത്വപ്പെടുത്തത്തക്കവിധം നമ്മുടെ വെളിച്ചം മററുള്ളവരുടെ മുമ്പിൽ പ്രകാശിക്കുവാനും വേണ്ടി നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കണം.

## മുങ്ങൽ വിദഗ്ധൻ

ഈ ലോകത്തിൽ നാമൊരു മുങ്ങൽവിദഗ്ധനെപ്പോലെ ജീവിക്കണം. കടലിൽ മുങ്ങി മുത്തുച്ചിപ്പി വാരുന്നവൻ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന സമയമത്രയും ശ്വാസകോശങ്ങളിൽ വെള്ളം കയറാതിരിക്കുന്നതിനുവേണ്ടി, ഒന്നുകിൽ ശ്വാസം ഉള്ളിൽ പിടിച്ചുനിർത്തുന്നു അല്ലെങ്കിൽ ഒരു കുഴൽവഴി വായു ഉള്ളിലേക്കു ശ്വസിച്ചുകൊണ്ടിരിക്കുന്നു. നാം ലോകത്തിലായിരിക്കണം, പക്ഷേ, ലോകത്തിൻെറതായിരിക്കരുത്. നാമും മുമ്പു പറയപ്പെട്ട രണ്ടുവിധം മുങ്ങുകാരിൽ ഏതെങ്കിലുമൊരാളെപ്പോലെയായിരിക്കണം; ലോകത്തിന്റെ വായു ശ്വസിക്കുന്നതു നാം നിർത്തണം അതു നിർത്തി നാം ദൈവത്തിൽ ജീവനുള്ളവരായിത്തീരണം. നിത്യദൈവത്തിങ്കലേക്കെത്തുന്ന പ്രാർത്ഥനയാകുന്ന കുഴൽ വഴി പരിശുദ്ധാത്മാവിനെ നാം ശ്വസിച്ചുകൊണ്ടിരിക്കണം. ലോകത്തിൽ ഇങ്ങനെ നാം ജീവിക്കുമ്പോൾ, രക്ഷയാകുന്ന വിലയേറിയ മുത്തു നാം കണ്ടെത്തുന്നു.

---

## അദ്ധ്യായം ആറ്

# ആന്തരിക ജീവിതം

ജീവൻ എന്നതു് എല്ലാ സൃഷ്ടികളിലുമുള്ള അദൃശ്യവും മറഞ്ഞിരിക്കുന്നതുമായ ഒരു യാഥാത്ഥ്യമാണു്. ജീവന്റെ സ്ഫുരണമായി പുറത്തുകാണുന്നതെല്ലാംതന്നെ അതിൻെറ പ്രവർത്തനവും സ്വയം പ്രകാശനവുമാണു്. 'ജീവൻ എന്നുള്ളതെന്താണെന്നു് ഒരു നിരീശ്വരവാദിക്കു മനസ്സിലാകാത്തപ്പോൾ അയാളതു ഭൗതിക വസ്തുവിനോടു് ബന്ധപ്പെടുത്തുന്നു. എന്നാൽ ജീവൻെറ ഉറവിടം ജീവൻ തന്നെയാണു്. നിജ്ജീവ പദാത്ഥത്തിനു ജീവൻ ഉല്പാദിപ്പിക്കുവാൻ സാദ്ധ്യമല്ല. ജീവൻെറ ഉറവിടവുമായി ഏററവുമടുത്ത ബന്ധമുള്ളവർക്കു മാത്രമേ ഈ രഹസ്യം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

ഏതെങ്കിലുമൊരു സൃഷ്ടിയുടെ ഉള്ളിലുള്ള യഥാത്ഥ ജീവൻ എന്താണെന്നു ഗ്രഹിക്കുവാൻ നമുക്കു സാദ്ധ്യമല്ല; എന്തെന്നാൽ ഭാഗികമായ സ്വയം പ്രകാശനത്തിനു പുറകിൽ അതു മറഞ്ഞാണിരിക്കുന്നതു്. ആത്മീയ ജീവിതത്തിൻെറ സമ്പൂർണ്ണ സ്വയംപ്രകാശനം ആത്മീയലോകത്തിൽ മാത്രമേ സാധിക്കുകയുള്ളു. ആത്മീയ ജീവിതത്തിൻെറ സമ്പൂർണ്ണമായ പ്രകാശനത്തിനു് ഈ ഭൗതിക ലോകം പയ്യാപ്തമല്ല.

നാമൊരു മൃഗത്തെപ്പററിയറിയുന്നതു് അതിൻെറ ബാഹ്യപ്രകൃതിയെ അടിസ്ഥാനമാക്കിയാണല്ലോ. ആ മൃഗം അതിൽത്തന്നെ എന്താണെന്നു നാമറിയുന്നില്ല. ഒരു മൃഗത്തെ സംബന്ധിച്ചിടത്തോളം ശരീരത്തിൻെറ ചൂടു് ചേഷ്ട, വളച്ച്, മററുജീവലക്ഷണങ്ങൾ... ഇവയെല്ലാമുണ്ടു്. ഇവയാണു ബാഹ്യപ്രകൃതിയെന്നു പറഞ്ഞതു്. ഒരു സാധനം അതിൽതന്നെ എന്താണെന്നറിയാതെ അതിനെ

ബാഹ്യമായറിയാൻ നമുക്കു സാധിക്കും. ജീവൻെറ ഉറവിടമായ അവനിൽ ജീവിക്കുന്നതുമൂലം നമ്മുടെ ആവശ്യവും കഴിവുമനുസരിച്ച് 'അവൻ അവനിൽത്തന്നെ' എന്നു നമുക്കവനെപ്പററി അറിയുവാൻ സാധിക്കും. അവനെ ഇപ്രകാരം അറിയുന്നതുമൂലം അവൻെറ 'സാദൃശ്യത്തിലും രൂപത്തിലും' നിർമ്മിക്കപ്പെട്ടവരായ നമ്മെപ്പററിയും നാമറിയുകയും നമ്മുടെ ഉൾ—ജീവൻെറ (inner life) യഥാർത്ഥ പ്രകൃതി നാം മനസ്സിലാക്കുകയും ചെയ്യുന്നു.

നമ്മുടെ ഞാൻ—ഭാവം (egotism) നമുക്ക് ആത്മസാക്ഷാൽക്കാരജ്ഞാനം ലഭിക്കുന്നതിനു തടസ്സമായി നില്ക്കുന്നു. തൻെറ ഗുരുവായ ഡയോജിനസ്സിനോടു താഴെക്കാണുന്നപ്രകാരം പറഞ്ഞതായ കാർണീഡ്സിനെപ്പോലെ നാമാകരുതു്. "എൻെറ വാദഗതി ശരിയാണെങ്കിൽ അങ്ങു പറയുന്നതു തെററാണ്. എൻെറ വാദഗതി ശരിയല്ലെങ്കിൽ, ഡയോജീനസേ, എന്നെ പഠിപ്പിച്ചതിനു പ്രതിഫലമായി ഞാൻ തന്ന പണം തിരിച്ചുതരണം!" തൻെറ തെററു സമ്മതിക്കുവാൻ കാർണീഡ്സ് തയ്യാറല്ലായിരുന്നു. എങ്ങനെയായാലും ഗുരുവിൻെറമേൽ തെറ്റ് കെട്ടിവയ്ക്കണമെന്നായിരുന്നു അയാളുടെ ആഗ്രഹം. അയാൾ പറഞ്ഞതു ശരിയാണെങ്കിൽ ഗുരുപറഞ്ഞതു തെറ്റു; അയാൾ പറഞ്ഞതു തെററാണെങ്കിൽ ഗുരു പറഞ്ഞതും തെററുതന്നെ—എന്തെന്നാൽ, ശരിയായി വാദിക്കുവാൻ ഗുരു അയാളെ പഠിപ്പിച്ചിരുന്നില്ല.

## ആന്തരികഭാഗം

ജീവൻെറ ആഴമായ അനുഭവങ്ങളെപ്പററി വിശദീകരിക്കുവാൻ വളരെ പ്രയാസമാണ്. ഗീഥെ പറഞ്ഞതുപോലെ 'ഏററവും ഉന്നതമായതു വാക്കുകൾക്കതീതമാണു' (പറഞ്ഞറിയിക്കുവാൻ സാദ്ധ്യമല്ല) എന്നാൽ അതനുഭവിച്ചാസ്വദിക്കാവുന്നതും പ്രവൃത്തിയിൽ കൊണ്ടുവരാവുന്നതുമാണ്. ഞാൻ കുറെക്കൂടി വിശദമായിപ്പറയാം. ഒരു ദിവസം ഞാൻ പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകിയിരുന്നപ്പോൾ കർത്താവിൻെറ ശക്തിയായ സാന്നിദ്ധ്യം എനി

ക്കനുഭവപ്പെട്ടു. സ്വർഗ്ഗീയസന്തോഷം കൊണ്ടു് എൻെറ ഹൃദയം കവിഞ്ഞൊഴകി. ദുഃഖത്തിൻെറയും കഷ്ടതയു ടെയും ഈ ലോകത്തിൽ, മഹാസന്തോഷത്തിൻെറ മറഞ്ഞി രിക്കുന്നതും അക്ഷയവുമായ ഒരു നിധിയുണ്ടെന്നു ഞാൻ കണ്ടു. ആ മഹാസന്തോഷം അനുഭവിക്കുന്നവർക്കു പോലും അതെപ്പററി വേണ്ടപോലെയും മററുള്ളവരെ ബോധ്യ പ്പെടുത്തത്തക്ക രീതിയിലും വിശദീകരിച്ചു പറയുവാൻ സാധിക്കുന്നില്ല. തന്മൂലം ഈ മഹാസന്തോഷത്തെപ്പ ററി ലോകം യാതൊന്നുമറിയുന്നില്ല. എനിക്കനുഭൂതമായ ഈ സന്തോഷം മററുള്ളവരുമായി പങ്കു വയ്ക്കുന്നതിനു വേണ്ടി അടുത്ത ഗ്രാമത്തിലേക്കു പോകുവാൻ ഞാൻ തത്ര പ്പെട്ടു. എന്നാൽ ശരീരത്തിൻെറ സുഖക്കേടുമൂലം, എൻെറ ആത്മാവും എൻെറ ശരീരവും തമ്മിൽ ഒരു വടംവലി യായി. പോകണമെന്നു് ആത്മാവിനാഗ്രഹം; ശരീരമാ കട്ടെ മന്ദഗതിയിൽ പുറകിൽ കിടക്കുന്നു. ഒടുവിൽ ആത്മാ വുതന്നെ ജയിച്ചു. രോഗബാധിതമായ ശരീരം ഇഴച്ചു വലിച്ചുകൊണ്ടു ഞാൻ അടുത്ത ഗ്രാമത്തിലേക്കു പോയി. ക്രിസ്തുവിൻെറ സാന്നിദ്ധ്യം എനിക്കെന്താണു നൽകിയ തെന്നും, അതേ മഹാസന്തോഷം ക്രിസ്തു അവർക്കും നൽകു മെന്നും ഞാൻ ഗ്രാമജനതയോടു പറഞ്ഞു. ഞാൻ രോഗ ബാധിതനാണെന്നും ഒരുൾപ്രേരണയാലാണു ഞാനവിടെ ചെന്നതെന്നും ജനങ്ങൾക്കറിയാം. ക്രിസ്തുവിൻെറ സാ ന്നിദ്ധ്യം എന്താണു ചെയ്തതെന്നു പൂർണ്ണമായി വിശദീക രിക്കുവാൻ എനിക്കു സാധിച്ചില്ലെങ്കിലും ഈ ആഴമേറിയ അനുഭവം അവരുടെ മുമ്പിൽ പ്രദർശിപ്പിക്കുവാനും അ ങ്ങനെ അവരെ സഹായിക്കുവാനും എനിക്കു കഴിഞ്ഞു. നാവുകൊണ്ടു വിശദീകരിക്കാൻ സാധിക്കാത്ത സംഗതി ജീവിതംകൊണ്ടു പ്രവൃത്തിരൂപത്തിൽ പ്രദർശിപ്പിക്കു വാൻ സാധിക്കും. വിശുദ്ധ പൗലൊസ് പറയുന്നതുപോലെ, "അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു." (2 കൊരി: 3. 6). ചില പ്രാണികൾ അവരുടെ സ്പർശി നികൾ കൊണ്ടു തപ്പിനോക്കി ഉപദ്രവകരമായ വസ്തു ക്കളും പ്രയോജനകരമായ വസ്തുക്കളും ഏവയാണെന്നു തിരിച്ചറിയുന്നതുപോലെ, ആത്മീയ മനുഷ്യർ അവരുടെ

ഉൾ–ബോധ്യം കൊണ്ടു് അപകടകരവും വിനാശകരവുമായ സ്വാധീനശക്തികൾ ദൂരവേ പരിത്യജിച്ച്, ദൈവത്തിൻെറ സുമധുരവും ജീവദായകവുമായ സാന്നിദ്ധ്യസുഖം തേടിക്കണ്ടുപിടിക്കുന്നു. ഈ ആനന്ദദായകമായ അനുഭവം ദൈവത്തിനുവേണ്ടി സാക്ഷ്യം വഹിക്കുന്നതിനും അവരെ സഹായിക്കുന്നു. തെർത്തുല്യൻ പറഞ്ഞതുപോലെ, "ആത്മാവ് അതിൻെറ സത്തയിലേക്കുവന്നു് അതിന്റെ സ്വാഭാവികമായ ഈട്ട സമ്പാദിക്കുമ്പോൾ അതു ദൈവത്തെപ്പററി സംസാരിക്കുന്നു."

ആത്മീയ സത്യങ്ങൾ അറിയുന്നതിനുള്ള ഒരു ഉൾത്രാണി മിക്കയാളുകൾക്കുമുണ്ടു്. അതെങ്ങനെ കിട്ടിയെന്നു് അവർക്കറിഞ്ഞുകൂടാ. വിവിധ ആളുകളെ സംബന്ധിച്ചിടത്തോളം അതു് ഏററിയും കുറഞ്ഞുമിരിക്കുമെന്നേയുള്ളു. ആരോ പറഞ്ഞതുപോലെ, "എങ്ങനെയെന്നറിയാതെതന്നെ അവർക്കതറിയാം." ഒരുദാഹരണം പറയാം. കോൾബേണിനു് (1804—1840) ആറു വയസ്സു മാത്രം പ്രായമുണ്ടായിരുന്നപ്പോൾ, പതിനൊന്നു വർഷത്തിനു് എത്ര സെക്കൻഡു് ഉണ്ടെന്നു് ഒരാൾ അവനോടു ചോദിച്ചു. നാലു സെക്കൻഡിനുള്ളിൽ ആ കുട്ടി ശരിയായ ഉത്തരം പറഞ്ഞു. എങ്ങനെയാണു് ഈ ഉത്തരം കണ്ടുപിടിച്ചതെന്നു ചോദിച്ചപ്പോൾ, 'അതെനിക്കറിഞ്ഞുകൂടാ, ശരിയായ ഉത്തരം എൻെറ മനസ്സിൽ വന്നു' എന്നാണു കുട്ടി മറുപടി പറഞ്ഞതു്. ദൈവത്തിൻെറ ഹിതമനുസരിച്ചുള്ള ജീവിതമന്വേഷിക്കുന്നവർക്കു ദൈവം ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നു.

ഒരോ മനുഷ്യനിലുമുള്ള, ജീവിക്കുന്നതിനുവേണ്ടിയുള്ള—ഇച്ഛാശക്തി, ജീവിതം അതിൻെറ പൂർണ്ണതയിലേക്കു കൊണ്ടുപോകുവാൻ അവനു പ്രചോദനം നൽകുന്നു. അവൻ നിത്യകാലവും ദൈവത്തിൽ സന്തോഷിക്കുവാൻ തക്കവണ്ണം, ദൈവോദ്ദേശ്യം പൂർത്തിയാകുന്ന ഒരു നിലപാടിലേക്കു് അതവനെ നയിക്കുന്നു. നേരെമറിച്ചു്, ദൈവത്തിൽ സന്തോഷിക്കുന്നതായ ഉൾ–ജീവിതത്തിന്റെ

അനുഭവമില്ലാത്തവർക്ക് ജീവിതമൊരു ഭാരമാണ്. ഷോഫൻഹോർ ഇവരിലൊരാളായിരുന്നു. "ജീവിതം നരകമാണ്'" എന്നത്രെ അദ്ദേഹം പറഞ്ഞതു്. ഈ മാതിരിയാളുകൾ ആത്മഹത്യ ചെയ്യാനാഗ്രഹിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. യവനതത്വജ്ഞാനിയായ ഹെഗേസിയാസിൻെറ ഉപദേശങ്ങളുടെ ഫലമായി അനേകശതം യുവജനങ്ങൾ ആത്മഹത്യ ചെയ്തുവത്രേ! സെനോ, എംപിഡോക്കിൾസ്, സെനെക്കാ...... മുതലായി അനേകം തത്വജ്ഞാനികൾ ആത്മഹത്യ ചെയ്തു. തങ്ങളുടെ ജീവൻ നശിപ്പിക്കുന്നതിനുപകരം തങ്ങളെ നിർഭാഗ്യവാന്മാരാക്കിയതിനു കാരണമായ സംഗതികൾ മാററിയെടുക്കുന്നതിന് അവരുടെ തത്വജ്ഞാനം അവർക്കു സഹായകമായിത്തീർന്നില്ല. ലോകത്തിൻെറ തത്വജ്ഞാനങ്ങൾ ഈ മാതിരിയാണ്. (യാക്കോബ് 3. 15) പ്രതിബന്ധങ്ങളും ഉൽക്കണ്ഠകളും മൂലം ജീവിത നൈരാശ്യമുണ്ടാകുന്ന പലക്കും ജീവിക്കുന്നതിനുവേണ്ടിയുള്ള ഇച്ഛാശക്തിയെ അമർത്തുന്നതിനു സാധിക്കുമെങ്കിലും, വിശ്വസിക്കുന്നതിനുവേണ്ടിയുള്ള ഇച്ഛാശക്തിയെ അകററുവാൻ അവർക്കു സാദ്ധ്യമല്ല. ദൈവത്തിലോ മറേറതെങ്കിലും ആത്മീയയാഥാർത്ഥ്യത്തിലോ അവർക്കു വിശ്വാസമില്ലെങ്കിലും അവരുടെ അവിശ്വാസത്തിലെങ്കിലും അവർക്കു വിശ്വാസമുണ്ട്. പിറോ പറഞ്ഞതിപ്രകാരമാണ്, "നമുക്കു നിശ്ചയമില്ല എന്നുള്ളതുപോലും നമുക്കു നിശ്ചയമില്ല..." സ്ഥലം മാറിയതുകൊണ്ടോ ശരീരത്തെ കൊല്ലുന്നതുകൊണ്ടോ ഒരാളിൻെറ ഉൾ-ജീവിതമോ വ്യക്തിത്വമോ മാറുവാൻ സാദ്ധ്യമല്ല. "പഴയ മനുഷ്യനെ" മാററി പുതിയ മനുഷ്യനെ ധരിക്കുന്നതുമൂലം—മരണത്തിൽനിന്നു മാറി ജീവനിലേക്കു നീങ്ങുന്നതുമൂലം—മാത്രമേ ഇതു സാദ്ധ്യമാകയുള്ളു. സ്രഷ്ടാവിലുള്ള ഉൾ-തീവ്രാഭിലാഷത്തിനു പരിഹാരം കാണുന്നതിനു പകരം തെററിമാറിപ്പോകുന്നവർ അവരുടെ വളഞ്ഞവഴിയിൽക്കൂടി അതിനു പരിഹാരം കാണുവാൻ ശ്രമിക്കുന്നവരാണ്. അതിൻെറ ഫലമെന്താണു? സന്തുഷ്ടരും സംതൃപ്തരുമാകുന്നതിനു പകരം അവർ ദുഃഖോന്മിതരായിത്തീരുന്നു. ഒരുദാഹരണമെടുക്കാം. സൗഭാ

ഗ്യമനുഭവിക്കുന്നതിനുവേണ്ടി സാധനസാമിഗ്രികൾ മോഷ്ടിച്ചു കൂട്ടിവയ്ക്കുന്ന ഒരു കള്ളൻ സൗഭാഗ്യം നേടുന്നില്ല. എന്നുമാത്രമല്ല, സൗഭാഗ്യം നേടുന്നതിനുള്ള ത്രാണി പോലും തൻെറ പ്രവൃത്തിമൂലം അവൻ നശിപ്പിക്കയാണ്. അവൻെറ പാപം നിറഞ്ഞ പെരുമാററം കൊണ്ടു് ആ ത്രാണി മുതപ്ായമായിത്തീരുന്നു. മോഷണത്തിൻെറ പാപപ്രകൃതിയെപ്പററിയുള്ള ബോധ്യം അവനു നഷ്ടപ്പെടുകയും അവൻെറ മനസ്സാക്ഷി പശ്ചാത്തപിക്കാതിരിക്കയും ചെയ്യുന്നപക്ഷം അവൻ ആത്മീയ—ആത്മഹത്യ ചെയ്തുകഴിഞ്ഞിരിക്കുന്നു. അവൻ സ്വന്ത ത്രാണിയെ കൊന്നുകളഞ്ഞു, എന്നുമാത്രമല്ല ആ ത്രാണിയുടെ ഉടമയായ ആത്മാവിനെത്തന്നെയും അവൻ കൊന്നുകളഞ്ഞു.

യഥാൎത്ഥ സന്തോഷവും സമാധാനവും രാജകീയമായ അധികാരം, ധനം, മററു ഭൗതികസമ്പാദ്യങ്ങൾ എന്നിവയെ ആശ്രയിച്ചല്ലിരിക്കുന്നതു്. അങ്ങനെയായിരുന്നെങ്കിൽ ലോകത്തിലെ സമ്പന്നന്മാരെല്ലാം സന്തുഷ്ടരും സംതൃപ്തരും ആയിരുന്നേനെ. ബുദ്ധൻ, മഹാവീരൻ, ഭർതൃഹരി എന്നീ രാജകുമാരന്മാർ തങ്ങളുടെ രാജ്യങ്ങൾ പരിത്യജിക്കുകയുമില്ലായിരുന്നു. യഥാൎത്ഥവും സുസ്ഥിരവുമായ സന്തോഷം ദൈവത്തിൻെറ രാജ്യത്തിൽ മാത്രമേ കാണപ്പെടുകയുള്ളു. നാം വീണ്ടും ജനിക്കുമ്പോൾ ഈ ദൈവരാജ്യം നമ്മുടെ ഹൃദയങ്ങളിൽ സംസ്ഥാപിതമാകുന്നു.

ദൈവത്തിലുള്ള ആനന്ദപൂൎണ്ണമായ ഈ ജീവിതത്തിൻെറ രഹസ്യവും യാഥാൎത്ഥ്യവും, ആ ജീവിതം സ്വീകരിച്ച്-അതിൽ ജീവിച്ച് –അതനുഭവിച്ചില്ലെങ്കിൽ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ആരെങ്കിലും ബുദ്ധിശക്തിയുപയോഗിച്ചു് ഇതു മനസ്സിലാക്കാൻ ശ്രമിക്കുന്നപക്ഷം അവന്റെ യത്നം നിഷ്ഫലമായിത്തീരും. ഒരു ശാസ്ത്രജ്ഞൻെറ കൈയിൽ ഒരു പക്ഷിയുണ്ടായിരുന്നു. ശരീരത്തിൻെറ ഏതു ഭാഗത്താണു പക്ഷിയുടെ ജീവനിരിക്കുന്നതു്–ജീവൻതന്നെ എങ്ങനെയിരിക്കും, എന്നൊക്കെ കണ്ടുപിടിക്കുവാൻവേണ്ടി അയാൾ പക്ഷിയെ കീറിമുറിച്ചു നോക്കി. ഏതൊരു ജീവനുവേണ്ടി അയാൾ തേടിയോ ആ ജീവൻ ദുർജ്ഞേയ

മായ വിധത്തിൽ അന്തർദ്ധാനം ചെയ്തു എന്നുള്ളതായിരുന്നു അയാളുടെ പ്രവൃത്തിയുടെ പരിണതഫലം. ഉൾ-ജീവിതം എന്താണെന്നു ബുദ്ധിയുപയോഗിച്ചു മനസ്സിലാക്കാൻ ശ്രമിക്കുന്നവർ ഇതുപോലെയുള്ള പരാജയത്തിലെത്തും. അവർ ഏതു ജീവനുവേണ്ടി അന്വേഷിക്കുന്നുവോ ആ ജീവൻ ഈ അപഗ്രഥനപ്രക്രിയയിൽ അന്തർദ്ധാനം ചെയ്യും.

ഈ വലിയ ലോകത്തോടു താരതമ്യപ്പെടുത്തി നോക്കിയാൽ മനുഷ്യഹൃദയം (ചങ്ക്) എത്ര ചെറുതാണ്! ഈ ലോകം എത്രയോ വലുതാണെങ്കിലും വളരെ ചെറിയ ഈ ഹൃദയത്തെ സംതൃപ്തിപ്പെടുത്തുവാൻ അതിനു കഴിയുന്നില്ല. എപ്പോഴും വളന്നുകൊണ്ടിരിക്കുന്ന മനുഷ്യാത്മാവും അതിൻെറ കഴിവുകളും അനന്തമായ ദൈവത്തിൽക്കൂടെ മാത്രമേ തൃപ്തിപ്പെടുകയുള്ളു. താണനിലത്തെത്തുന്നതുവരെ വെള്ളം ഓടിക്കൊണ്ടിരിക്കുന്നതുപോലെ ദൈവത്തിൽ ചെന്നഭയം പ്രാപിക്കുന്നതുവരെ ആത്മാവും അസമാധാനമായിരിക്കും.

ഭൗതിക ശരീരത്തിന്ന് എല്ലാക്കാലവും ആത്മാവിനോടു സംസർഗ്ഗം പാലിച്ചുപോകാൻ സാദ്ധ്യമല്ല. ഈ ലോകത്തിൽ ആത്മാവിനു ചെയ്യേണ്ടതായ പ്രവൃത്തികൾക്കുള്ള ഒരുപകരണം എന്ന ഉദ്ദേശ്യം കുറെനാൾകൊണ്ടു സാധിച്ചശേഷം, ശരീരം അതിൻെറ ദൗർബ്ബല്യവും വാദ്ധക്യവും മൂലം ആത്മാവിനോടൊപ്പം പോകുന്നതിനു ക്രമേണ വിസമ്മതിച്ചു തുടങ്ങുന്നു. നിത്യേന വളരുന്ന ആത്മാവിനോടൊപ്പം പോകുന്നതിനു ശരീരത്തിനു സാദ്ധ്യമല്ലാത്തതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്.

ആത്മാവിനും ശരീരത്തിനും ഒന്നിച്ച് എന്നന്നേക്കുമായി ജീവിക്കുവാൻ സാദ്ധ്യമല്ലെങ്കിലും, രണ്ടും കൂടിചേർന്നു ചെയ്തതായ പ്രവൃത്തികളുടെ ഫലം എന്നന്നേക്കും നിലനില്ക്കും. തന്മൂലം നമ്മുടെ നിത്യജീവൻെറ അടിസ്ഥാനം നാം വളരെ സൂക്ഷ്മതയോടെ ഇടേണ്ടതാണ്. മനുഷ്യൻ തനിക്കു ലഭിച്ചതായ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്ന

തിനാൽ ആ സ്വാതന്ത്ര്യം അവനു് എന്നെന്നേക്കുമായി നഷ്ട പ്പെട്ടുപോകുന്നു എന്നുള്ളതാണു പരിതാപകരമായ അവ സ്ഥ. സ്വാതന്ത്ര്യമെന്നതിൻെറയത്ഥം, നല്ല പ്രവൃത്തികളോ ചീത്ത പ്രവൃത്തികളോ ചെയ്യുന്നതിനുള്ള ത്രാണി എന്നാ ണു്. ചീത്ത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള താല്പര്യം മനു ഷ്യൻ സ്ഥിരമായി തെരഞ്ഞെടുക്കുന്നതിനാൽ അവൻ പാപത്തിനടിമയാകയും അവൻെറ സ്വാതന്ത്ര്യവും ജീവ നും അവൻ നശിപ്പിക്കുകയും ചെയ്യുന്നു.

(യോഹ. 8 : 21, 34)

പാപങ്ങൾ പരിത്യജിച്ചു് അവയ്ക്കു പകരം സത്യ ത്തെ പിന്തുടരുന്നതിനാൽ അവൻ എന്നേക്കും സ്വതന്ത്ര നായിത്തീരുന്നു (യോഹ. 8 : 32). ഇങ്ങനെ സ്വതന്ത്രരാ കയും തങ്ങളുടെ ജീവകാലമത്രയും അവൻെറ വേലയ്ക്കായി വിനിയോഗിക്കുകയും ചെയ്യുന്നവരുടെ—അതായതു കത്താ വിൽ മരണം പ്രാപിക്കുന്നവരുടെ—പ്രവൃത്തികൾ അവരെ പിന്തുടരുന്നു. (വെളി. 14 : 13). കത്താവിൽ മരണം പ്രാപിക്കുക എന്നു പറഞ്ഞാൽ അതു മരണമല്ല. "എന്നാൽ അവൻ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈ വമത്രേ" (മത്തായി 22 : 32)... കത്താവിൽ മരിക്കുക എന്നു പറഞ്ഞാൽ അവൻെറ വേലയിലേക്കു സ്വയം ലയിക്കുന്നു എന്നാണത്ഥം. കത്താവു പറഞ്ഞതുപോലെ, "ആരെങ്കിലും തൻെറ ജീവൻ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും."

(ലൂക്കൊസ് 9 : 23).

ആരെങ്കിലും പാപത്തിലും ഇരുട്ടിലും ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ അതു കത്താവിൻെറ കുററമല്ല.

> "...ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു."
>
> (യോഹ. 1 : 9)

നല്ല ജീവിതവും ചീത്ത ജീവിതവും തമ്മിലുള്ള വ്യത്യാ സം വജ്രവും കൽക്കരിയും പോലെയാണു്. കരി (carbon =ഇംഗാലം)എന്ന ഒരേ സാധനംകൊണ്ടാണു രണ്ടുംനിമ്മി തമായിരിക്കുന്നതെങ്കിലും, രണ്ടിനും തമ്മിൽ വലിയവ്യത്യാ

സമുണ്ട്. സൂര്യപ്രകാശത്തെ ഉജ്ജ്വല സൗന്ദര്യത്തോടെ വജ്രം, പ്രതിബിംബിപ്പിക്കുന്നു. ഉജ്ജ്വലമായ സൂര്യപ്രകാശത്തിൽപോലും കൽക്കരി കറുത്തതും ഇരുണ്ടതുമാണ്. നല്ലയാളുകളിലും ചീത്തയാളുകളിലും ഇതുപോലെയാണു നീതിയിൻ സൂര്യൻ പ്രതിബിംബിക്കുന്നതു്. സൂര്യനിൽ തകരാറൊന്നുമില്ല; തകരാറുള്ളതു പാപിയിലാണ്.

മനുഷ്യൻെറ അവസ്ഥ ഭൂമിയുടേതുപോലെയാണ്. സൂര്യൻ വൈകുന്നേരമസ്തമിച്ചു നമ്മിൽനിന്നകന്നുപോകുന്നു എന്നാണു നമ്മുടെ വിചാരം. എന്നാൽ ഭൂമി സൂര്യനിൽനിന്നകന്നു പോകുന്നു എന്നുള്ളതാണു യാഥാർത്ഥ്യം. സൂര്യനിലേക്കു ഭൂമി അനുസ്യൂതമായി ആകർഷിക്കപ്പെട്ടു കൊണ്ടിരുന്നില്ലെങ്കിൽ ഭൂമി ബഹിരാകാശത്തിലെവിടെയോ പോയി തകന്നു പോയേനെ. ദൈവത്തിൻെറ സ്നേഹം എല്ലാ മനുഷ്യരെയും നീതിയിൻ സൂര്യനിലേക്കാകർഷിച്ചു കൊണ്ടിരിക്കുന്നു. (യോഹ. 12 : 32).

ശരീരത്തിലെ ഏതെങ്കിലുമൊരവയവത്തിനു കേടോ മുറിവോ പററിയാൽ അതു സുഖപ്പെടുത്തുന്നതിനുവേണ്ടി ശരീരം മുഴുവൻതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കും. ഇതേ രൂപത്തിൽതന്നെ – നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലുമാണെങ്കിൽ, അവൻെറ ദിവ്യജീവൻകൊണ്ടും നമ്മുടെ പാപമുറിവുകൾ അവൻ സുഖമാക്കുകയും പ്രബലമായ ആത്മീയ സൗഖ്യത്തിൻെറ സന്തോഷം നമുക്കു നൽകുകയും ചെയ്യും.

ഈ പുതിയ ജീവൻ നമുക്കു ലഭിക്കുമ്പോൾ എല്ലാവിധ പരീക്ഷകളിൽനിന്നും പ്രതിബന്ധങ്ങളിൽനിന്നും നാം വിമോചിതരാണ് എന്നു ചിന്തിച്ചുപോകരുതു്. പുതിയ ജീവൻ പ്രാപിക്കുന്നതോടെ നാം ലോകത്തിൽനിന്നു വേർപെട്ടു നില്ക്കുന്നു. തന്മൂലം മുമ്പത്തേക്കാളധികം സംഘട്ടനങ്ങളും പ്രതിബന്ധങ്ങളും ഉണ്ടാകാനിടയുണ്ട്. എന്നാലൊരു വ്യത്യാസമുണ്ട്. ഈ പരീക്ഷകളും പ്രയാസങ്ങളും മുമ്പ് അസഹനീയമായിരുന്നെങ്കിൽ ഇപ്പോളവ അനുഗ്രഹത്തിൻെറയും സന്തോഷത്തിൻെറയും മുഖാന്തരമാണ്.

“ദൈവത്തെ സ്നേഹിക്കുന്നവക്കു......സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു.” (റോമർ 8 . 28).

മറഞ്ഞു കിടക്കുന്ന നമ്മുടെ കഴിവുകളും ഗുണങ്ങളും വളർന്നു പൂർണ്ണതയിലെത്തിച്ചേരുവാൻ പ്രതിബന്ധങ്ങൾ കൂടിയേ തീരു. ലോകം, മരണം, സാത്താൻ എന്നിവയെ ജയിച്ചു നാം അവൻെറ നിത്യരാജ്യത്തിലേക്കു പ്രവേശിക്കാൻ തക്കവണ്ണം, നമുക്കു ജീവൻ നൽകിയവനായ ദൈവം ഈ വിശുദ്ധ യുദ്ധത്തിൽ വിജയം നേടുവാൻ നമ്മെ സഹായിക്കുന്നു.

ദൈവദത്തമായ എല്ലാ അവസരങ്ങളും നാം അങ്ങേയററം പ്രയോജനപ്പെടുത്തണം. നമ്മുടെ വിലയേറിയ സമയം, ഉപേക്ഷയും കരുതലില്ലായ്മയും കൊണ്ടു നാം നഷ്ടപ്പെടുത്തരുത്. ‘വിഷമിക്കേണ്ടാ, ഇന്നതിന്നതൊക്കെ ചെയ്തു തീക്കുവാൻ വേണ്ട സമയമുണ്ടല്ലോ’ എന്നു പലരും പറയാറുണ്ട്. നമുക്കു ലഭിക്കുന്ന ചുരുങ്ങിയ സമയം പ്രയോജനപ്പെടുത്തിയില്ലെങ്കിൽ ഈ ശീലം നമ്മിൽ ദൃഢമൂലമാകയും, കൂടുതലായ സമയം കിട്ടുമ്പോൾ ആ സമയവും നഷ്ടപ്പെടുത്തത്തക്കവണ്ണം ഈ ശീലം നമ്മുടെ സ്വഭാവത്തിൻെറ ഒരു ഭാഗമായിത്തീരുകയും ചെയ്യും. “അത്യല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ” (ലൂക്കൊ. 16 : 10).

ഓരോരുത്തരും അവരവരുടെ ജീവിതകാലത്തു തന്നെ തൻെറ സ്രഷ്ടാവിൻെറ ഉദ്ദേശ്യം നിർവഹിക്കുകയും ഈ ജീവിതം ദൈവമഹത്വത്തിനും മററുള്ളവരുടെ നന്മയ്ക്കും വേണ്ടി ചെലവഴിക്കുകയും ചെയ്യണം. ദൈവദത്തമായ സവിശേഷ ഗുണങ്ങൾക്കും ത്രാണിക്കുമനുയോജ്യമായ വിധത്തിൽ ഓരോരുത്തനും അവനവൻെറ തൊഴിൽ ചെയ്യേണ്ടതാണ്. “കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്” (കൊരി. 12 : 4, 11) പുല്ലാങ്കുഴലിലേക്കും, കാഹളത്തിലേക്കും, ബാഗ്–പൈപ്പിലേക്കും (ഒരു സഞ്ചിയും ഊത്തുകുഴലുകളുമുള്ള സംഗീതോപകരണം) ഒരേശ്വാസമാണൂതുന്നത്. എന്നാൽ ഉപകരണങ്ങളുടെ വ്യത്യാസമനുസരിച്ചു വ്യത്യ

സ്ത്തസംഗീതമാണു നാം കേൾക്കുന്നതു്. ഇതുപോലെ തന്നെ, ദൈവമക്കളായ നമ്മിൽ ഒരേ ആത്മാവാണു വത്തിക്കുന്നതു; പക്ഷേ, വ്യത്യസ്തഫലങ്ങളാണുണ്ടാകുന്നതു്. ഓരോരുത്തരുടെയും പ്രകൃതിയും വ്യക്തിത്വവുമനുസരിച്ചാണു് അവരിൽക്കൂടെ ദൈവം മഹത്വീകരിക്കപ്പെടുന്നതു്.

ഈ ലോകജീവിതത്തിൽ ഉൾ-ജീവിതവും ബാഹ്യജീവിതവും തമ്മിൽ പ്രായേണ ആനുരൂപ്യം കാണുകയില്ല. നാം ദൈവഹിതമനുസരിച്ചു ജീവിക്കുന്നപക്ഷം ഉൾ-ജീവിതവും സാമൂഹ്യജീവിതവും തമ്മിൽ എന്നേക്കും പരിപൂർണ്ണമായ ആനുരൂപ്യമുണ്ടാകുന്ന കാലം വരും. ബാഹ്യമായതു് ഉള്ളിലുള്ളതുപോലെതന്നെയും, ഉള്ളിലുള്ളതു ബാഹ്യമായതുപോലെതന്നെയും ആയിത്തീരും. അവൻെറ കൃപമൂലം നാം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണതയുള്ളവരായിത്തീരുകയും ചെയ്യും.

എൻെറ സ്വന്തം അനുഭവം പറഞ്ഞു ഞാൻ ഉപസംഹരിക്കാം. ക്രിസ്തുവോടുകൂടാതെയിരുന്നപ്പോൾ ഞാൻ വെള്ളത്തിനുപുറത്തുകിടന്ന മത്സ്യംപോലെയായിരുന്നു; അതെ, വെള്ളത്തിൽ വീണുപോയ ഒരു പക്ഷിയെപ്പോലെയായിരുന്നു. ക്രിസ്തുവോടുകൂടിയ ഞാൻ സ്നേഹസാഗരത്തിലാണു ജീവിക്കുന്നതു്; ലോകത്തിൽവച്ചു തന്നെ ഞാൻ സ്വർഗ്ഗത്തിലാണു് (എഫേ. 2: 5–6). എല്ലാററിനും വേണ്ടി എന്നന്നേക്കും ദൈവത്തിനു പുകഴ്ചയും മഹത്വവും സ്തോത്രപ്രകടനവും ഉണ്ടാകട്ടെ.

ACHARYA PASTORAL JEEVASS KENDRA LIBRARY 15481

PRINTED AT THE C. M. S. PRESS, KOTTAYAM – 1972

# സി. എൽ. എസ്-ൻെറ
# ചില പ്രസിദ്ധീകരണങ്ങൾ

## 1. ജോൺപേററൻ

—ശ്രീ ററി. എസ്. തോമസ്

ആസ്ത്രേലിയായിലെ കിരാതവർഗ്ഗക്കാരുടെ ഇടയിൽ സുവിശേഷത്തിൻെറ വെളിച്ചം പരത്തുവാൻ ഒന്നിനു പുറകെ ഒന്നായി അടിച്ചുയർന്ന പ്രതികൂലത്തിൻെറ തിരമാലകളെ പിന്നിട്ടു ജീവിതം ബലിയപ്പിച്ച ജോൺപേററൻെറ ജീവചരിത്രം.

വില 2 രൂപാ

## 2. സിസ്റ്റർ ഈഡിത്ത്

—റവ. ഈ. ജെ. ചാക്കോ

മഹാസമുദ്രങ്ങളുടെ പരിധികൾ കടന്നു കഷ്ടങ്ങളോടും പ്രയാസങ്ങളോടും മല്ലിട്ടു തിരുവിതാംകൂറിലെ സ്ത്രീജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഊർജ്ജിതസേവനം നിർവഹിച്ചു തിരശീലയ്ക്കപ്പുറം മറഞ്ഞ ബഥേൽ ആശ്രമപ്രവർത്തകയായിരുന്ന സിസ്റ്റർ ഈഡിത്തിൻെറ ജീവചരിത്രം.

വില 2 രൂപാ

കോപ്പികൾക്കു ആവശ്യപ്പെടുക:—

മാനേജർ, സി. എൽ. എസ്.,
തിരുവല്ലാ.

CLS

**With And Without Christ**
Sadhu Sundar Singh
(Malayalam)
Price Rs. 2. 00

# ക്രിസ്തു സഹിതരും ക്രിസ്തു രഹിതരും



സാധു സുന്ദര സിംഗ്